# കളരി

പത്രാധിപർ:
എ. വി. എസ്. പണിക്കർ.

| പുസ്തകം 1 | 1955 ജൂൺ (മിഥുനം ലക്കം) | ലക്കം 12 |
|---|---|---|


## പത്രാധിപക്കുറിപ്പ്

"കളരി മാസിക" ഇതോടെ പന്ത്രണ്ട് ലക്കം പ്രസിദ്ധീകരിച്ചു. ഒരുകൊല്ലം തികഞ്ഞു. കളരികേന്ദ്രം പ്രവർത്തനങ്ങളിൽ ഇനി അടുത്തു് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നതു, കളരിയഭ്യാസപരിശീലനമാണ്. കേരളത്തിന്റെ അഭിമാനസമ്പത്തായിരുന്ന കളരിയഭ്യാസം, മനുഷ്യജീവിതകാലം മുഴുവൻ ഉപയുക്തമായ ഒന്നാണ്. ബാല്യദശയിൽ കുട്ടികളുടെ ശരീരത്തിന്നു് പലവിധമായ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരുന്നതു് സ്വാഭാവികമാണല്ലോ. ഭൂരിഭാഗം ബാലന്മാർക്കും പലവിധ രോഗങ്ങളും ഭാവിജീവിതകാലത്തിൽ ഇത്തരം ക്ലേശങ്ങളെകൊണ്ടു് ഉണ്ടാകുന്നു. വികൃതി സ്വാഭാവമുള്ള കുട്ടികൾക്ക് പലവിധത്തിലുള്ള വീഴ്ചഹേതുവാൽ ശരീരത്തിന്നു് കേടുവരുവാനിടയുണ്ടു്. ഇങ്ങിനെ നാനാപ്രകാരേണ ശരീരത്തിന്നനുഭവസിദ്ധമാകുന്ന അവശതകൾ പരിഹരിപ്പാനായി നമ്മുടെ പൂർവ്വികന്മാർ ഉപയോഗിച്ചുവന്നിരുന്ന ഒരു പദ്ധതിയാണ് കളരിയഭ്യാസത്തിലെ ആദ്യപാഠങ്ങൾ. ഉദ്ദേശം 9 മാസകാലത്തെ ഈ പരിശീലനംകൊണ്ടു് കുട്ടികൾ അരോഗദൃഢഗാത്രന്മാരാകുന്നു. തുടർന്നുകൊണ്ടുള്ള മറ്റു അഭ്യാസപരിശീലനം ഒരുവ്യക്തിക്ക് മേലിൽ ഏതാപത്തിൽനിന്നും സ്വ ആത്മരക്ഷക്ക് വേണ്ടിയുള്ള ഒരു ഉപാധിയായും തീരുന്നു. ഇങ്ങിനെ മനുഷ്യജീവിതത്തിന്നു അത്യന്താപേക്ഷിതങ്ങളായ ഇത്തരം ഉൽകൃഷ്ടപ്രവർത്തനങ്ങൾ അനവധി നൂററാണ്ടുകളായി അധഃപതിച്ച നാമാവശേഷമായിരിക്കുകയാണ്. ഇതിനെ അല്പമെങ്കിലും പുനരുദ്ധരിച്ചാൽ കൊള്ളാമെന്നുള്ള ഞങ്ങളുടെ ആഗ്രഹനിവർത്തിക്കുവേണ്ടി തൃശ്ശൂരിൽ ഞങ്ങൾ ഒരു കളരിയഭ്യാസപരിശീലനകേന്ദ്രം ആരംഭിച്ചിരിക്കുന്നു.

മൂന്നുകൊല്ലകാലമാണ് പരിശീലനകാലം നിശ്ചയിച്ചിരിക്കുന്നതു്. ഓരോകൊല്ലത്തിലും 9 മാസം പഠനസമയവും ശേഷം 3 മാസം ഒഴിവുമാണ്. 9 മാസത്തിൽ ഓരോ 3 മാസം ഓരോവിധത്തിലുള്ള അഭ്യാസങ്ങൾക്ക് സമയനിർണ്ണയം ചെയ്തിരിക്കുന്നു. ഇങ്ങിനെ പരിശീലനകാലം :9 മാസം അവസാനിച്ചാൽ 3 മാസം ഒഴിവും വീണ്ടും ആവർത്തിച്ചു 3 കൊല്ലം കൊണ്ടു് മെയ്യിറക്ക്, ചെറുവടി, കെട്ടുകാരി, പന്തീരാൻ, ഒററ, കാരി, കുന്തം, വാൾ, ഉറുമി എന്നീ 9 വിധത്തിലുള്ള അഭ്യാസങ്ങളുടെ 6 അടവുവീതം പരിശീലിപ്പിക്കണമെന്നു ഞങ്ങൾ ഉദ്ദേശിക്കുന്നു.

ഓരോ മൂന്നുമാസം കഴിയുമ്പോഴും ഞങ്ങളുടെ പരിശ്രമഫലങ്ങളെ "കളരി മാസിക"യിൽക്കൂടി പ്രസിദ്ധീകരിക്കുന്നതാണ്. ഒരു ത്രൈമാസികരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതുമാണ്.

# വിജ്ഞാപനം.

ശത്രുഭയം കൂടാതെ ഏതുരംഗത്തിലും ഏതുരാജ്യത്തും സഞ്ചരിക്കുവാൻ— സ്വശരീരത്തെ അരോഗദൃഢമാക്കിതീർക്കുവാൻ—ഏററവും ഉപയുക്തമായ കളരിയഭ്യാസം പരിശീലിപ്പിക്കുന്നതിന്നു കലാകേന്ദ്രത്തിൻെറ കീഴിൽ തൃശ്ശൂരിൽ ഇതാ 'ഒരു കളരി' ആരംഭിക്കുവാൻ പോകുന്നു. 1130 മിഥുനം 1-ാംനു- മുതൽ ഇതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാകുന്നു. 8 വയസ്സുമുതൽ 25 വയസ്സുവരെയുള്ള ഏതൊരാൾക്കും ഇതിൽചേർന്നു അഭ്യസിക്കാവുന്നതാണ്. പുറമെനിന്നുവരുന്ന വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുവാനുള്ള എല്ലാ സൌകര്യങ്ങളും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന്നും മററുള്ളവർക്ക് തങ്ങളുടെ തൊഴിലുകൾക്കും വിഘാതം വരാത്ത വിധത്തിൽ പരിശീലനസമയം പ്രഭാതവും സായം കാലവുമായിരിക്കും. വിശദവിവരങ്ങൾ ഓഫീസിൽ വന്നു അന്വേഷിക്കുകയും ഉടനെ അപേക്ഷകൾ അയക്കുകയും ചെയ്യുക. ആദ്യമാദ്യം കിട്ടുന്ന അപേക്ഷകൾക്ക് മുൻഗണന നൽകുന്നതായിരിക്കും.

"അന്വേഷിക്കുക" കലാകേന്ദ്രം ആഫീസ്സ്
പടിഞ്ഞാറെ നടക്കാവ് തൃശ്ശൂർ.

N B. അപേക്ഷ ഫാറവുംമററും ആഫീസിൽനിന്നും ലഭിക്കുന്നതായിരിക്കും.

എന്നു മാനേജർ.

# വരിക്കാരോട്.

നാളിതുവരെ "കളരി മാസിക" വരിക്കാരിൽ വരിസംഖ്യ ബാക്കിവെച്ചവരുണ്ട്. അവർ ഉടനെതന്നെ വരിസംഖ്യ അയച്ചുതന്നു ഞങ്ങളെ സഹായിക്കണമെന്നും മേലിൽ വരിക്കാരനാവേണമെന്നുദ്ദേശിക്കുന്നവർ മുൻകൂട്ടി വിവരം അറിയിക്കണമെന്നും അറിയിക്കുന്നു.

# കലാകേന്ദ്രം.

സ്വാമി ബ്രഹ്മവ്രതൻ.

തൃശ്ശൂരിലെ "കലാകേന്ദ്ര"വും അതിന്റെ മുഖപ്രസിദ്ധീകരണമായ "കളരി"യും ഉണ്ടായകാലംമുതൽ തന്നെ എന്റെ സവിശേഷമായ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തകന്മാരോടുള്ള പ്രത്യേക ബന്ധംമാത്രമല്ല, ആ സ്ഥാപനങ്ങളുടെ മുന്നിലുള്ള മഹത്തായ ലക്ഷ്യവും,അവയുടെ പിന്നിലുള്ള ബൃഹത്തായ ഉദ്ദേശശുദ്ധിയുടെ വ്യാപ്തിയും കൂടിയാണ് ആ ആകർഷണത്തിന്റെ പ്രേരകങ്ങൾ. എന്നിട്ടും ഇന്നോളം എന്തെങ്കിലും ഒന്നു കുറിച്ചയക്കുവാൻ എനിക്കു കഴിയാതെപോയി! 'കളരി'യുടെ പൂരം വിശേഷാൽപ്രതി വന്നുചേർന്നു വായിച്ചപ്പോഴാണ് എന്റെ കൃത്യവിലോപം എന്നെ ഉഗ്രമായി തുറിച്ചുനോക്കിയതു്. പയററുകളും, അതിന്റെ അടവുകളും ഒന്നുംതന്നെ അറിയാതെ കളരിയുടെ നാടായ കേരളത്തിൽ ജനിച്ചുവളന്ന എനിക്കു്, ആ നോട്ടപ്പാടിൽ അധികനേരം മൗനം ഭജിച്ചു നില്ക്കുന്നതു് ശരിയല്ലെന്നു തോന്നി. അങ്ങിനെയാണ് ഈ ലേഖനം അയക്കുന്നതു്.

കേരളം കലകളുടെ കേളികേട്ട കേദാരമാണ്. ഇവിടുത്തെ വളപ്പശിമയുള്ള മണ്ണിൽമാത്രം വളന്നവയും നശിച്ചവയും, വളരുന്നവയും വളരേണ്ടവയുമായി വ്യക്തിത്വവും മഹത്വവുമുള്ള എത്രയോ സുന്ദരകലാകല്പകങ്ങളുണ്ടു്. പുതുമയുടെ പുകക്കണ്ണാടി അവയെ നിർഭാഗ്യകരമാംവണ്ണം നമ്മിൽനിന്നു മറച്ചുകളഞ്ഞിരിക്കുന്നു. പഴമയുടെ മേൽ അജ്ഞതകൊണ്ടും അതിലുമധികം അശക്തതകൊണ്ടും ആവോളം അവജ്ഞവാരിയെറിയുന്ന ഉപരിപ്ലവമായ ഒരു വിഭാഗം ജനത, രമണീയമായ കേരളത്തിന്റെ, കലാഫലസമൃദ്ധമായ മണ്ണിന്റെ മഹത്വത്തിന്മേലും പഴമയുടെ പാഴ്മുദ്രകുത്തിക്കളയാൻ ശ്രമിക്കുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പക്ഷെ, ആവർത്തനപ്രകൃതിയുള്ള ചരിത്രം നമ്മോടുറപ്പിച്ചു പറയുന്നു, കേരളത്തിന്റെ അസ്തോന്മുഖമായ കലാനാഗരികത, ഇന്നു് ചൈതന്യമുള്ള ഒരു നവോത്ഥാന കാലഘട്ടത്തിലേക്കു് കാലുകുത്തിയിരിക്കുകയാണെന്നു്. തൃശ്ശൂരിലെ "കലാകേന്ദ്രം" അതിന്നൊരു തെളിവാണു്; "കളരി"യിൽനിന്നും നാം കേൾക്കുന്നതു് അതിന്റെ കാഹളാവാദനമാണ്.

എന്താണി കലയ്ക്കു് ഇത്രയൊരു പ്രാധാന്യം? മനുഷ്യസമുദായത്തിന്റെ മുഴുവൻ, വിശേഷിച്ച് കേരളീയജനതയുടെ സകലവിധ സാംസ്കാരികാഭിവൃദ്ധികളും കലയോടു സംബന്ധപ്പെട്ടു കിടക്കുന്നു. അതിനെ വേർതിരിച്ചൊരു ജീവിതം കേരളത്തിന്നും ഭാരതത്തിന്നുമില്ല. വിശാലമായ അർത്ഥത്തിൽ, ഋഷിനാടിന്റെ സകല ശാസ്ത്രങ്ങളും, വേദങ്ങളുംതന്നെ കലയാണെന്നു പറയണം. ഇവിടെ ജീവിതംതന്നെ പരമമായ ഒരു കലയാകുന്നു. "ശാസ്ത്രവും കലയും ജീവിതത്തിന്റെ ഭൃത്യരാണ; അതിന്റെ ഗൃഹത്തിൽ പിറന്നുവളന്ന രണ്ടടിമകൾ." എന്നു മഹാകവി ഇക്ബാലിന്റെ വാക്കുകൾ നാം ഇവിടെ ഓക്കേണ്ടിയിരിക്കുന്നു. ഭൗതികമായും അധ്യാത്മികമായുമുള്ള മനുഷ്യന്റെ യഥാർത്ഥ പുരോഗതിയാണല്ലൊ കലയുടെ അങ്ങേ അററത്തെ ലക്ഷ്യം. കായികവും മാനസികവുമായി അതിന്നു് മനുഷ്യന്റെ മേൽ ഒട്ടുവളരെ ആധിപത്യബലമുണ്ടു്. കേരളത്തിലെ, അതിപ്രാചീനങ്ങളായ കലാക്ഷേത്രങ്ങളെന്നു നിരാക്ഷേപം പറയാവുന്ന ഇവിടുത്തെ കളരികൾ, ഇന്നു് വീണു തകൻ പോയിരിക്കുന്നു എങ്കിലും, അവയുടെ വിശ്രുതങ്ങളായ മൺതറകൾ നിരക്ഷരഭാഷയിൽ അവയുടെ കായികമാനസികവ്യാപാരശക്തികളെ വ്യാഖ്യാനിക്കുകയാണ്. പ്രാചീനമായ സഹ്യാദ്രി ഖണ്ഡത്തിൽ ഒരിടത്തു്, അന്നത്തെ കേരളീയരെ പ്പരാമർശിക്കുമ്പോൾ, അവരുടെ ബാഹ്യാഭ്യന്തര സംസ്കാരസമ്പന്നതയെ രേഖപ്പെടുത്തിക്കാണുന്നു.

"ഈശ്വരാരാധനേരക്താഃ
ഭക്താഃയത്രസുസാധവാഃ
ജനാഃയത്രദാനശൂരാഃ
സംഗ്രാമാങ്കണഭൈരവാഃ
യോഗിനോയൽഗൃഹാന്തസ്ഥ
പേടികാരതദീപികാഃ"

ഈ ഭക്തിയും, സാധുത്വവും; ദാനശൂരത്വവും, സർവ്വോപരി സംഗ്രാമികണഭൈരവത്വവും തികഞ്ഞ രത്നദീപങ്ങളായ യോഗികളുടെ കലാമയമായ ജീവിതത്തിന്റെ നേപഥ്യം എന്തായിരുന്നു എന്നുള്ളതു് ചിന്താർഹമല്ലെ?

ഉറങ്ങിക്കിടക്കുന്ന നമ്മുടെ ഇച്ഛാശക്തിയെ തട്ടിയുണർത്തുകയും ധീരതയോടെ, എന്നു വച്ചാൽ സാക്ഷാൽ പൗരുഷത്തോടെ ജീവിതയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാൻ നമ്മെ സഹായിക്കയും ചെയ്യുന്ന ഏതോ അതാണ് ഏററവും ഉൽകൃഷ്ടമായ കല, നമ്മുടെ ആത്മാവിനെ മയക്കുകയും, അതിന്റെ പ്രചോദനശക്തങ്ങളായ കിരണകന്ദളങ്ങളെ മറയ്ക്കുകയും നമ്മുടെ പാവമുള്ള യാഥാർത്ഥ്യങ്ങളെ കാണാതാകുവാൻ നമ്മുടെ കണ്ണുകളടപ്പിച്ചു കളയുകയും ചെയ്യുന്ന കലാഭാസങ്ങൾ അപകൃഷ്ടതയുടെയും, നാശത്തിന്റെയും സന്ദേശവാഹികളാകുന്നു. മഹത്തായ ജീവിതത്തിൽനിന്നും അതിന്റെ സർവ്വതോമുഖമായ ശക്തിയിൽനിന്നും നമ്മെ വഞ്ചിച്ചു വലിച്ചകററാനുള്ള സമർത്ഥങ്ങളായ കണ്ടുപിടിത്തങ്ങളാണവ.

എല്ലാ കലകളുടെയും കാതൽ, പൗരസ്ത്യ തത്വശാസ്ത്രപ്രകാരം ആദ്ധ്യാത്മികമാകുന്നു.

ശാസ്ത്രവും കലയും സന്ധിയില്ലാത്ത സമരം ചെയ്തു വേർപിരിയുന്ന ചരിത്രം ഭാരതത്തിലോ കേരളത്തിലോ കാണുകയില്ല. അവ അന്തരാന്തരാസമാന്തരമായും, ഒന്നായും കൈകോർത്തുലാവുന്ന മനോഹരകാഴ്ചകൾ ഇവിടെ സുലഭമാണ്. വ്യക്തിപ്രഭാവമാണ് സർവ്വോപരി ഇവിടത്തെ കലാജീവിതത്തിന്റെ ഉറവിടം. വിശ്വമഹാകവി ടാഗൂർ പറയുന്നതു കേൾക്കുക:— "കലയിൽ മനുഷ്യൻ തന്നെത്തന്നെ പ്രകാശിപ്പിക്കുന്നു. സയൻസിൽ അവന്റെ വ്യക്തിത്വം അപ്രത്യക്ഷമായിരിക്കുന്നു. സൂര്യനെയും അഗ്നിയേയും ജലത്തെയും കുറിച്ചുള്ള വസ്തുതകളുടെ സമാഹാരം അസഹിഷ്ണുതയെ ജനിപ്പിക്കുന്നു. എന്നാൽ സൂര്യോദയത്തിന്റെ മനോഹാരിതയെക്കുറിച്ചുള്ള കലാസൃഷ്ടി (വർണ്ണനം) നമ്മുടെ അനശ്വരാഭിരുചിയെ ആവർജ്ജിക്കുന്നു. മനുഷ്യന്റെ വികാരങ്ങളുണർത്തുന്നതേതോ അതവന്റെ സ്വാനുഭൂതിയെ ഉയർത്തുന്നു, ഈ ആത്മാനുഭൂതിയാൽ മനുഷ്യനു് അവന്റെ വ്യക്തിഭാവത്തെ അറിയാൻ കഴിയുന്നു. എങ്ങിനെയാണ് വ്യക്തിഭാവത്തെ പ്രകടിപ്പിക്കേണ്ടതു്? ഒരു ശാസ്ത്രകാരൻ അപഗ്രഥനം കൊണ്ടും പര്യാവേക്ഷണം കൊണ്ടും തന്റെ പരിജ്ഞാനത്തെ വെളിപ്പെടുത്തുന്നതുപോലെ വ്യാഖ്യാനംകൊണ്ടും വസ്തു സ്ഥിതികഥനംകൊണ്ടും അതു സാധ്യമല്ല. ഒരുവനു് ഒരു പനിനീർപ്പൂവിനെക്കുറിച്ചു് തനിക്കറിയാവുന്ന സംഗതികൾ ലളിതഭാഷയിൽ വിവരിക്കുവാൻ കഴിഞ്ഞേക്കാം. എന്നാൽ ആ പനിനീർപ്പൂവു് അവനിലുണ്ടാക്കുന്ന അനുഭൂതിയെ പ്രകടിപ്പിക്കുക എന്നതു മറെറാരു കാര്യമാണ്. കലയുടെ പ്രാഥമികമായ ഉദ്ദേശം അങ്ങനെ തികച്ചും വ്യക്തിത്വപ്രകടനമാണ്; സൗന്ദര്യപ്രകാശനമല്ല. കലയിൽ അതു് ഒരുപകരണമെന്നല്ലാതെ അതിന്റെ അന്ത്യമായ പൂർണ്ണതയല്ല. ഐക്യത്തെ സംബന്ധിച്ച സിദ്ധാന്തമാണ് കലയുടെ സർവ്വപ്രധാനമായുള്ളതു്."

പാശ്ചാത്യ കലാകാരനും, പൗരസ്ത്യകലാകാരനും തമ്മിൽ ഈ വിഷയത്തിൽ ഗണ്യമായ വൈജാത്യം ഉണ്ടു്. പാശ്ചാത്യകലാകാരൻ മനുഷ്യന്റെ ആത്മാവിൽമാത്രം വിശ്വസിക്കുമ്പോൾ—പ്രപഞ്ചത്തിന്റെ ആത്മാവിൽ അജ്ഞനായിരിക്കുമ്പോൾ പൗരസ്ത്യകലാകാരൻ എല്ലാററിലും ആത്മാവിനെ ദർശിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്നു. അതിലാണ് അവന്റെ കലയുടെ മേന്മയും സൗന്ദര്യവും അന്യാദൃശതയും കിടന്നു് ഓളം വെട്ടുന്നതു്. സൗന്ദര്യം ഒരു പ്രകടനമാണു്; വസ്തുതയല്ല. അതു് ശാസ്ത്രത്തിന്നധീനമല്ല, അതീതമാണ്. സാക്ഷാൽ കല, നമ്മിൽ ഒളിഞ്ഞുകിടക്കുന്ന നമ്മളെ—വ്യക്തിയെ പരമോന്നതനും ഏകനും പൂർണ്ണനുമായ വ്യക്തിയുമായി രഞ്ജിപ്പിച്ചു്, രമിപ്പിച്ചു് കൂട്ടിയിണക്കുന്നു. ആ പരമാത്മാവു് വെറും വസ്തുതകളുടെ പ്രഭാരഹിതമായ ലോകത്തിന്നു പുറത്തുനിന്നു് അനന്തസൗന്ദര്യത്തിന്റെ ലോകത്തിൽ നമ്മുടെ ആത്മാവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. കലയ്ക്കുള്ള പ്രധാനമായ കഴിവും മികവുമൊക്കെ ഇത്രത്തോളമാണ്. ചുരുക്കിപ്പറഞ്ഞാൽ, കലകൾക്കൊന്നിനുംതന്നെ ആത്മസിദ്ധാന്താനുസാരിയായ തത്വജ്ഞാനീയത്തെ വേറിട്ടുനില്ക്കുവാൻ കഴിയുന്നതല്ല. ഉയർന്ന എല്ലാ കലാകാരന്മാരും ഒരുപക്ഷെ തത്വജ്ഞാനികളല്ലെങ്കിൽകൂടി തത്വചിന്തയുടെ ഉദ്ദീപ്തമായ നഭോമേഖലയിൽ വിഹരിക്കുന്നവരാണെന്നുള്ളതു് നിർവ്വിവാ

# ശിഷ്യനും മകനും

കുഞ്ഞിരാമൻ നായർ, നെല്ലായ.

ആധുനികകാലത്തു് മലയാളസാഹിത്യത്തിന്നു് അത്ഭുതാവഹമായ പുരോഗതിയാണുണ്ടായിട്ടുള്ളതു്. ആശാന്റെയും വള്ളത്തോളിന്റെയും നവീന പ്രസ്ഥാനങ്ങൾ പഴയകാലത്തിൽനിന്നു് തികച്ചും വിദൂരമായ ഒരു സ്ഥിതിയിലാണു് നിലകൊള്ളുന്നതു്. വെണ്മണിയും, പൂനവും, ചെറുശ്ശേരിയും പാലൂട്ടി താരാട്ടി വളർത്തിവന്ന കവിതാംഗന, കരളിൽ കുളിർ ചൊരിയുന്ന കുമാരിയായി മാറിയതു് ഇവരുടെ കാലഘട്ടത്തിലാണു്. വർണ്ണനയ്ക്കുവേണ്ടി പ്രകൃതിവസ്തുക്കളെ സമാശ്രയിക്കാതെ വ്യക്തികളെത്തന്നെ അംഗപ്രത്യംഗം വർണ്ണിച്ചുകാണിക്കാമെന്നും അതുവഴി വിജയം കൈവരിക്കാമെന്നും അവർ സോദാഹരണം തെളിയിച്ചുതന്നിട്ടുണ്ടു്.

“ശിഷ്യനും മകനും” വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങളിൽ ഭാവപുഷ്ടികൊണ്ടും രൂപഭദ്രതകൊണ്ടും ഏററവും മികച്ചുനില്ക്കുന്ന ഒരു കൃതിയാണു്. ഈ കാവ്യത്തിൽക്കൂടെ മഹാകവി ശിഷ്യനോ, മകനോ ഗുരുവിന്നു് അധികം പ്രാണനെന്നു് തുലനംചെയ്തു നോക്കുകയാണുണ്ടായതു്. പൌരാണിക ഭാരതീയ സംസ്കാരത്തിന്റെ താളുകൾ മറിച്ചുനോക്കുമ്പോൾ ശിഷ്യനും മകനും തുല്യാവകാശങ്ങളും അധികാരങ്ങളുമുള്ളവരായിരുന്നുവെന്നു് കാണാൻ കഴിയും. എന്നാലിതിൽക്കൂടെ വള്ളത്തോൾ ശിഷ്യനാണു് പ്രമുഖത കല്പിച്ചുകൊടുത്തിട്ടുള്ളതു്.

ഒരു നാൾ പരശുരാമൻ ഗുരുവിനെ കാണാൻ കൈലാസത്തിലേയ്ക്കു് ചെന്നു. ഭഗവാൻ വിശ്രമത്തിലാണെന്നും തല്ക്കാലം കാണാൻ സാദ്ധ്യമല്ലെന്നും പറഞ്ഞ ഗണപതിയെ കൂസാതെ ശിഷ്യൻ അകത്തുകടന്നു. ഉടനെ ഗണപതി ഒരു സംഘട്ടനത്തിന്നു് തയ്യാറായി. പരശുരാമന്റെ വെണ്മഴു ഗണപതിയെ ഏകദന്തനാക്കി. അമ്മക്കു് സഹിച്ചില്ല. ഭർത്തൃസന്നിധിയിൽ ആവലാതിയായി. അങ്ങിനെ അസുഖകരമായ ആ അന്തരീക്ഷത്തിൽ രാധാസമേതനായി ആഗതനായ ശ്രീകൃഷ്ണഭഗവാന്റെ മദ്ധ്യസ്ഥതയിൽ എല്ലാം സമംഗളം പര്യവസാനിക്കുന്നു. പേററുനോവനുഭവിക്കാതെ പാർവ്വതിക്കു് ഒരു പുത്രനേക്കൂടി ലഭിച്ചു. ഇതാണു് ശിഷ്യനും മകനിലേയും കഥാവസ്തു.

ബാഹ്യാന്തരപ്രകൃതിയെ വർണ്ണിച്ചു്, കാവ്യത്തിന്നു് ഓജസ്സും കലാസുഭഗതയും നല്കിക്കൊണ്ടാണു് ശിഷ്യനും മകനും പുരോഗമിക്കുന്നതു്.

> “വരജട, വിവിധാക്ഷമാല, മാന്തോൽ
> മരവുരി, സർവ്വശരീര ഭസ്മലേപം”.

എന്നിങ്ങിനെ പരശുരാമന്റെ തികഞ്ഞ ചിത്രീകരണം,

---

ദമാണു്. യഥാതഥമാത്രവാദികൾ അധികവും അന്തർമ്മുഖമായ യാഥാർത്ഥ്യത്തിന്റെ നേരേ കണ്ണടക്കുന്നവരാണു്. പ്രത്യക്ഷലോകത്തിലെ അംശകജീവിതം ഏററുമുട്ടുന്ന യാഥാർത്ഥ്യങ്ങൾ മാത്രമേ അവർ കാണുന്നുള്ളു. വികാരം, വിചാരം, ഭാവന എന്നിവയുടെ വിസ്മയകരങ്ങളായ വിശാല സാമ്രാജ്യങ്ങളിൽ വന്നു പൊങ്ങിക്കൊണ്ടിരിക്കുന്ന യാഥാർത്ഥ്യങ്ങളെ അവർ വർജ്ജിച്ചുകളയുന്നു.

അപ്പോൾ അഗാധവും, യൌക്തികവുമായ ചിന്തയിൽ, പാനത്തിൽ കലയുടെ കേന്ദ്രം, തികച്ചും അന്തർഭവമാണു്; ജീവിതം അതിന്റെ വിശാലമായ വിചാരശൈലിയിലുള്ള സുകുമാരമായ വ്യാഖ്യാനസമ്പത്തും.

ബാഹ്യാഭ്യന്തര സംസ്കാരപരിപോഷണത്തിന്നു വേണ്ടി, കേരളത്തിന്റെ ആശാധാരമായി, “കലാകേന്ദ്രമേ”, നീയും, നിന്റെ കരളായ “കളരി”യും നീണാൾ വിജയിച്ചാലും!

''അമലസുഷമനാമവങ്കൽയക്ഷ–
പ്രമദകരം സംസ്പൃഹ വീക്ഷണങ്ങളാലെ
കമലദലവിശാലമാല ചാർത്തി
സ്വമനസിതദ്വിധപുത്രലബ്ധിനേന്നം''

ഇത്രയും കൊണ്ടുതന്നെ വ്യക്തിത്വം വെളിപ്പെടുത്തുന്നുണ്ട്. ഇതുകൊണ്ടും കവി തൃപ്തിപ്പെടുന്നില്ല. കുലീനത, ധൈര്യം, ശൌര്യം എന്നിവയിലും പരശുരാമൻ അതീവ ആദർശവാനാണെന്ന് വിളിച്ചുപറയുന്ന വരികളും എത്രയോ ഉണ്ട്. കൈലാസത്തിലേയ്ക്കു് വരുന്ന പരശുരാമനെക്കണ്ടു്,

അവിടവിടെ മിഴിച്ചുനോക്കിനിന്നു,
വിവിധവിധചേഷ്ടിതർ പൌരരപ്പമാനെ,
സവിനയർ ചിലർ വായ്മറച്ചുകയ്യാൽ,
സവിധഗരോരുവിയാടൽ മെല്ലെയെന്നാൽ.
ഇരുവശവുമിരിയ്ക്കുവോരെണീററു
തെരുതെരെയദ്ധ്വഗർ മാറിനിന്നുദൂരാൽ
ഒരുതര ബഹുമാന ഭക്തിതിങ്ങി
തെരുവതു ഹന്ത നിതാന്ത ശാന്തമായി
പരിഘലളജനിവൻ വഹിച്ചചെന്തീ–
പ്പൊരി ചിതറം മഴകാൺകിലാർനടുങ്ങാ?

ആദ്ധ്യാത്മികമായും ഭൌതികമായും ഔന്നിത്യത്തിലേക്കെത്തിയ ആ ഭാർഗ്ഗവരാമന്റെ മുമ്പിൽ ഗണപതിയുടെ കഴിവുകൾ തികച്ചും നിഷ്പ്രഭങ്ങളായിപ്പോയി. ഒരു തപോജ്ഞാനിയുടെ നിലയിൽ പരശുരാമനോടു് വാദിക്കാൻ ഒരുമ്പെട്ട ആ ഗണപതിയെ,

''ഛീ, വക്രഗവൃത്തി തുടരുന്നതു് രാമനോടോ?'' എന്ന ഒററൊററ ചോദ്യത്തിൽക്കൂടെ മൂകനാക്കി മാററാൻ അദ്ദേഹത്തിനു് കഴിഞ്ഞു. ഗണപതിയുടെ പൌരുഷമെല്ലാം അവിടെ മണ്ണടിഞ്ഞു.

രക്താഭിഷിക്തനായി ഏക ദന്തനായികിടക്കുന്ന മകനേയും വിനയാനമ്രിതനായി ഒതുങ്ങിനില്ക്കുന്ന ശിഷ്യനേയും ശിവൻ വീക്ഷിയ്ക്കുന്ന ഭാഗം കവി വിവരിയ്ക്കുന്നതു് നോക്കുക.

തൃക്കാക്കൽ വീണിടിന ശിഷ്യനേയും
കൃത്താംഗനായ്ത്തീന്ന തനൂജനേയും
കാരുണ്യവാത്സല്യ കഷായമായ
കണ്ണാൽ നിരീക്ഷിച്ചു കലേശചൂഡൻ.

പക്ഷെ മറപുറത്തേക്കൊന്നു തിരിഞ്ഞു നോക്കു.

ഉടൻ മഹാദേവിയിടത്തുകയ്യാൽ
അഴിഞ്ഞവാർ പൂങ്കുഴലൊന്നൊതുക്കി
ജ്വലിച്ചകൺകൊണ്ടൊരു നോക്കനോക്കി
പാർശ്വസ്ഥനാകുംപതിയോടുരച്ചു.

എന്നാൽ ആ രൂപത്തിനും ''കിട്ടിലയോ ദക്ഷിണ വേണ്ടുവോളം'' എന്നു് തുടങ്ങിയ ചോദ്യാവലികൾക്കും ശിവനിൽ യാതൊരു ഭാവവ്യത്യാസവും സൃഷ്ടിക്കാൻ സാധിച്ചില്ല.

ശിഷ്യൻ പ്രവൃത്തിച്ചതു വീരധർമ്മം
സുതാംഗവൈകല്യമൊരുഗ്രശല്യം
സർവ്വജ്ഞനെന്നാലുമിതിങ്കൽന്യായം
തോന്നാഞ്ഞു ചിന്താവശനായ്മഹേശൻ.

പുത്രനേക്കാൾ ശിഷ്യനു് പ്രമുഖസ്ഥാനമെന്നു് ശിവൻ മനുതന്നെ തീരുമാനിച്ചതാണ്.

എല്ലായ്പ്പോഴും വ്രണത ശിഷ്യനു ദേശികങ്കൽ
ചെല്ലാം സ്ഥലം സമയമെന്നിവ നോക്കിടേണ്ട

എന്നു് ശിഷ്യനു് പറയാൻ തോന്നിച്ചതു് ഗുരുനാഥൻ അഭ്യസിപ്പിച്ചതിൽ നിന്നു മാത്രമാണ്. എങ്കിലും ഈ പ്രതിസന്ധിഘട്ടത്തിൽനിന്നു് രക്ഷപ്പെടാൻ മാർഗ്ഗം കാണാതെ ഇരിക്കുന്ന സന്ദർഭത്തിലാണ് രാധ,കൃഷ്ണന്മാരുടെ ആഗമനം. അടുത്തപടി ന്യായാധിപസ്ഥാനം അവരേറെറടുത്തു് വിധി ഇങ്ങിനെ പ്രസ്താപിച്ചു.

പരസ്പരം കുട്ടികൾ കാട്ടുകൂട്ടിയാ–
ലൊരമ്മയിതുക്കരിശപ്പെടാവതോ
ഹരങ്കലായ്ക്കേ ഭൃഗുസൂനു ശിഷ്യനാ–
യൊരന്നുതൊട്ടുണ്ണികൾ മൂവരായ്ത്തവ
നിനക്കന്നം പുത്രരിൽകീർത്തയായിയും
കനത്ത വാത്സല്യ മൊടിക്കു ലീനനെ
നിനക്കു ഗർഭപ്രവാദിപീഡയാൽ
മനം കലങ്ങാതെ ലഭിച്ച കുഞ്ഞിവൻ

ആ വിധിയാതൊരെതിർപ്പും കൂടാതെ സ്വീകരിക്കപ്പെട്ടു. മമതാ വിഷയത്തിൽ മകനിൽ നിന്നും ഒട്ടും വിഭിന്നനല്ല എന്നു് അങ്ങിനെ തെളിയിക്കപ്പെട്ടു.

ഗുരുശിഷ്യ ബന്ധത്തിന്റെ സമഗ്രമായ ഒരു വി

# ചുട്ടമനസ്സും തിളയ്ക്കുന്നവെള്ളവും.

(കെ. എസ്സ്. കെ. കഴിമ്പ്രം, സിങ്കപ്പൂർ.)

കടലിലേയ്ക്കിറങ്ങിനില്ക്കുന്ന ആ കൂററൻ പാറപ്പുറത്ത് വിദൂരതയിലേയ്ക്കുനോക്കിക്കൊണ്ട് അവൾ കുറേനേരമായി അങ്ങിനെ നില്ക്കുന്നു. അവളുടെ ഇളം ചുവപ്പുചേല അന്തിക്കാററിൽ പറന്നു കളിയ്ക്കുന്നുണ്ട്. ഒരു ചിത്രശലഭംപോലെ.

"അതുകണ്ടോ?" കുട്ടപ്പൻ ചൂണ്ടിക്കാട്ടി. "ചരിത്രം ആവർത്തിക്കുകയാണ്".

ഞങ്ങൾ ആ പാറയും കുറെ അകലെയുള്ള ഏഴ് അത്ഭുതകിണറുകളും കാണാൻ പോയതാണ്. 'കൊളമ്പി'ൽനിന്നും 199 നാഴികയകലെ സ്ഥിതിചെയ്യുന്ന ഒരു കൊച്ചുതുറമുഖ പട്ടണമാണ് രണ്ടാം ലോകമഹായുദ്ധത്തിൽ പേരെടുത്ത 'തൃക്കണാമല' (Trincomalle) ഇട കൊച്ചുനഗരത്തിന്റെ ഒരു മൂലയിൽ, നാലുഭാഗവും കടൽ ചുററിക്കിടക്കുന്ന ഒരു മലയിൽ എണ്ണൂറോളം അടി ഉയരത്തിൽ തലയെടുത്തു നില്ക്കുന്ന ആ ശിലകൂടത്തെ 'സ്വാമിപ്പാറ'യെന്നാണ് അന്നാട്ടുകാർ വിളിയ്ക്കുന്നത്. അതിന്റെ മുകളിൽ 'കോണേശ്വരം' കോവിൽ എന്നൊരു ക്ഷേത്രമുണ്ട്. ആട്ടിയിലൊരികൽ മാത്രം പൂജനടക്കുന്ന ഒരേകാന്തമായ ആലയം. ത്രിശൂലമാണ് അവിടത്തെ പ്രതിഷ്ഠ. പ്രതിഷ്ഠയുടെ ഇടത്തുവശത്തായി പാറയിൽ ഒരു വലിയ പിളർപ്പുണ്ട്. അതു സമുദ്രനിരപ്പുവരെയെത്തുന്നു—അത് രാവണൻ വാളുകൊണ്ടു വെട്ടിയതിന്റെ ഫലമാണെന്നു ചരിത്രം ഉൽഘോഷിക്കുന്നു.

ഈ പാറനില്ക്കുന്ന പ്രദേശത്തെ 'കോട്ട'യെന്നു വിളിച്ചുപോരുന്നു.

"താൻ പറഞ്ഞതിന്റെ അർത്ഥം?" ഞാൻ കുട്ടപ്പനോടു കുറച്ചുനേരത്തിനുശേഷം ചോദിച്ചു.

"അതൊരു പഴയ കഥയാണ്". അയാൾ സിഗററുകൊളുത്തിക്കൊണ്ടു പറഞ്ഞു. "നാമിപ്പോൾ കണ്ട ഏഴു കിണറും ഈ പാറയും തമ്മിൽ ഘടിപ്പിക്കുന്ന ഒരു പ്രണയകഥ".

അയാൾ ആ പാറപ്പുറത്തുനില്ക്കുന്ന പെൺകൊടിയെത്തന്നെ സൂക്ഷിച്ചുനോക്കികൊണ്ടുമൂകമായി ഇരുന്നു.

ഞങ്ങൾ കാണാൻപോയ ആ കിണറുകൾ ഒരു തരം അത്ഭുതങ്ങൾ തന്നെയാണ്. 'കോട്ട'യിൽനിന്നു 'അനുരാധപുര'ത്തേയ്ക്കു പോകുന്ന വഴിയിൽ മൂന്നാംനാഴികയിൽ 'കാണ്ടി'യിലേയ്ക്കുള്ള വഴി തിരിയുന്നു. അവിടെനിന്നു് ഒന്നരനാഴിക പോയാൽ ഇടത്തുഭാഗത്തേയ്ക്ക് വീതികുറഞ്ഞ ഒരു ചരൽ പാതതിരിഞ്ഞുപോകുന്നു. അതിലൂടെ രണ്ടുമൂന്നു വിളിപ്പാടു മുന്നോട്ടുപോയാൽ ഒരു വഴിയമ്പലവും, ഒരു സിംഹളീയന്റെ തകരമടിച്ച ചായക്കടയും കാണാം. അതി

---

വരണം അങ്ങിനെ ഈ ഖണ്ഡകാവ്യംവഴി വള്ളത്തോൾ സാഹിത്യലോകത്തിനു് സമ്മാനിച്ചു. ഒരുത്തമ ശിഷ്യനേയും മാതൃകാ പുരുഷനേയും പരശുരാമനിൽ കൂടെ വള്ളത്തോൾ ചിത്രീകരിച്ചു. അതിൽ തികച്ചും വിജയം നേടുകയും ചെയ്തു.

ആധുനീക ഭാരതീയ സാഹിത്യത്തിൽ പുരാണേതിഹാസങ്ങളിലെ കഥാപാത്രങ്ങളെ ആവിഷ്കരിച്ചുകൊണ്ടു് സാഹിത്യസേവനം സമാരംഭിച്ചതു് മഹാകവി രവീന്ദ്രനാഥടാഗോറാണ്. എന്നാൽ ആപ്രസ്ഥാനം മലയാള സാഹിത്യത്തിലെത്തിച്ചതു് വള്ളത്തോളാണ്. പുരാണകഥാപാത്രങ്ങളിൽ കൂടി വിപ്ലവാവേശം പോലും ഉണ്ടാക്കുവാൻ മഹാകവിയുടെ തൂലികക്ക് കഴിഞ്ഞിട്ടുണ്ട്.

വല്ലായ്മദേവകൾ പെടുത്തുവതും സഹിച്ചോ—
ന്നല്ലായിരുന്നു ഹഹ, ഭാരതപൂർവ്വരക്തം.

അങ്ങിനെ ശിഷ്യനും മകനും സാഹിത്യത്തിലും ജീവിതത്തിലും ഉൽകൃഷ്ടമായ ഒരു മൂല്യമുണ്ടെന്നു് തെളിഞ്ഞുകഴിഞ്ഞു.

ന്റെ മുററത്തു് ഒരു കൂററൻ അരയാൽ പന്തലിച്ചു നി ല്ക്കുന്നുണ്ടു്. അതിന്റെ ചോട്ടിൽ ഒരു ഹിന്ദുക്ഷേത്ര മാണു്. അതിന്റെ 18 അടി അകലെ 32 അടി നീ ളവും 22 അടി വീതിയും ഉള്ള ഒരു മതിൽക്കെട്ടുണ്ടു്. അതിന്നകത്താണു് ആ ഏഴു് അത്ഭുതക്കിണറുകൾ. 'കന്യ'യെന്നാണീ സ്ഥലത്തിന്നുപേർ.

ആ ഏഴുകിണറുകളിലേയും വെള്ളത്തിന്നു് ചൂട്ട ണ്ടു്. ഏററവും ചൂടു കുറഞ്ഞതിൽ കുളിയ്ക്കാം. ഏററ വും കൂടുതലുള്ളതു് തൊട്ടാൽപൊള്ളും. ഇതിലെ വെ ള്ളം പണ്ടു തിളച്ചിരുന്നുപോലും. പട്ടാളക്കാരായ വെള്ളക്കാർ കോഴിമുട്ട അതിലിട്ടു പുഴുങ്ങിയെടുത്തുവെ ന്നും അതോടെ തിളയ്ക്കൽ നിന്നുവെന്നുമാണു് ഐതിഹ്യം.

പ്രസ്തുത കിണറുകളിലെ വെള്ളം വററുകയില്ലെ ന്നതാണു് മറെറാരത്ഭുതം. പലരും പലതവണ ശ്രമി ച്ചിട്ടുണ്ടെങ്കിലും പരാജയമടയുകയാണുണ്ടായതു്.

അമ്മയുടെ ശേഷക്രിയയ്ക്കു് ഏഴുതരം വെള്ളം വേണം എന്ന വൈദികാജ്ഞയ്ക്കനുസരിച്ചു് രാവണൻ സ്വന്തം കൈകൊണ്ടു് മാന്തിക്കുഴിച്ചതാണത്രെ അവ!

"ഏയു് മൂപ്പരേ! ആ കഥയൊന്നുകേൾക്കട്ടെ." ഞാൻ കുട്ടപ്പനോടു ആവശ്യപ്പെട്ടു. സ്വപ്നമുണർന്ന പോലെ ഞെട്ടിത്തിരിഞ്ഞു അയാൾ എന്റെ മുഖത്തേ യ്ക്കൊന്നു സൂക്ഷിച്ചുനോക്കി. എന്നിട്ടു പതുക്കെ പറഞ്ഞു.

"ആ പാറയ്ക്കരികിൽ ഒരു ശിലാസ്തംഭമുണ്ടു്. പോകുന്നതിന്നുമുമ്പു് നമുക്കതു കാണാം. അതൊരു പ്രണയകഥയുടെ സ്മാരകമാണു്.

"250 കൊല്ലം മുമ്പാണു്. 1687ൽ ലന്തക്കാ ർക്കു് സിലോണിൽ പ്രാബല്യം ഉണ്ടായിരുന്നകാലം.

"ഈ പ്രദേശത്തു് തമ്പടിച്ചിരുന്ന ലന്തസ്സൈന്യ ത്തിലെ പ്രമാണിയായ ഒരു സേനാനിക്കു് അതിരൂപ വതിയായ ഒരു പുത്രിയുണ്ടായിരുന്നുപോലും. അവളു ടെ പേർ 'ഫ്രാൻസീനവാൻറിസ്' എന്നായിരുന്നു. യൌവ്വനയുക്തയായ അവൾ ഒരനഘസ്വപ്നംപോലെ ആ പട്ടാളത്തമ്പിൽ പാറിനടന്നുകൊണ്ടിരുന്നു.

"അവളുടെ കരം പലരും കൊതിച്ചു. അവളെ കാമിച്ചിരുന്നവരിൽ പ്രബലന്മാരായ പല സൈന്യാ ധിപന്മാരുമുൾപ്പെട്ടിരുന്നു. പക്ഷെ ഫ്രാൻസീനാ തന്റെ പ്രേമഭാജനമായി തിരഞ്ഞെടുത്തതു് ഒരു സാ ധാരണ പടയാളിയെയാണു്!

"പ്രകൃതിരമണീയമായി ഈ പാറയുടെ ചുററു മുള്ള വൃക്ഷത്തോപ്പുകളിൽ അവരുടെ പ്രണയം നിഗൂ ഢമായി തഴച്ചുവളർന്നു. നിലാവുള്ള ശാരദരാവുകളി ൽ അവർ ഈ സ്വർഗ്ഗഭൂമികളിൽ കൈകോർത്തുലാവി. ആ പട്ടാളക്കാരന്റെ സാന്നിദ്ധ്യത്തിൽ ഫ്രാൻസീന പരമാനന്ദനിർവൃതിയടഞ്ഞു.

"ആജ്ഞാലംഘനമെന്തെന്നറിഞ്ഞിട്ടില്ലാത്ത ഉഗ്രനായ സ്വന്തം പിതാവിനെ കബളിപ്പിച്ചു് അവ ൾ രാത്രികാലങ്ങളിൽ തന്റെ പ്രേമനാഥനേയുംതേടി ഈ പാറയ്ക്കരികിൽ വന്നിരുന്നുവത്രെ. അയാൾ അ വളേയും കാത്തു അവിടെ നില്ക്കും. തുടർന്നുനടക്കുന്ന പ്രണയനാടകത്തിന്നു് സാക്ഷികൾ ഈ ഉയർന്നപാറ യും പരന്ന കടലും മാത്രമായിരുന്നു!

"പെട്ടെന്നൊരുദിവസം ഇടിത്തീപോലെയൊരു വാർത്ത അവൾ കേട്ടു. തന്റെ കാമുകൻ സ്വദേശ ത്തേയ്ക്കു് മടങ്ങുകയാണെന്നു്. അയാളാകട്ടെ അവ ളോടു അതിനെപ്പററി ഒരക്ഷരം പറഞ്ഞതുമില്ല!

"അവൾ തുറമുഖത്തേയ്ക്കു കുതിച്ചു. പക്ഷെ അ വളെത്തുംമുമ്പെതന്നെ കപ്പൽ നങ്കൂരമിളക്കിക്കഴിഞ്ഞി രുന്നു. അതിന്റെ തട്ടിൽ അവൾ കണ്ടു തന്റെ കാമു കൻ മററുള്ളവരോടൊന്നിച്ചു മദിക്കുന്നതായിട്ടു്.

"ജീവിതത്തിലെ സർവ്വസ്വവും പേറിപ്പോകുന്ന ആ കപ്പലിനെ അവൾ കരയിലൂടെ വളരെനേരം പി ന്തുടർന്നു. പാറക്കെട്ടുകൾക്കും മുൾപ്പടർപ്പുകൾക്കുമിട യ്ക്കു നടന്നു അവളുടെ പാദങ്ങൾ മുറിഞ്ഞു ചോരയൊ ലിച്ചു. അവസാനം അവൾ ആ പാറപ്പുറത്തു്—"

—അയാൾ പാറപ്പുറത്തുനില്ക്കുന്ന പെൺകുട്ടിയു ടെ ശിലയെ ചൂണ്ടിക്കാട്ടിക്കൊണ്ടുതുടർന്നു:—

"ആ പെൺകുട്ടി ഇന്നും നില്ക്കുന്നതുപോലെ—നി ന്നുകൊണ്ടു തന്റെ കാമിതാവിനെ കണ്ണുനീരിലൂടെ യാത്രയാക്കി—അതാണു് ചരിത്രം ആവർത്തിക്കുകയാ

# ഹിന്ദുമതത്തിലെ മിഥ്യാവ്യവഹാരങ്ങൾ

(കണ്ണന്നത്ത് മാധവൻനായർ)

ലോകത്തിലെ എല്ലാ മതങ്ങളിലും, സർവ്വഥാ ജീവിതോൽക്കർഷദായകങ്ങളായ തത്വതത്വങ്ങളോടൊപ്പം അന്ധവിശ്വാസങ്ങളെ ഹൃദയത്തിലേക്കു കുത്തിക്കയററി മനുഷ്യത്വത്തെ അങ്ങെ അററംവരെ അധഃപതിപ്പിക്കുന്ന അസംഖ്യം ദുഷിച്ച നിയമങ്ങളും കാണാവുന്നതാണ്. മതതത്വങ്ങളുടെ വേഷമണിഞ്ഞ ഈ ദുർന്നിയമങ്ങൾ മതത്തിലേക്കു കയറിവന്നതു് അനന്തരകാലത്തു് ആവിർഭവിച്ച സ്വാർത്ഥപങ്കിലമാനസന്മാരായ പുരോഹിതന്മാരുടേയും അവരുടെ സിൽബന്ധികളുടേയും വ്യാഖ്യാനങ്ങൾ വഴിയായിട്ടാണത്രെ. വേദങ്ങളെ വ്യാഖ്യാനിക്കുകയാണെന്ന മട്ടിൽ അവയോടു് യാതൊരു ബന്ധവുമില്ലാത്ത കുറെ അസംബന്ധങ്ങൾ വാരിവലിച്ചു പറഞ്ഞു, ഇതൊക്കെത്തന്നെയാണ് വേദങ്ങൾ എന്നു പെരുമ്പറയടിച്ചു, ജനങ്ങളുടെ വിശ്വാസത്തെ ചൂഷണംചെയ്തു് പൌരോഹിത്യം ലാഭമെടുക്കുവാൻ തുനിഞ്ഞിരുന്നില്ലെങ്കിൽ മതം ഒരിക്കലും അശുദ്ധമായിപ്പോകുമായിരുന്നില്ല. പൌരോഹിത്യത്തിന്നു പിന്തുണയും ബലവും വർദ്ധിച്ചുവന്നപ്പോൾ അതു സമുദായത്തെ മർദ്ദിച്ചും ഭീഷണിപ്പെടുത്തിയും അന്ധവിശ്വാസങ്ങളിലേക്കു വലിച്ചിഴച്ചു കൊണ്ടുപോയിട്ടുമുണ്ടു്. ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കപ്പെട്ട ഇത്തരം അസംബന്ധങ്ങൾ പിന്നീടു് അവരുടെ ഹൃദയങ്ങളിൽ രൂഢമൂലമായിത്തീരുകയും യഥാർത്ഥമാണെന്നു ധരിച്ചു വശാവുകയും ചെയ്തു. ഇതാണ് ലോകത്തിലെ മിക്ക മതകലഹങ്ങൾക്കും ബീജാവാപം ചെയ്തതു്.

പരമപാവനമായ സനാതനമതത്തിൽ കടന്നുകൂടിയിട്ടുള്ളത്ര മിഥ്യാവ്യവഹാരങ്ങൾ മറെറാരു മതത്തിലുമില്ലെന്നു സവ്യസനം പറയട്ടെ. ബൈബിളിനോ ഖുർ–ആനോ ഉണ്ടായിട്ടുള്ള വിവരണങ്ങളേക്കാൾ എത്രയോ അധികം വ്യാഖ്യാനങ്ങൾ ഇതിന്നുണ്ടായി എന്നുള്ളതാണ് ഈ ദുരവസ്ഥക്കു കാരണം. വേദത്രയം സശ്രദ്ധം പഠിക്കുന്ന ഒരാൾക്കു ജനങ്ങളെ വഴിപിഴപ്പിക്കുന്ന യാതൊരു കുപ്രചരണങ്ങളും അവയിൽ കണ്ടെത്തുവാൻ കഴിയുന്നതല്ല. സത്യത്തിന്റെ പ്രകാശത്തിലൂടെ മനുഷ്യനെ മുന്നോട്ടു നയിക്കുകയല്ലാതെ അവ ഒരിക്കലും കാട്ടിലേക്കും പടലിലേക്കും വലിച്ചിഴക്കുന്നില്ല. വേദങ്ങൾക്കു മുമ്പു മുമ്പുണ്ടായ വ്യാഖ്യാനങ്ങളെ അപേക്ഷിച്ചു പിമ്പുപിമ്പുണ്ടായ വ്യാഖ്യാനങ്ങൾ തുലോം മോശങ്ങളായിത്തീർന്നിരിക്കുന്നു. ഉപനിഷത്തുക്കളും ആരണ്യകങ്ങളും അവയുടെ ശരിയായ വ്യാഖ്യാനങ്ങളാണ്. രാമായണവും ഭാരതവും അവയുടെ ഭാഷ്യങ്ങളാണ്. ഏതാനും പുരാണങ്ങളും വിവരണത്തിൽനിന്നു മുതലുണ്ടാക്കുവാൻ മിനക്കെട്ടിട്ടുള്ളതായിക്കാണുന്നില്ല. ഏററവും നവീനങ്ങളായ പുരാണങ്ങളിലാണ് ആകെ താളം പിഴച്ചിട്ടുള്ളതു്. അവ ബ്രാഹ്മണമേധാവിത്വത്തെ പുകഴ്ത്തുന്നു; ഭൂദേവന്മാർ ഈശ്വരകല്പരാണെന്നു പ്രഖ്യാപിക്കുന്നു; ഇതരസമുദായങ്ങൾക്കു വേദപാഠം നിരോധിക്കുന്നു. ഈ വേദവി

---

ണെന്നു് ഞാൻ പറഞ്ഞതു്".

"എന്നിട്ടു്?" ഞാൻ അക്ഷമയോടെ ചോദിച്ചു.

"അയാൾ സ്വദേശത്തെത്തുംമുമ്പേ അവളെ പരിപൂർണ്ണമായി വിസ്മരിച്ചിരിക്കും".

"അതല്ല—" ഞാൻ പറഞ്ഞു:— "അവൾക്കെന്തുപററി?"

"ആ പാറപ്പുറത്തുനിന്നും കീഴോട്ടു ചാടിയ അവളെ കടലിന്റെ തിരകൾ വിഴുങ്ങി!".

ഞാൻ കുറച്ചുനേരം മിഴിച്ചിരുന്നു. എന്റെ ചിന്ത ഭൂതകാലത്തിന്റെ പൊടിയണിഞ്ഞ പുറംകോലായകളിൽ ചുററിത്തിരിയുകയായിരുന്നു.

"അതിരിക്കട്ടെ—" ഞാൻ ചോദിച്ചു. "അവളും ഈ കിണറുകളുമായുള്ളബന്ധം?"

"അതോ—ഫ്രാൻസീന പണ്ടീ കിണറുകളിലാണത്രെ കുളിക്കാറുള്ളതു്. അവസാനമായി അവൾ കുളിച്ച കിണറുകളിലെ വെള്ളം അവളുടെ ഹൃദയവേദനയുടെ ചൂടുകൊണ്ടാണപോലും തിളച്ചുമറിയുന്നതു്!'

ഞാൻ ആ പാറക്കെട്ടിലേയ്ക്കു നോക്കി—അവിടെ നിന്നിരുന്ന ആ പെൺകൊടി പതുക്കെ പതുക്കെ കാലടി വെച്ചുകൊണ്ടു ഇറങ്ങിവരികയായിരുന്നു.

....*....

രോധം ബ്രാഹ്മണമേധാവിത്വത്തിൻെറ നിലനില്പിന്നു വേണ്ടി ഉണ്ടാക്കിയ നിയമമാണെന്നു വ്യക്തമല്ലേ? മററുള്ളവർ വേദങ്ങൾ പാഠിച്ചു അവയിലെ തത്വങ്ങൾ ശരിയായി മനസ്സിലാക്കിക്കഴിഞ്ഞാൽ തങ്ങളുടെ സ്വാർത്ഥത്തിന്നുവേണ്ടി പടുത്തുയർത്തിയ നിയമങ്ങളുടെ അടിത്തറ തകർന്നു തരിപ്പണമാവുമല്ലൊ.

ഹിന്ദുമതത്തിൻെറ പുനരുദ്ധാരണത്തിന്നുവേണ്ടി അനവധി മഹാത്മാക്കൾ തങ്ങളുടെ ജീവിതം ബലിയർപ്പിക്കുകയുണ്ടായെങ്കിലും ഇന്നും ഹിന്ദുസമുദായത്തിൻെറ ഇടയിലുള്ള, അന്ധവിശ്വാസങ്ങൾക്കും മിഥ്യാവ്യവഹാരങ്ങൾക്കും യാതൊരു കുറവും വന്നിട്ടില്ല. സനാതനമതത്തിൽ കരിപുരളുവാൻ തുടങ്ങിയതോടുകൂടി ഭാരതത്തിൽ വിജ്ഞാനത്തിൻെറപ്രകാശത്തിന്നും മങ്ങൽ തട്ടുവാൻ തുടങ്ങി. അജ്ഞാനവും മത്സരവും ദൌർബ്ബല്യവും സർവ്വത്ര പരന്നു. യാതൊരു നാട്ട് ലോകനന്മക്കുവേണ്ടി നിഷ്ക്കാമമായ കർമ്മം നടത്തിക്കൊണ്ട് 'ലോകാസമസ്താ: സുഖിനോ ഭവന്തു' എന്ന പാവനമന്ത്രം നിരന്തരം ഉരുവിട്ടുകൊണ്ട് തൻെറ ആദർശങ്ങളെക്കൊണ്ട് ലോകത്തിന്നാകെ വെളിച്ചം നൽകിയോ ആ ആർഷഭാരതം ക്രമത്തിൽ ക്രമത്തിൽ അന്ധകാരത്തിലേക്കു ആഴാൻ തുടങ്ങി. ഹിന്ദുക്കളുടെ ഐക്യമില്ലായ്മയും അടിമത്വത്തിന്നുമെല്ലാം അനന്തരകാലത്തു് ഇടയായിത്തീർന്നതു് ഈ വഴിപിഴച്ച പോക്കല്ലാതെ മറെറാന്നുമായിരുന്നില്ല. ഇനിയും സനാതനധർമ്മങ്ങളുടെ പ്രകാശമാനമായ മാർഗ്ഗത്തിലൂടെ നാം സഞ്ചരിക്കുന്നപക്ഷം ആ പ്രാചീനപ്രഭാവം വീണ്ടെടുക്കുവാൻ കഴിയുമെന്നുള്ളതിന്നു സംശയമില്ല.

'ഈശാവാസ്യമിദം സർവ്വം
യൽകാഞ്ചിൽ ജഗത്യാം ജഗത്
തേന ത്യക്തേന ഭുംജീഥ:
മാ ഗൃധ: കസ്യചിദ്ധനം'

എന്നുപദേശിക്കുന്ന മതത്തിൻെറ മുഖത്ത് കരിവാരിത്തേച്ചു സ്വാതന്ത്ര്യം അമൂല്യമായ മനുഷ്യായുസ്സിനെ നിഷ്പ്രയോജനമാക്കുകയും നീചകൃത്യങ്ങളിലൂടെ നരകക്കുണ്ടിലേക്കു വലിച്ചിഴക്കുകയും ചെയ്യുന്ന കാഴ്ച ഏതൊരു സംസ്കൃതചിത്തനേയാണ് വേദനിപ്പിക്കാത്തതു്? സമുദായത്തെ അധ:പതിപ്പിക്കുന്ന, ആർക്കും അറപ്പും വെറുപ്പും തോന്നിക്കുന്ന വ്യവഹാരങ്ങളിലേപ്പെട്ടു ഭൂമിക്കു ഭാരമായി ജീവിതം നയിക്കുന്ന അജ്ഞരായ സഹോദരന്മാരെ സമുദ്ധരിക്കേണ്ട ഭാരം വിദ്യാഭ്യാസം സിദ്ധിച്ചവരുടേയും സർവ്വത്ര ഭാവുകം ഉണ്ടാകണമെന്നാശിക്കുന്നവരുടേയും കർത്തവ്യമാണ്. കർത്തവ്യമാണ് എന്നിനി പറയേണ്ടതില്ലല്ലൊ.

മതത്തിൻെറ പേരിൽ ഇന്ത്യയിൽ അവിടവിടെ ആചരിച്ചുവരുന്ന ചില സമ്പ്രദായങ്ങളെപ്പററി കേട്ടാൽ ലവലേശം മനുഷ്യത്വമുള്ളവന്നുപോലും മനം പുരട്ടിത്തുടങ്ങും. ദേവീപ്രീത്യർത്ഥം നടത്തിവരുന്ന ''ഭൈരവീചക്രം' എന്നൊരുതരം ആരാധനാരീതിയെപ്പററി ചിലരെല്ലാം കേട്ടിരിക്കും. മനുഷ്യൻ തനി മൃഗത്തേക്കാൾ അധ:പതിക്കുന്ന സന്ദർഭം.

വടക്കെഇൻഡ്യയിൽ ദേവീഭക്തന്മാരുടെ ഇടയിൽ പോലീമാർഗ്ഗികൾ, ബീജമാർഗ്ഗികൾ എന്നിങ്ങനെ രണ്ടു തരക്കാരുണ്ട്. ഇതിൽ പോലീമാർഗ്ഗികൾ മേൽപ്പറഞ്ഞ ആരാധനാദിവസം വല്ല വിജനപ്രദേശങ്ങളിലോ ഭൂമിക്കടിയിലോ ഒരു പ്രത്യേകസ്ഥാനം സജ്ജീകരിക്കുന്നു. ഏകദേശം സന്ധ്യാസമയമാകുമ്പോഴേക്കും എല്ലാവരുടേയും അച്ഛന്മാരും, അമ്മമാരും, ഭാര്യമാരും, പുത്രികളും, പുത്രന്മാരും, ആൺകുട്ടികളും, പെൺകുട്ടികളും അവിടെ സമ്മേളിക്കുന്നു. മദ്യവും മാംസവും മൂക്കററപ്പം തട്ടിവിട്ടു തലക്കു ലക്കില്ലാതാകുമ്പോൾ ഏതെങ്കിലും ഒരു സ്ത്രീയെ നഗ്നയാക്കിനിത്തി ദേവിയാണെന്നു സങ്കല്പിച്ചു എല്ലാ പുരുഷന്മാരും അവളുടെ ഗുഹ്യേന്ദ്രിയത്തെ പൂജിക്കുന്നു. മററുള്ള പൂജകൾക്കെന്നപോലെ ദീപം, ധൂപം, പൂവ്, സുഗന്ധസാമഗ്രികൾ എന്നിത്യാദികളെല്ലാം ഇതിന്നുമുണ്ട്. പൂജ പകുതിയായാൽ അവൾക്ക് 'ദുർഗ്ഗാ' എന്നു നാമകരണം ചെയ്യുന്നു. എല്ലാം കഴിഞ്ഞു മണിയടിച്ചു ഉടനെ പ്രധാന പൂജാരി ഒരു ശംഖെടുത്തു ഏഴുപ്രാവിശ്യം വിളിക്കുന്നു. ഉടനെ എല്ലാ സ്ത്രീകളും മുന്നോട്ടു വന്നു അവരുടെ ജാക്കററും ബ്ലൌസ്സുമെല്ലാം ഊരി ഒരു വലിയ കുടയിൽ നിക്ഷേപിക്കയായി. എല്ലാവരുടേയും ഈ പ്രവൃത്തി അവസാനിപ്പിച്ചാൽ ഉടനെ പുരുഷന്മാരെല്ലാം എഴുന്നേററു കുടയിൽനിന്നു ഓരോ ജാക്കററെടുക്കുന്നു. അതാതു ജാക്കററുകളുടെ ഉടമസ്ഥകളായ സ്ത്രീകൾ മുന്നോട്ടുവന്നു് അതെടുത്ത

(ശേഷം 13-ാംപേജിൽ)

ചെറുകഥ

# "കുസൃതിക്കുട്ടകൾ"

യു. എം. സീതി.

"വരൂ, മിസ്റ്റർബേബി! എന്റെ വീട്ടിലേക്കു വരില്ലേ?"—രാമചന്ദ്രൻ തന്റെ സ്നേഹിതൻ ബേബിയെ ക്ഷണിക്കുകയാണ്. ഈ ക്ഷണനം പലപ്പോഴും ആവർത്തിച്ചിട്ടുണ്ട്. അന്നെല്ലാം, ബേബി, സ്നേഹസമേതം നിരസിക്കുകയാണുണ്ടായത്.

"നാളെവരാം"

"തീർച്ചയാണോ?"

"തീർച്ച. നിങ്ങളവിടെ ഉണ്ടായിരുന്നാൽ മതി"—

"ഓ! ഞാനുണ്ടായിരിക്കും. നാളെ 'ഹോളിഡെ' അല്ലേ? എപ്പോഴാ വരും?"

"വൈകുന്നേരം"

"വഴി മുൻപ് പറഞ്ഞുതന്നിട്ടുണ്ടല്ലോ? അറിയില്ലേ?"

"അറിയാം"

ആ സുഹൃത്തുക്കൾ അന്യോന്യം വേർപിരിഞ്ഞു. ബേബി, തന്റെ റൂമിലേക്കു സാവധാനം ഗമിക്കയാണ്. അയാളുടെ മസ്തിഷ്ക്കത്തിലൂടെ എന്തെല്ലാമോ പാഞ്ഞുംകൊണ്ടിരിക്കുന്നു.

മനോഹര ചിന്തകൾ! ചിന്ത അയാളുടെ കൂടപ്പിറവിയാണ്!! ജീവിതത്തോടു പോരാടി........നിരാശപ്പെടാതെ........അയാൾ മുന്നോട്ടു ഗമിക്കുന്നു........

സുഹൃത്തിന്റെ സ്നേഹവതിയായ ഭാര്യ............ അവളെപ്പററി ഭർത്താവ് പറയുക എന്തൊരാത്മാർത്ഥതയോടെയാണ്...............ശാന്ത, അവളുടെ മകൻ ബേബി........ഈ ശാന്ത എവിടത്തുകാരിയാണ്?.......

"ഓ! അതെന്തിനു ഞാനറിയുന്നു. ഷെയിമ്" അയാൾ അതു ചോദിച്ചിട്ടില്ല.

എന്തെല്ലാമോ അയാൾ ഓർക്കുകയാണ്............ ഭൂതത്തെ വർത്തമാനത്തിലേക്കു കൊണ്ടുവരികയാണ്... ആ ഏടുകൾ ഒന്നൊന്നായി മറിയുകയാണ്........ആ കളകൂജനം ചെകിട്ടിൽ പ്രതിധ്വനിക്കയാണ്.

സിസ്ത്ഫോം: ഹൈസ്കൂൾ ജീവിതത്തിലെ ഒരു മനോഹര അദ്ധ്യായം, എഴുതിച്ചേർത്തു. ബേബിയുടെ വളർച്ചയും തളർച്ചയും അന്നാണുണ്ടായത്....

ഒരു മനുഷ്യസ്നേഹി വളർന്നുവരികയാണ്........ പുരോഹിതന്മാരുടെ നാറിപ്പുളിച്ച ഏടുകളെ കഥകൾ മുഖേന പൊതുജനദൃഷ്ടിയിൽ നിരത്തി. മതത്തിന്റെ ക്രൂരമ്പ് അയാളുടെ നേരേയും എയ്തു. പള്ളിയിൽ നിന്നും പുറത്താക്കി. ആ മനുഷ്യസ്നേഹി അതിനെ സ്വാഗതംചെയ്തു. ആ ക്രൈസ്തവയുവാവ് മനുഷ്യമതത്തെ വിഭാവനംചെയ്തു. അതിന്നുവേണ്ടി തന്റെ ജീവിതംതന്നെ അർപ്പിച്ചിരിക്കയാണ്........

സ്കൂളിൽ എല്ലാവർക്കും ബഹുമാനമാണ്, ഇഷ്ടമാണ്. പക്ഷെ ചില തെമ്മാടികൾക്കതത്ര രസിച്ചില്ല. എങ്ങിനെ എങ്കിലും ബേബിയെ വഷളാക്കണം. അതിന്നുള്ള കുതന്ത്രങ്ങൾ, അവർ, ആലോചിച്ചു.

അയാൾക്ക് ഒരു ഉററ സുഹൃത്തുണ്ട്; ഹൃദയം തുറന്നു സ്നേഹിച്ച ചങ്ങാതി. അതെല്ലാവർക്കും അറിയാമായിരുന്നു. സ്കൂളിലെ 'റൌഡി' സെററമായി ആ സുഹൃത്ത് അടുക്കാൻ തുടങ്ങി. അവർ, അവനെ തങ്ങളുടെ പിടിയിലാക്കി.

ബേബിയുടെ ക്ലാസ് 'കംമ്പയി'നാണ്. സഹോദരീസഹോദരന്മാരെപ്പോലെ ക്ലാസിലെ കുട്ടികളെ സ്നേഹിക്കുന്നു.

ഒരു പുതിയ സുഹൃത്ത്, ബേബിയുടെ കൂട്ടുകാരനായി. തൻെറ ആദർശവുമായി പൊരുത്തപ്പെടുന്ന ഉയരുന്ന മനുഷ്യൻ.

ഓ! ഒരുപാട് ദിനങ്ങൾക്ക ശേഷമാണ്, ബേബി, അതറിഞ്ഞതു്. തൻെറ ക്ലാസിലുള്ള ശാന്ത ആ പുതിയ സുഹൃത്തിൻെറ സഹോദരിയാണ്. ഇതു പഴയ സ്നേഹിതന്നൊരു കാരണമായി. അവൻ ആ റൌഡിസെററുമായി ച്ചേർന്നു; ബേബിയേയും സുഹൃത്തിനേയും തെറിപറയുവാൻ തുടങ്ങി........

അവർ നാട്ടിൽ പറഞ്ഞുപരത്തി. ബേബിയും ശാന്തയും പ്രേമമാണ്. ശാന്തയുടെ സഹോദരനാണ എഴുത്തുകൾ കൈമാറുന്നതു.

നാട്ടിലാകെ പാട്ടായി. ബേബിയെ കാണമ്പോൾ ആളുകൾ പൊട്ടിച്ചിരിക്കും.

ശാന്തയുടെ വീട്ടുകാർ ഇതറിഞ്ഞു........ അവർ കലികൊണ്ടു. ഈ പ്രേമമെന്നതു കട്ടവായൊ മററൊ ആണെന്നവർ വിധിച്ചു. അവളുടെ പഠിപ്പുനിർത്തി. അതോർത്തിട്ട് അയാൾ പലപ്പോഴും ദുഃഖിക്കാറുണ്ട്.

ബേബി പത്താംക്ലാസ് പാസ്സായി. ഉദ്യോഗാർത്ഥം പല സ്ഥലങ്ങളിലും ചുററിത്തിരിഞ്ഞു. കൊല്ലങ്ങൾ നാലഞ്ചു കഴിഞ്ഞു.

മദ്രാസിൽ ഒരു ക്ലാർക്കിൻെറ ജോലി അയാൾക്ക ലഭിച്ചു, തന്നോടൊപ്പം തന്നെയാണ രാമചന്ദ്രനേയും നിയമിച്ചതു.

രാമചന്ദ്രൻ പുഞ്ചിരിച്ചു. അയാളും പുഞ്ചിരി തൂകി. രണ്ടുപേരും മലയാളികളാണ. അവക്ക് ആശ്വാസമായി. സംസാരിച്ചു. നാടിനെപ്പററി; മണമുള്ള മലയാളത്തെപ്പററി; കേരനാടിനെക്കുറിച്ച്; അതോടെയാണ രാമചന്ദ്രൻ വിവാഹിതനാണെന്നും ഒരു കുട്ടിയുടെ അച്ഛനാണെന്നും അറിഞ്ഞതു്.

ഈ ശാന്ത തൻെറ ഓർമ്മക്കായി ബേബി എന്നു മകനു പേരിട്ടതായിരിക്കുമോ? അയാൾ സംശയിക്കുകയാണ്. എത്ര ശാന്തമാരുണ്ട്; ബേബിമാരുണ്ട്. വേണ്ടാത്ത ചിന്തകൾ. ഒന്നു തീർച്ചയാണ. ശാന്തയുടെ നിർബന്ധമാണ കുട്ടിക്ക് ബേബി എന്നു പേരിടാൻ കാരണമെന്നു രാമചന്ദ്രൻ പറഞ്ഞതോർക്കുന്നു.

"എന്തായാലും നാളെ പോകാം" അയാൾ തീരുമാനിച്ചു.

പിറേറന്നു്.

വൈകുന്നേരം അയാൾ പുറപ്പെട്ടു. അവിടെ എത്താറായി. ആ ദമ്പതിമാർ സംസാരിക്കുകയാണ്. ഒന്നരവയസ്സു പ്രായംതോന്നിക്കുന്ന 'ആ കുസൃതിക്കുട്ടക്ക' അവരുടെ ഇടയിലുണ്ട്. ബേബി അതെല്ലാം കാണുന്നു. അയാൾ അടുത്തു. ആ സ്ത്രീ അകത്തേക്കു പോയി. രാമചന്ദ്രൻ ബേബിയെ സ്വാഗതംചെയ്തു.

"മോനേ, ബേബി" ആ പിതാവ് കുട്ടിയെ വിളിക്കുകയാണ. കുട്ടിവന്നു. അയാൾ കുട്ടിയോട്ട് ചോദിച്ചു:

"ഇദ്ദേഹത്തെ അറിയുമോ?"

"വരൂ, ബേബി! ഇങ്ങുവന്നേ," ബേബി കുട്ടിയുടെ കൈപിടിച്ചു. കുട്ടി കരയുകയാണ്.

അതാ അകത്തുനിന്നൊരു കിളിക്കൊഞ്ചൽ.

"മോനേ, ബേബി, പൊയ്ക്കോളു! മോൻെറ പേരുകാരൻതന്നെയാണ്" ആപരിചിതസ്വരത്തെപ്പററി അയാൾ ഓർമ്മിക്കുകയാണ. എവിടെനിന്നോ കേട്ടിട്ടുണ്ട്

ആ മനോഹര ദാമ്പത്യത്തെപ്പററി അയാൾ ചിന്തിക്കുകയാണ്. എന്തൊരു ശാന്തത! എന്തൊരു സംഗീതം.... എന്തൊരു യോജിപ്പ്!

കാപ്പികഴിച്ചു. അയാൾ കുട്ടിയെ സൂക്ഷിച്ചു നോക്കുകയാണ.... പരിചയമുള്ള മുഖം അയാളാക്കുട്ടിയിൽ കാണുന്നു.

"എന്താ, ഈ വഴിക്കൊന്നു വന്നാൽ?" അകത്തുനിന്നൊരു ചോദ്യം.

"ഏയ്! ഒന്നുമില്ല. സമയമില്ല."

"ഓ! സമയണ്ടാകില്ല. വലിയ ചിന്തകനാണെന്നു തോന്നുന്നു." അതാ പ്രത്യക്ഷപ്പെടുന്നു. ആ മുഖം അയാൾ കാണുന്നു.....പരിചയമുള്ള മുഖം....അയാൾ ഞെട്ടുന്നു. എല്ലാം എല്ലാം വ്യക്തമാകുകയാണ്........അതേ ആ ശാന്തതന്നെ........അധികനേരം അവിടെ നില്ക്കാൻ ധൈര്യമില്ല. അയാൾ എഴുന്നേററു. സ്നേഹിതനോട്ട യാത്രപറഞ്ഞു.

എനി ഒരിക്കലും ആ വീട്ടിൽ പോകയില്ലെന്ന യാാം ശപഥം ചെയ്തു. ആ ദാമ്പത്യം തകക്കാൻ അ യാളാഗ്രഹിക്കന്നില്ല....എല്ലാം എല്ലാം അയാാം പാറി ക്കകയാണ്....ലോകത്തെപ്പററി....കാലചക്രം തിരിയു ന്നതിനെപ്പററി....

....**....

## ഹിന്ദുമതത്തിലെ മിഥ്യാവ്യവഹാരങ്ങാം

(10-ാംപേജിൽ നിന്നു തുടച്ച്)

പുരുഷന്മാരുമായി പേച്ചുത്താടാൻ തുടങ്ങുകയായി. ആ സമയം അമ്മയെന്നോ സഹോദരിയെന്നോ, പു ത്രവധുവെന്നോ ഒന്നുമുള്ള നോട്ടമേയില്ല. ചിലപ്പോാം ഈ പൈശാചികതാണ്ഡവം ദാരുണമായ രക്തപ്രള യത്തോടുകൂടിയാണ് അവസാനിക്കാറ്. രാവിലെ ക്ഷീണിച്ചുവലഞ്ഞ ദേവീപ്രസാദം കിട്ടിയെന്ന ചാരി താത്ഥ്യത്തോടെ എല്ലാവരും അവരവരുടെ വീട്ടിലേ ക്ക പോകുകയും പിന്നെ പണ്ടത്തെ മട്ടിൽ പെരുമാറു കയും ചെയ്യുന്നു. ബീജമാഗ്ഗികളാകട്ടെ സ്ത്രീപുരുഷ ന്മാരുടെ സംയോഗത്തിനുശേഷം വീഴ്യം ജലത്തിൽ കലക്കി കുടിക്കുന്നു. ഇവരെയെല്ലാം പിശാചുക്കളെ ന്നു വിളിച്ചാൽ അതു പിശാചുക്കാംക്കും അവമാനകര മാണ്.

ചില ദിക്കിൽ ദേവീപ്രീത്യത്ഥം സ്ത്രീ പുരുഷന്മാ ർ അന്യോന്യം മല മൂത്രാദികളും അശിക്കാറുണ്ടെന്ന് കോംക്കുമ്പോാം ഓക്കാനം വരുന്നു അല്ലേ? എന്നാൽ അതു യഥാത്ഥമാണ്. ഈ വിവരണം കുറെ കടന്നു പോയെന്നു വായനക്കാർ വിചാരിച്ചേക്കാം. എന്നാ ൽ പരമാത്ഥം എല്ലാവരും അറിയേണ്ടതാണല്ലൊ?.

കേരളത്തിലെ കൊടുങ്ങല്ലൂർ ഭരണിയാത്ര ഇതി ലൊക്കെ എത്രയെത്ര ഭേദമാണെന്നോ! ആഭാസകര ങ്ങളായ പാട്ടും താളവും നാട്യവുമാണ് ഭരണിക്കാക്കു പ്രാധാന്യം. അവർ എത്ര തന്നെ കുടിച്ചാലും പാടിയാ ലും അമ്മയെ അമ്മയായും സഹോദരിയെ സഹോദ രിയായും മാനിക്കുകതന്നെ ചെയ്യും. ഗവമ്മേണ്ടിന്റെ ദ്രഷ്ടി കുറച്ചു കാലമായി പ്രസ്തുത മൃഗീയാചാരങ്ങളി ലേക്കു പതിഞ്ഞിട്ടുണ്ടെങ്കിലും വലിയ പരിവത്തന മൊന്നും വന്നുകഴിഞ്ഞിട്ടില്ല.

(തുടരും)

# പുരോഗതിയിൽ.

(ടി. കെ. പി. പണിക്കർ)

ചേലെഴം യൗവനാരാമത്തിലേയ്ക്കിതാ
കാലൂന്നുവാൻ തുനിയുന്നുമജ്ജീവിതം,
സഗ്ഗമഹാത്ഭുതസൽക്കലാവൈഭവം
സ്വഗ്ഗീയമാമീമനോഹരാനുഗ്രഹം!
എന്നിൽക്കവിതപകത്തുവേ, കാണുന്നൊ-
ന്നൊന്നിലുമെപ്പൊഴുമെങ്ങും കവിതകാം!

ജീവിതത്തിന്റെ വസന്താഗമത്തില-
ബ്ഭാവിയിലാളുന്ന വേനലോക്കാതെ ഞാൻ
ആനന്ദഗാന വിലോലനായെപ്പൊഴും
മോഹനഭാവനാനന്ദനവാടിയിൽ
ചിത്രശലഭം കണക്കെ നിരന്തരം
തത്തിപ്പറന്നാസ്വദിച്ചു മധുരിമ.
അഞ്ചിതസൌരഭമെങ്ങും പൊഴിച്ചുനൽ-
പുഞ്ചിരിതൂകിലസിയ്ക്കും സുമങ്ങളിൽ
സഞ്ചിതകൌതുകം മൂളിമൂളിപ്പറ-
ന്നെഞ്ചിതഭൃംഗമലയാൻ തുടങ്ങയായ്.

എന്നന്തരംഗത്തിനില്ലൊരുവേലയും
സുന്ദരസ്വപ്നങ്ങാം നെയ്യുകയെന്നിയെ
എന്നെയുമെൻചുററുപാടുംമറന്നുഞാൻ
മുന്നോട്ടു മുന്നോട്ടു മന്ദം ഗമിയ്ക്കയാം.

കവിത

# മധുവും മാലയും.

ചന്ദ്രൻ ചേലാട്ട്.

താരകൾ വിരിഞ്ഞെങ്ങും,
പൂത്തിരികത്തുംപോലെ;–
ആരാവിൻ മടിത്തട്ടിൽ
മേദിനിയുറങ്ങുമ്പോൾ
നീല നീലമാം വാനിൽ
ജീവനായ് പൊന്നമ്പിളി
പൂനിലാപ്പൂപ്പുഞ്ചിരി
തൂകിട്ടുമൊരു നാളിൽ,
ആരുനീയനുജത്തി
കേഴുന്നതെന്തീവിധം
ആരോമലാളേ, നിന–
ക്കാനന്ദമെന്നൊന്നില്ലേ?
നിശ്ശബ്ദമന്ദസ്മേരം
തൂകുമീരാവിൻമദ്ധ്യേ–
നിസ്തുലേ കണ്ണീരുമായ്
കാത്തിരിപ്പതുമാരെ?
സൌന്ദര്യം പുഷ്പിച്ചീടും
ശ്യാമളാലയത്തിങ്കൽ
സൌരഭ്യം പരത്തീടും
ലില്ലിപ്പൂവിനെപ്പോലെ,
ശൂന്യമാമിരവിന്റെ
ആട്ടുതൊട്ടിലിൽകൊച്ചു
കന്യകേ, നീയ്യെന്തിനായ്
കേണു കാത്തിരിക്കുന്നു?
നോക്കുക! സഖാക്കളെ,
ആരോമലാരാണെന്നോ–
നമ്മുടെമലനാട്ടിൻ
കൊച്ചു പൂങ്കരളല്ലേ?
പൊന്നോമൽസഖാക്കളേ!
കേഴുവതാരാണെന്നോ–
കൊന്നപ്പൂപൂക്കുംനാട്ടിൻ
ജീവനാം കിനാവല്ലേ?
അക്കഥകുറിക്കാനായ്
തൂലികേ ചലിയ്ക്കുനീ;–
കണ്ണീരിൻ കഥയൊന്നു–
ഞാനിനികുറിക്കട്ടെ!!

*　　*　　*　　*

ആറുകളാഹ്ലാദിച്ചു
മണലിൻ മടിത്തട്ടിൽ
ആശയാലതിവേഗം
പുഞ്ചിരിച്ചൊഴുകുന്ന,
അരളിപ്പൂവ്വു, മരി–
മുല്ലയും മന്ദാരവും
നീരാളപ്പൂവ്വും, ചെമ്പ–
നീരലർപൂന്തോട്ടവും
നീലക്കാറൊളിമിന്നും
വാനവു, മതിൽപാറം
വാനംപാടിയും കൊച്ചു
കുരുവിക്കൂട്ടങ്ങളും;
നിസ്തുലസൌന്ദര്യത്തിൻ
നിർമ്മലസൌരഭ്യത്തിൻ
നിഷ്കളങ്കാനന്ദത്തിൻ
നിത്യസൌഭാഗ്യംപോലെ,
ആ കൊച്ചുഗ്രാമത്തിന്റെ
ചേതനയുണർത്തുന്ന
മക്കളാണിവ ഗ്രാമ–
ഭംഗിതൻ പുന്നാരങ്ങൾ!
മണ്ണിന്റെമാറിൽ നിത്യം
ചോരനീരൊഴുക്കുന്ന
മണ്ണിന്റെ മക്കൾവാഴും
നാടാണ, തവിടത്തിൽ,

ഐശ്വര്യം തുളുമ്പുന്നി-
തെക്കിലുമന്നാട്ടിലെ
കർഷകൻനിത്യം നീറി-
നീറിക്കൊണ്ടിരിക്കുന്നു!

പാടത്തിൻ പുന്നാരങ്ങൾ,
പാവങ്ങളാമവർ നിത്യം-
പാട്ടുമായ്കഴിയുന്ന
പാട്ടുകളല്ലേ കേൾപ്പൂ?

അന്നാട്ടിലൊരുനാളിൽ
അദ്ധ്വാനഗാനത്തിന്റെ
പുന്നാര പൂമ്പൈതലായ്
മാലയും പിറന്നുപോയ്!

മണ്ണിന്റെ മണമോലും
മാധുരിയുമാർന്നിട്ടും
നൃത്തവുമാടിമാല-
വർഷങ്ങൾ പിന്നിട്ടല്ലോ!!

ചന്ദ്രലേഖയിലേറി
നർത്തനം തിമർത്തീടാൻ
സാന്ദ്രഗീതവുംപാടി
വാനിലേക്കുയരുവാൻ;

തോന്നുമായുവത്വത്തിൻ
തേനോലും വനികയിൽ
തേടിക്കൊണ്ടലഞ്ഞവൾ
താലോലിച്ചീടാൻ വെമ്പി!!

ആരെയാണെന്നോ! പ്രേമ
ജീവിതമർപ്പിച്ചീടാൻ
ധീരനായിട്ടുമൊരു
താരുണ്യത്തിടമ്പിനെ!!

നാലുനാൾകഴിഞ്ഞില്ല
മധുരവും മനോജ്ഞയാം
മാലയുമൊന്നായ്,ചേർന്ന്
തങ്ങളിലാശ്ലേഷിച്ചു!

* * * *

വിസ്തൃതമാകുംവയ-
ലേലതൻ വരമ്പത്തു
നിർവൃതിയുമാർന്നുകൊ-
ണ്ടന്നവർ സമ്മേളിച്ചു,

താലോലിച്ചാശ്ലേഷിക്കാൻ
തോന്നിടും തൈത്തെന്നലിൽ
ആലോലം ചലിക്കുന്ന
ലില്ലിപ്പൂക്കളപോലെ,

രാഗലോലയായ് കൊച്ചു-
റാണിയായ് ദേവീമാല
മധുവന്നാവേശമായ്
ധീരമീവിധംചൊല്ലി:

"ഇക്കാണും വയലിന്റെ
പുന്നാരപ്പൂനെല്ലെല്ലാം
ഇക്കാണുമദ്ധ്വാനത്തിൻ
പൊൽക്കതിരെല്ലാംതന്നെ,

മണ്ണിന്റെ മക്കൾക്കല്ലേ,
നാളത്തെപ്രഭാതത്തിൽ
വിണ്ണുതീക്കുവോരതു
നേടിടുംമാലേ, തീർച്ച!

പോകുകയാണെന്നിന്റെ
മാനസേശനും ധീരം
പോരടിച്ചീടാൻ മണ്ണിൻ
മക്കളോടൊപ്പംതന്നെ!!

നിറതോക്കൊഴിച്ചീടാം
ചോരപ്പട്ടാളംപക്ഷെ
ധീരരായന്ത്യംവരെ
പോരടിച്ചീടും ഞങ്ങൾ!"

* * * *

കേട്ടുകാണണം നിങ്ങൾ
എൻനാട്ടിൻഹൃദയത്തിൽ
കാട്ടുതീ പടർത്തിയ
മർത്ത്യന്റെ രണാഹ്വാനം!

ആനാളിലാണീനാട്ടിൽ
ആർത്തലച്ചലറിക്കൊ-
ണ്ടാവേശമോടെ നാട്ടാർ
ആയുധമെടുത്തതും!!

പീരങ്കിമുഴക്കങ്ങൾ!-
മുന്നേറും മനുഷ്യന്റെ
ധീരമാംപ്രതിജ്ഞകൾ!-
സമരം ജയിക്കുന്നു

ചെറുകഥ

# അങ്ങിനെ ചിലതും നടക്കുന്നു

## കാറളം ടി. ആർ. ശങ്കുണ്ണി

ഒരു ഞെട്ടലോടെയാണ് അന്നാട്ടുകാർ ആ വാർത്തയെ സ്വീകരിച്ചത്. എങ്ങിനെ ഞെട്ടാതിരിക്കും? "ഇന്നലെ സന്ധ്യക്കുകൂടി അതിലെപോയ അവനങ്ങു മരിച്ചുവെന്നുപറഞ്ഞാൽ?........" കുഞ്ഞുലക്ഷ്മിയമ്മ മൂക്കത്തു വിരൽവെച്ചു പറഞ്ഞു. അല്ലേലും, ഒരു തെമ്മാടിയായിരുന്നെങ്കിലും, സ്നേഹമുള്ളവനായിരുന്നു.... കെട്ടോ....കഷ്ടം! അവനങ്ങുപോയല്ലോ........പലക്കും പലതരത്തിലായിരുന്നു അഭിപ്രായം. എങ്ങിനെയായാലും വേണ്ടില്ല. സംഭവം നടന്നതു വാസ്തവമായിരുന്നു...........

അങ്ങിനെ ആ സുപ്രഭാതം ഒരു ഭയങ്കരവാർത്തയുംകൊണ്ട് അന്നാട്ടുകാരെ വിളിച്ചുണർത്തി...........
"രാഘവൻ തൂങ്ങിമരിച്ചു........"

"ഒരു കൊച്ചുതെമ്മാടി നാടുനീങ്ങിക്കിട്ടി........ വല്ല പെണ്ണുങ്ങളേയും കിട്ടാതെയായിരിക്കും........!— രമണന്റെ പിൻഗാമി........!" തേംവാലൻ മീശ മിനുക്കിക്കൊണ്ട് മൈനർമാർ പറഞ്ഞു.

അല്ല: എങ്ങിനെ പറയാതിരിക്കും? സ്ഥലത്തെ പ്രധാന റൗഡിമാരുടെ സ്ഥിരം പ്രസിഡണ്ടായിരുന്നു അയാൾ. മുച്ചീട്ടുകളിയിൽ അന്നാട്ടുകാരുടെ ആശാനായിരുന്നു അയാൾ. ഇരുപത്തൊന്നുവയസ്സേ ആയിട്ടുള്ളുവെങ്കിലും അവനെപ്പോലെ നന്നായി കുടിക്കാനാവുന്നവർ അന്നാട്ടിലുണ്ടായിരുന്നില്ല. അവനറിഞ്ഞുകൂടാത്ത വേലത്തരമില്ല. ലോകത്തിലെ സഭ്യേതരമായ എന്തിലും രാഘവന്റെ മുൻകൈ ഉണ്ടായിരിക്കുമെന്ന് പറഞ്ഞാൽ അതിശയോക്തി തെല്ലും കലരാത്ത ഒരു പരമാർത്ഥമായിരുന്നു അത്. ആ രാഘ

---

മാലതൻ മനതാരിൽ
മായാത്തൊരാവേശത്തിൻ
മാധുര്യംവളർത്തിയാ—
മാകന്ദപ്പൂവുപുഷ്പം;
ഞെട്ടറ്റുനിപതിച്ചു
പോയിയാസമരത്തിൻ
ചെമ്മണ്ണിൽ;—മധുവെന്നും
മർത്ത്യരിൽ ജീവിയ്ക്കുന്നു!!

*   *   *   *

താരകൾ വിരിഞ്ഞെങ്ങും
പൂത്തിരികത്തുംപോലെ;—
ആരാവിൻ മടിത്തട്ടിൽ
മേദിനിയുറങ്ങുമ്പോൾ,
ശൂന്യമാമിരവിന്റെ
ആട്ടുതൊട്ടിലിൽ കൊച്ചു-
കന്യകേ നീയ്യെന്തിനായ്
കേണുകാത്തിരിക്കുന്നു?
നിശ്ശബ്ദ മന്ദസ്മേരം
തൂകുമീരാവിൻമദ്ധ്യേ
നിസ്തുലേ,കണ്ണീരുമായ്
കാത്തിരിപ്പതുമാരെ?
നോക്കുക! സഖാക്കളേ,
ആരോമലാരാണെന്നോ
നമ്മുടെ മലനാട്ടിൻ
കൊച്ചു പൂങ്കരളല്ലേ?
പൊന്നോമൽ സഖാക്കളേ,
കേഴുവതാരാണെന്നോ
കൊന്നപ്പൂ പൂക്കും നാട്ടിൻ
ജീവനാം കിനാവല്ലേ?

വരാനാണ് വിധിമറിച്ചതു്. അതിലാരുണ്ടു് സഹതപിക്കാൻ...........?

ഇതൊന്നുമല്ലാതെ ലക്ഷ്മിയെപ്പററി എനിക്കു ചില കാര്യങ്ങൾ പറയാനുണ്ടു്. വെറും ആരോപണങ്ങൾക്കും കുററപ്പെടുത്തലിനും മാത്രം അവകാശപ്പെടാവുന്ന ഒരു പ്രവൃത്തിയും അവൾ ചെയ്തിട്ടില്ലെന്നുള്ളതാണതു്. ആരോപണങ്ങളുടേയും തെററിദ്ധാരണകളുടേയും മാറാലനീക്കിക്കളഞ്ഞാൽ മനുഷ്യസ്നേഹത്തിൻെറ മുദ്രാവാക്യമേററുപാടുന്ന ഒരു കൊച്ചുഹൃദയത്തെ അവളിൽ കാണാം. ഒരുപക്ഷെ, മാർദ്ദവമുള്ളവയെ സ്നേഹിക്കുകയും പരുപരുത്തതിനെ തിരസ്കരിക്കുകയും ചെയ്യുന്ന ലോകത്തിനു് അതത്ര രസിച്ചെന്നുവരികയില്ല. പക്ഷെ, ഞാനേററവും സ്നേഹിക്കുന്ന ഒരു വ്യക്തിയെന്നനിലക്കു്, നിങ്ങളെല്ലാവരും സ്നേഹിക്കേണ്ട ഒരു ഹൃദയത്തെപ്പററി ഞാനല്പം പറയുന്നതു് ഒരിക്കലും ഒരു അധികപ്പററാവുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ചരിത്രത്തിൻെറ താളുകൾ ഇരുപത്തഞ്ചു വർഷങ്ങൾ പിന്നോക്കം മറിച്ചിടുമ്പോൾ നിങ്ങൾക്കൊരു കഥ കാണാം.

യൗവനം മുററിത്തഴച്ചുനില്ക്കുന്നു. താരുണ്യം യൌവ്വനത്തിൻെറ വസന്തോത്സവമാഘോഷിക്കുന്ന ഒരു യുവതിയായിരുന്നു അന്നു ലക്ഷ്മി. സാമാന്യം ഭേദപ്പെട്ട ഒരു തറവാട്ടിലെ മണിദീപമായിരുന്നു അവൾ. അച്ഛൻ ഒരു പെൻഷൻ പോലീസായിരുന്നു. കേശവമേനോൻ!

ലക്ഷ്മിയുടെ സഹോദരൻ ശേഖരപ്പണിക്കർ അന്നാട്ടിലെ ഒരു നാട്ടുപ്രമാണിയായിരുന്നു. അച്ഛൻെറ വീര്യവും തറവാടിൻെറ മഹിമയും അമ്മയുടെ വിനയവും ഒരു 'ഘനമുള്ള മനുഷ്യനെ' അയാളിൽ വാർത്തുവിട്ടിട്ടുണ്ടായിരുന്നു.

പലതും നടക്കുന്ന കൂട്ടത്തിൽ അന്നതു നടന്നു. ജീവിതം പൂത്തും കായ്ച്ചും അടർന്നും വിടർന്നും സൌരഭ്യം പരത്തിക്കടന്നുപോയപ്പോൾ ലക്ഷ്മിക്കൊരു കളിത്തോഴനെകിട്ടി—മോഹനൻ!

അന്നാരും അതറിഞ്ഞിരുന്നില്ല. മോഹനനെ കണ്ടപ്പോൾ—ആദ്യമായി അവർ കണ്ടുമുട്ടുകയാണു്—അവളാകെ പരിഭ്രമിച്ചുപോയി. വെളവെളുത്ത—വിനമിനത്ത കാലുറ....! എണ്ണമററ ഹൃദയരഹസ്യങ്ങളെ വെളിയിലുവിടാതെ അടക്കിപ്പിടിച്ചുകൊണ്ടു് വെളുത്ത ശരീരത്തിൽ പററിപ്പിടിച്ചുകിടക്കുന്ന മഞ്ഞസിൽക്കുഷർട്ടു്....!....ആകെ—അദ്ദേഹം അടുത്തുവരുമ്പോൾ ഒരു മണം! അവൾ അമ്പരന്നുനിന്നു! എങ്കിലും അവളൊന്നുകൂടി അയാളെ നോക്കി. വാടാത്ത ഒരു പുഞ്ചിരി ആ ചുണ്ടുകളിൽ കളിയാടുന്നു. എരിയുന്ന ഒരു സിഗരററ് അതിന്മേൽ പററിപ്പിടിച്ചിരിക്കുന്നുണ്ടു്. കറുത്തുമുററിയ വരയൻ മീശയിൽ വെളുത്തരണ്ടു വിരലുകൾ മന്ദമന്ദം ഇഴഞ്ഞിഴഞ്ഞു നീങ്ങുന്നു......അങ്ങിനെ........അങ്ങിനെ........അതായിരുന്നു മോഹനൻ........!! അവൾ നാണിച്ചു തലതാഴ്ത്തി............

അങ്ങിനെ മോഹനനും ലക്ഷ്മിയും പരസ്പരം അടുത്തു. സൌവർണ്ണകാന്തിചിന്നുന്ന പ്രഭാതങ്ങളും വെള്ളിവെളിച്ചം വീശുന്ന പകലുകളും കനകക്കസവുധരിപ്പിക്കുന്ന സായംസന്ധ്യകളും ആ യുവമിഥുനങ്ങളെ ആശീർവ്വദിച്ചു കടന്നുപോയി............

പക്ഷെ അതൊന്നുമല്ല കുഴപ്പം........കുറച്ചു മാസങ്ങൾകൂടി കഴിഞ്ഞാൽ........? ഉം, എന്താലക്ഷ്മീ.....? ആളുകൾ പിറുപിറുത്തു തുടങ്ങി........എരിയുന്ന ചിന്തകളും, പുകയുന്ന കണ്ണുകളും, നീറുന്ന വിചാരങ്ങളും, സംശയിക്കുന്ന വികാരങ്ങളും അവളെ ചുണ്ടിനിന്നു. പക്ഷെ ബുദ്ധിയുള്ള കേശവമേനോനും ബോധമുള്ള ശേഖരപ്പണിക്കരും അതുകൊണ്ടൊന്നും കലുങ്ങിയില്ല. നാലുചെവി കേൾക്കുന്നതിനുമുൻപു്—ലക്ഷ്മിയുടെ കരളലിയിക്കുന്ന കണ്ണുനീരിനുപോലും വഴിമാറിക്കൊടുക്കാതെ, അന്തസ്സോടെ, അഭിമാനത്തോടെ, ഞൊടിയിടസമയംകൊണ്ടു് അവരൊരു വരനെ തേടിപ്പിടിച്ചു് സംബന്ധംനടത്തി. ഒരുപക്ഷെ അതു തറവാടിൻെറ മാനം നേടാനായിരിക്കുമോ?........

അങ്ങിനെയാണു് ശങ്കരൻനായർക്കു് ലക്ഷ്മിയെ അവകാശപ്പെടാൻ അവസരമുണ്ടായതു്. അയാളവളെ ഹൃദയംതുറന്നു സ്നേഹിച്ചു. കരളിൻെറ കരളായി—ആത്മാവിൻെറ ആത്മാവായു് സ്നേഹിച്ചാരാധിച്ചു ഹൃദയത്തോടടുക്കിപ്പിടിച്ചുകൊണ്ടു—തേനൂറുന്ന വാക്കുകളിൽ കാപട്യമേശാത്ത ആ പുരുഷ ഹൃദയം മധു

വിധുവിന്റെ ബാലപാഠമുരുവിട്ടപ്പോഴും കറാളതയു ടേയും വഞ്ചനയുടെയും കേദാരമായ ആ സ്ത്രീഹൃദയം എന്തുകൊണ്ട പൊട്ടിത്തെറിച്ചില്ല?.........അദ്ദേഹത്തി ന്റേതല്ലാത്ത ഒരു ബീജം അവളുടെ ഉദരത്തിൽ രൂപം കൊണ്ടിരുന്നുവെന്ന് പാവം ശങ്കരൻനായർ അറി ഞ്ഞിരിക്കുമോ?........

ലക്ഷ്മി പ്രസവിച്ചു. തങ്കക്കുടംപോലെയുള്ള ഒരു ഓമനക്കുട്ടനെ. പക്ഷെ വയററിൽവെച്ചുതന്നെ അ തിന്റെ ജീവൻ വിധി അപഹരിച്ചിരുന്നു. വിവാ ഹം കഴിഞ്ഞതിന്റെ എട്ടാം മാസത്തിൽ പ്രസവിച്ചു വെന്ന അപവാദം ഒരുപക്ഷെ ശങ്കരൻനായർ സഹി ക്കുമായിരിക്കാം—പക്ഷെ........നാട്ടുകാർ പറഞ്ഞുപര ത്തുന്ന ഈ കുശുകുശുപ്പ്........അതിലയാൾക്ക് കണ ക്കററ് രോഷമുണ്ടായിരുന്നു.

വെക്കേഷനു് മദിരാശിയിൽനിന്നും തിരിച്ചെ ത്തിയ മോഹനനെ അഭിമുഖീകരിച്ച സംഭവവികാ സങ്ങളായിരുന്നു ഇവ. അയാൾ കരഞ്ഞില്ല—പരി ഭവം പറഞ്ഞില്ല—ഞെട്ടിയില്ല—ചുളിയില്ല. ജീവി തം മുഴവൻ കൈക്കുമ്പിളിലാക്കി മോന്താൻ വെമ്പി നിന്ന ഭംഗിയുള്ള ചുണ്ടുകളിൽ ഒരു മന്ദഹാസം പൊ ടിച്ചുയർന്നു........ഒരു പൊള്ളുന്നചിരി............!

മോഹനൻ ലക്ഷ്മിയെകണ്ടു. പണ്ടത്തെ ലക്ഷ്മി യല്ല—ശങ്കരൻനായരുടെ ഭാര്യ....! അവളുടെ വിട ന്നകണ്ണുകൾ നിറഞ്ഞു. സുഗന്ധം പരത്തുന്ന ഒരു കൈ ലേസെടുത്ത് മോഹനൻ ആ കണ്ണീർ തുടച്ചു.

അവൾ ചെയ്തുപോയ തെററ് ഒരിക്കലും മാപ്പി നർഹമല്ലെന്നു് തികച്ചും അവൾക്ക് ബോദ്ധ്യമുണ്ടാ യിരുന്നു. അവൾ മുട്ടിത്തിരിഞ്ഞു. തന്റെ കരളിനു സമം സ്നേഹിക്കുന്ന ശങ്കരൻനായർ........തന്റെ ഭർ ത്താവ്........താൻ ഏററവും അധികം സ്നേഹിക്കുന്ന മോഹനൻ........! തന്റെ കാമിതാവ്........! ഒരു കുഴഞ്ഞപ്രശ്നം! അലിയിക്കാനോ സ്വയം അലിഞ്ഞു ചേരാനോ കഴിയാത്ത ഒരു ബന്ധം........! അവസാ നം അവൾ തീർച്ചയാക്കി, ഒരു കപടനാടകമാടുവാ ൻതന്നെ. ഒന്നു ചീഞ്ഞതിന്റെ വളത്തിൽ ഒന്നു തളി ർക്കുവാൻ........'വലിയവരുടെ വാശി'ക്കുമുമ്പിൽ നി ശ്ശബ്ദം കീഴടങ്ങിയ ആ കുഞ്ഞരിപ്രാവ് ഒരു 'പെൺ കഴുക'നാവാൻതന്നെ തീരുമാനിച്ചു........മോഹനന്റെ ചുണ്ടിൽ ഒരു ചിരിപരന്നു....ആ പൊള്ളുന്ന ചിരി....!

കയ്പും മധുരവും കണ്ണുനീരും കദനവും വേദനയും പുഞ്ചിരിയും കടിച്ചുതുപ്പി നാളുകൾ അടർന്നടർന്നു വീണുപോകവേ ലക്ഷ്മി വീണ്ടും ഗർഭംധരിച്ചു.

സത്യസന്ധരും വിശ്വസ്തരുമായ അയൽപക്ക ക്കാർ വെറുതെ ഇരുന്നില്ല. അല്ലെങ്കിലെന്തിനു, അ വരാ പുതിയ സംസാരത്തിനു വഴിവെച്ചുകൊടുത്തു ലക്ഷ്മിയും....മോഹനനും?........

"അങ്ങുമാത്രം എന്നെ തെററിദ്ധരിക്കാതിരുന്നാ ൽമതി. നാട്ടുകാരെന്തും........" അവളുടെ മുഴുവനാ ക്കിയില്ല.

"ഇല്ല ഓമനെ. നീ എന്റേതാണ്, എന്റേതു മാത്രമാണ്. ഈ ഉററതും ദൈവീകവുമാണ് നമ്മൾത മ്മിലുള്ളബന്ധം. അങ്ങിനെതന്നെ ഇരിക്കും. അവളെ മാറത്തടക്കിപ്പിടിച്ചുകൊണ്ടു് ശങ്കരൻനായർ പറഞ്ഞു. കണ്ണീരൊഴുകി നനഞ്ഞ അവളുടെ കവിളിൽ പരിശു ദ്ധസ്നേഹത്തിന്റെ ഒരു മുദ്ര അയാൾ സമ്മാനിച്ച പ്പോൾ കരാളതയുടെ പുളിപ്പ് ഒരുപക്ഷെ അയാൾ ക്കനുഭവപ്പെട്ടിരിക്കാം........? അയാളുണ്ടോ അറിയു ന്നു, അവൾ അഭിനയിക്കയായിരുന്നുവെന്നു്........

ലക്ഷ്മി പ്രസവിച്ചു. ഒരാൺകുട്ടിതന്നെ. നാട്ടു കാർ പലതുംപറഞ്ഞു. പലതുംപറയട്ടെ.

കാലചക്രം ത്വരിതഗതിയിൽ സംഭവങ്ങളെ പിന്നിട്ട തിരിഞ്ഞുപോയി.

പെട്ടെന്നാണ് അതു സംഭവിച്ചതു്. നാടാകെ പടർന്നുപിടിച്ച കോളറയിൽപെട്ടു് ശങ്കരൻനായർ മൃതിയടഞ്ഞു. നിരാധാരരായ ലക്ഷ്മിയും കുഞ്ഞും അ വരുടെ ഏക സഹോദരന്റെനേരെ സഹായത്തിന്നി രന്നുചെന്നു. പക്ഷെ—വിടർന്ന കണ്ണോടെചെന്ന അവളെ, നിർദ്ദയം അയാൾ നിറഞ്ഞ കണ്ണോടെ തിരിച്ചയച്ചു. തറവാടിന്റെ മാനം വിറവതിന്നുവ ത്രെ! രണ്ടുതുള്ളി കണ്ണുനീർ ചുമലിൽ ഉറങ്ങിക്കിടന്നി രുന്ന കുഞ്ഞിന്റെ തുടയിൽ പതിച്ചു........അവളുടെ ജീവിതം ശരിയോ തെറോ എന്നു വിധികല്പിക്കേണ്ട

ലോകത്തിന്റെ വിരിമാറിൽ രണ്ടുകുടം കണ്ണുനീർ ചൊരിഞ്ഞതുപോലെ........!

അങ്ങിനെ രാഘവനും ലക്ഷ്മിയും ആ കൊച്ചു വീട്ടിൽ താമസമാക്കി.

എന്തൊക്കെപറഞ്ഞാലും ആരും നിഷേധിക്കാൻ സാദ്ധ്യമല്ലായിരുന്നു. കാരണം, മോഹനന്റെ തനി സ്വരൂപമായിരുന്നു രാഘവൻ........! എന്നോ, ഇങ്ങിനെയും സംഭവിക്കാറുണ്ടോ?........

രാഘവൻ വളരുകയാണ്............

പരിസരം പരിഹാസദൃഷ്ടി പരന്ന നോട്ടങ്ങൾ അവന്റെ നേരെവിട്ടു. അടക്കിപ്പിടിച്ച ചിരിയുടെ സീൽക്കാരം ആ കാതുകളിൽ വന്നലച്ചുകൊണ്ടിരുന്നു. കൂട്ടുകാരുടെ ഇടയിൽ അവനിന്നൊരധികപ്പററാണ്. മാന്യതയുടെ മുമ്പിൽ അവനിന്നൊരു ക്ഷുദ്രജീവിയാണ്. പക്ഷെ........അപരാധത്തിന്റെ അർത്ഥംമാത്രം മനസ്സിലായില്ല.

രാഘവൻ ചിന്തിച്ചു. ഉറക്കെ ചിന്തിച്ചു. പക്ഷെ, ഒരെത്തുംപിടിയും കിട്ടിയില്ല. അവനതുകണ്ടു സൂക്ഷ്മതയോടെ ചികയുന്നുവോ അത്രകണ്ടു രൂക്ഷതരമായി പരിണമിക്കയായിരുന്നു ഉത്തരമില്ലാത്ത ആ ചോദ്യചിഹ്നം! അയാൾ സ്വയംപറഞ്ഞു. തന്തയില്ലാത്തമകൻ........"

അനന്തതയിലേക്കു ചെന്നെത്തുന്ന അയാളുടെ കണ്ണുകൾ സാന്ധ്യ സൂര്യന്റെ അകമ്പടി സേവിച്ച് പാറിപ്പറക്കുന്ന രക്തമേഘങ്ങളെ ഉരസി കടന്നുപോകുമ്പോഴും ആ ചോദ്യചിഹ്നം അയാളുടെ തലച്ചോറിൽ ഉയർന്നു പൊങ്ങാറുണ്ടായിരുന്നു .... ....ധരിണിയെ കസവു കവണി ധരിപ്പിക്കുന്ന സന്ധ്യാരാഗത്തിനുപോലും ആ ചോദ്യത്തിനുത്തരം കണ്ടുപിടിക്കാൻ അയാളെ സഹായിക്കാൻ സാധിച്ചില്ല.

രാഘവൻ വളർന്നു; എതിർപ്പുകളെ അതിജീവിച്ച്! അപവാദത്തിന്റെ മുമ്പിലും അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ച് അവൻ വളർന്നു; കാലത്തിനൊത്ത്.

അവന്റെ വീട്ടിൽ നിന്നും കുറച്ചു ദൂരം പോയാൽ ഒരു ഓട്ടുകമ്പനിയുണ്ട്. അവിടുത്തെ ഒരു തൊഴിലാളിയാണയാൾ. വർഗ്ഗബോധമുള്ള ഒരു മനുഷ്യൻ. വെറും പതിനെട്ടു വയസ്സായ അയാളിന്നു ആ ഓട്ടുകമ്പനി തൊഴിലാളികളുടെ നേതാവാണ്. തകർന്നു വരുന്ന ജന്മി മുതലാളിത്തത്തിനു മുൻപിൽ ചീറിയടുക്കുന്ന ഒരു പടവാളായിരുന്നു അയാൾ. കഷ്ടപ്പെട്ട് ചോര നീരാക്കി കിട്ടുന്ന കൂലികൊണ്ട് സുഖമായി ആ അമ്മയും മകനും കഴിയുന്നു.

കിനാവുകൾ തങ്ങിനില്ക്കുന്ന ആ കൊച്ചു വീടിന്റെ ഉമ്മറക്കോലായിൽ, ഓർമ്മകൾ ഭാവനയെ ചുംബിച്ചുണർത്തുമ്പോൾ ശൂന്യതയിലേക്കു തലയുയർത്തി നില്ക്കുന്ന ആ മണിമാളികയിലേക്ക് എന്തിനെന്നില്ലാതെ അയാൾ നോക്കിപ്പോകും. തങ്കക്കതിരുകൾ ചിന്നുന്ന ആ പ്രഭാതസുഷമയിൽ നിറഞ്ഞുനില്ക്കുന്ന പ്രതീക്ഷകൾ പുഞ്ചിരി തൂകുന്ന ആ മാളികയുടെ മുമ്പിലും ആ ചോദ്യചിഹ്നം ഉയർന്നു വരാറുണ്ട്. ഡോക്ടർ മോഹനന്റെ വീടാണ്................!

വളരെ സുസമ്മതനായ ജനപ്രീതി നേടിയ ഒരു ഡോക്ടറാണ്ഇന്നു മോഹനൻ. കാപ്പിപ്പൊടിയിൽപഞ്ചസാര വിതറിയപോലെ അല്പം നര ആ തലയിൽ കയറിയിട്ടുണ്ടെങ്കിലും അദ്ദേഹം ഇന്നും 'മൈന'റാണ് —കെട്ടിലു നടപ്പിലും. ഒരു കാര്യം നാല്പത്തഞ്ചുകഴിഞ്ഞ—വിവാഹിതനായ അദ്ദേഹം ഇന്നും ഒരു പിഞ്ചു കുഞ്ഞിനുവേണ്ടി കേഴുന്നവനാണ്. ഒരു പക്ഷെ അതൊരു വിധിയായി വിധിയെഴുതുന്നവരും ഉണ്ടായിരിക്കാം................

ഡോക്ടർ മോഹനന്ന് പുത്രനിർവ്വിശേഷമായ സ്നേഹമുണ്ടായിരുന്നു രാഘവന്റെ നേരെ. ഒരച്ഛനേക്കാളേറെ അവന്റെ സ്വഭാവം കരുപ്പിടിക്കുന്നതിൽ ജാഗരൂകനായിരുന്നു അദ്ദേഹം. പക്ഷെ എന്തുകൊണ്ടോ രാഘവൻ അയാളുടെ സാന്നിദ്ധ്യം ഇഷ്ടപ്പെട്ടില്ല. ആ കുടുംബത്തിന്റെ ഭാരം മുഴുവനും അദ്ദേഹം ഏ ല്ക്കാ മെ ന്ന്—അല്പം പേ ടി യോ ടെ യാണെങ്കിലും—രാഘവനോടു നേരിട്ടു പറഞ്ഞു. നീറുന്ന ഒരു നോട്ടം മാത്രമേ രാഘവൻ അതിന്നു മറുപടിയായി നല്കിയുള്ളു. ഫാക്ടറിയുടെ ചൂടുള്ള അന്തരീക്ഷത്തിൽ വിയർപ്പുപൊടിഞ്ഞ കൈകൾ കൊണ്ട് തന്റെ സഖാക്കളോടുകൂടി ഇരുമ്പു ചക്രം തിരിക്കുമ്പോഴും രാഘവൻ ചിലപ്പോൾ നിർവ്വികാരനായി ഏകാന്തതയിലേക്കു

കണ്ണും നട്ടുകൊണ്ടു് നില്ക്കാറുണ്ടായിരുന്നു. ശൂന്യതയിൽനിന്നും ആ ചോദ്യ ചിഹ്നം അയാളെ നോക്കി പരിഹസിച്ചിരുന്നു. "തന്തയില്ലാത്ത മകൻ..........."

മേലേടത്തെ കുഞ്ഞുലക്ഷ്മിയമ്മയാണ് രാഘവനോടു് ആ രഹസ്യം തുറന്നു പറഞ്ഞതു്. അവന്റെ രക്തംതിളച്ചു....യുവത്വം ത്രസിച്ചു. അവൻ ഞെട്ടിപ്പോയി അവന്റെ നാഡികൾ തളർന്നു...........പരിഹാസ ദ്യുതി പകർന്ന നോട്ടങ്ങളുടെ അർത്ഥം മനസിലായി. അടക്കിപ്പിടിച്ച ചിരിയുടെ സീൽക്കാരം പൂർവ്വാധികം ഉച്ചത്തിൽ അവന്റെ കാതുകളിൽ അലച്ചെത്തി. അവൻ വിറച്ചു..........ജ്വലിച്ചു...............ഒരു കൊടുങ്കാററു പോലെ അയാൾ വീട്ടിലേക്കു കേറിച്ചെന്നു.

പക്ഷെ...............അമ്മയുടെ നേരെ നിന്നപ്പോൾ എങ്ങിനേയോ അയാളുടെ ദൃഷ്ടികൾ താഴോട്ടു പതിച്ചു. നാവിറങ്ങിയപോലെ നിശ്ചലനായി നിന്നു ...................അയാളോർത്തു..............ഓർമ്മകൾക്കപ്പുറത്തെങ്ങും അയാളുടെ ചിന്ത പറന്നു. പത്തുമാസം ചുമന്നു് കൊടിയ വേദന സഹിച്ചു്...............തന്നെ ഈ ഭൂമുഖം കാണിച്ച അമ്മ...............കൊച്ചു കാലുകൾ കൊണ്ടു പിച്ച വെച്ചു നടക്കുമ്പോൾ തട്ടിത്തടഞ്ഞു വീഴാതിരിക്കാൻ കൈകൊടുത്തു് അവനെ നടക്കാൻ സഹായിച്ചു്...............അമ്പിളി അമ്മാവനെക്കാണിച്ചു താരാട്ടു പാടിയുറക്കി...........പാലൂട്ടി, ചോറൂട്ടി, ഉറക്കുപാട്ടു പാടി ലാളിച്ചു വളർത്തി........ തൊട്ടിലിലിട്ടു് ആട്ടി...................സസ്നേഹം വാരിക്കോരി മാറത്തു വെച്ചു്...........അങ്ങിനെ വളർത്തിയ അമ്മ...............പറ്റിയിടാത്ത പരിശുദ്ധസ്നേഹത്തിന്റെ പ്രതിനിധിയും പ്രതിരൂപവുമായ അമ്മ ജീവിക്കാൻ വേണ്ടിമാത്രം...........ഉററവരും ഉടയവരും ഉപേക്ഷിച്ചപ്പോൾ—തന്നെ പോററാൻ വേണ്ടി തന്നെ ചോറൂട്ടാൻവേണ്ടി മാനംവിററതിന്നു......... ദുർബലമായ ഒരു വികാരം അയാളെ കീഴടക്കി. അയാളുടെ കണ്ണുകൾ നിറഞ്ഞു. ചാണകപ്പൊടി പുരണ്ട ആ നിലത്തു രണ്ടു തുള്ളി കണ്ണുനീർ ചിന്നിച്ചിതറിപ്പതിച്ചു....പകച്ചു നിന്നിരുന്ന ആ അമ്മയെ ആ മകൻ കെട്ടിപ്പിടിച്ചു.......അമ്മെ...........കണ്ണുനീർ ധാരധാരയായി ആ നാലുകണ്ണുനീർ ഒഴുകിപ്പോയി. ആ അമ്മ ചെയ്തുപോയ തെററുകൾക്കു് സ്നേഹനിധിയായ ആ മകൻ മാപ്പുകൊടുത്തിരിക്കാം.

എന്നിട്ടും പരിസരം മിണ്ടാതെ ഇരുന്നില്ല. അതതിന്റെ ജോലി നിർവ്വഹിക്കുകയായിരിക്കാം. ഇതു അപകടം പിടിച്ചതാണോ ആരുമാരും അറിയാൻ ആഗ്രഹം ഇല്ലാത്ത മനുഷ്യപ്പുഴുക്കളുടെ ജീവിതം?

ലോകം സുഖനിദ്രകൊള്ളുന്ന ഒരു നിശീഥിനി. പ്രപഞ്ചം കരിക്കട്ടപോലെയായിത്തീർന്നിരിക്കുന്നു........കഷണം കഷണമായി ചിന്നിചിതറിയ മേഘങ്ങൾ നക്ഷത്രങ്ങളുടെ ചുററും നൃത്തംവെയ്ക്കുന്നു. ഇരുട്ടിലൂടെ ഒരു സ്വരൂപം നടന്നടുക്കുകയാണു്. അടുത്ത വീട്ടിലെ ഒരു പട്ടികുരച്ചു. രാഘവൻ നടത്തത്തിനു വേഗതകൂട്ടി.

അയാൾ വീടിന്റെ പടിക്കലെത്തി. അകാരണമായ ഒരു ഭയം അയാളുടെ ചിന്താമണ്ഡലത്തിൽ അള്ളിപ്പിടിക്കുന്ന ഒരു വികാരത്തെ കുത്തിവെച്ചു. ആകെ സംശയിപ്പിക്കുന്ന ഒരു നിശ്ശബ്ദത അവിടെ കൂട്ടുകെട്ടി നില്ക്കുന്നുണ്ടെന്നു് അയാൾക്കുതോന്നി.

പെട്ടെന്നു് അയാളൊന്നുഞെട്ടി. താനാരെപ്പററിയാണു് സംശയിക്കുന്നതു്? തന്റെ അമ്മ ........തനിക്കു ജന്മംതന്ന അമ്മ! അയാൾ നേരേ വാതില്ക്കലെത്തി.

"അമ്മെ........" അതയാൾ മുഴുവനാക്കുംമുമ്പു് നാക്കു കടിച്ചു. അകത്തുനിന്നു് പതിഞ്ഞ സ്വരത്തിലുള്ള ഒരു സംഭാഷണം! അയാൾ ചെവി വട്ടംപിടിച്ചു. താക്കോൽ പഴുതിലൂടെ ഒരു കണ്ണു് അയാൾ അകത്തേക്കു പായിച്ചു........വെളിച്ചം മങ്ങികത്തുന്നുണ്ടു്.... പക്ഷെ.............അയാൾ ഞെട്ടിപ്പോയി............ററാന്തോണിയത്തിന്മേൽ മുട്ടകുത്തിവീണപോലെ പെട്ടന്നൊരു ശബ്ദം അയാളുടെ അന്തരാളത്തിൽനിന്നുയർന്നുവന്നു. തന്റെ അമ്മ........ഡോക്ടർ........! ഒരു മകന്റെ ജീവിതത്തിൽ ഇന്നോളം രേഖപ്പെടുത്തിട്ടില്ലാത്തത്ര പാപഭൂയിഷ്ഠമായ—വിഷലിപ്തമായ—പൈശാചികമായ ഒരു സംഭവം! അഗ്നി പാതമേററപോലെ അയാൾ നിന്നു. ആറുകണക്കിനു ചീവീടുകൾ തലയ്ക്കകത്തു ശബ്ദിക്കുന്നതുപോലെ തോന്നി........അപ്പോൾ........തന്റെ സംശയങ്ങൾ?........?........

വാതിൽചാരി കുറെനേരം അയാൾ ഇരുന്നു. സമയം ഇഴഞ്ഞിഴഞ്ഞുപോയി. യാതൊന്നുമറിയാത്ത

വരാറുള്ളപോലെ അയാൾ വിളിച്ചു........'അമ്മേ........'

അകത്തുനിന്നൊരു മറുപടിയും ഉണ്ടായില്ല. പക്ഷെ ആ ശബ്ദം അവിടെ ഒരു ഘനമുള്ള നിശ്ശബ്ദതയെ പ്രതിഷ്ഠിച്ചു. വീണ്ടും അയാൾ വിളിച്ചു.

ഇതാവരുന്നു........അകത്തുനിന്നും അമ്മ വിളി കേട്ടു. താങ്ങിപ്പിടിച്ച കാൽവെപ്പുകളും ആശങ്കനിറഞ്ഞ ഏന്തിത്തുടിപ്പുകളും അയാൾ ശ്രദ്ധിച്ചില്ല.

വാതിൽ തുറന്നപാടെ അയാളാ ചകിരിക്കട്ടിലിൽ പോയിവീണു. ആ അമ്മ ഒന്നും മിണ്ടിയില്ല. അല്ലെങ്കിലെന്തിരിക്കുന്നു, മിണ്ടാൻ?........കുറച്ചു സമയത്തിനുശേഷം മാന്യതയുടെ മറയിൽക്കൂടി കൂരിരുട്ടിനെ കൂട്ടുപിടിച്ചു് നീങ്ങുന്ന ആ സന്താപത്തെ അയാൾ കണ്ടതായി നടിച്ചില്ല.

അവർ പിന്നെയും ജീവിച്ചു. മരിക്കാതിരിക്കാൻവേണ്ടി........ജീവിക്കാൻവേണ്ടി. പക്ഷെ........ഒരു വ്യത്യാസംമാത്രം. പണ്ടൊക്കെ പതറാത്ത കാൽവെപ്പോടെ—അജയ്യനായി നടന്നിരുന്ന രാഘവനു് ഇന്നു റോഡിനുവീതിപോരാ എന്നു തോന്നുന്നുണ്ടായിരുന്നു.

അധർമ്മത്തിനുമുമ്പിൽ കൂസാത്ത—അനീതിക്കുമുമ്പിൽ ചൂളാത്ത ഒരു നല്ലമനുഷ്യൻ സഭ്യതയിൽനിന്നും അസഭ്യതയിലേക്കു് തലകുത്തിവീണു. പണ്ടത്തെ രാഘവന്റെനേരെ വിപരീതമായ വേറെ ഒരു രാഘവൻ അയാളിൽ വളർന്നു. അങ്ങിനെ ആ ജീവിതം തകർന്നുകൊണ്ടു പുരോഗമിക്കുകയാണ്—തകർച്ചയിൽനിന്നും തകർച്ചയിലേക്കു് ആ ജീവിതം വീണതിന്നു് ആരാണുത്തരവാദിയെന്ന ചോദ്യം ഉത്തരമില്ലാതെ ഇന്നും അവശേഷിക്കുന്നു...........ഒരുപക്ഷെ ചോദ്യംചെയ്യാൻ അവകാശമില്ലാത്ത ഒരു ശക്തിയുടെനേരെയുള്ള പ്രതികാരമായിരിക്കുമോ അതു്?

കൂരിരുട്ടു്നിറഞ്ഞ രാത്രികളിൽനിന്നു് വെള്ളപ്രഭചിന്നുന്ന പകലുകൾ ശാന്തിയുടെ സംഗീതമാലപിക്കുന്ന വെള്ളിപ്രാവുകളെപ്പോലെ കണ്ണിമവിട്ടത്തി പറന്നുപോയി.

ഒരു സന്ധ്യ. മദ്യത്തിന്റെ ലഹരിയിൽ മത്തനായി ബോധമില്ലാതെ ആടിയുലഞ്ഞുവന്ന രാഘവനെ അന്നു് എതിരേററതു് ഇതികർത്തവ്യാമൂഢനായി നിന്നിരുന്ന ഡോക്ടർ മോഹനനായിരുന്നു.

രാഘവൻ ഒരു കത്തുന്നനോട്ടം അദ്ദേഹത്തിന്റെ നേരെവിട്ടു. ഡോക്ടർ പറഞ്ഞു.

''അമ്മയ്ക്കു തീരെ സുഖമില്ല........''

''ഉം........'' ഒന്നമർത്തിമൂളി രാഘവൻ അകത്തുകടന്നു.

അജ്ഞാതമായ ഒരു 'കാരണം' ആ അമ്മയേയും മകനേയും ധ്രുവങ്ങളോളം അകററി. അമ്മയും മകനും........! അന്യോന്യം സ്നേഹംപകർന്നു് ജീവിതം നുകർന്നു്.........കഴിയേണ്ടവരാണവർ.........ഒരമ്മയും മകനും തമ്മിലുള്ള ബന്ധംപോലെ വിശിഷ്ടമായ ഒന്നു ഈ ലോകത്തിലില്ലെന്നു് ലോകംമുഴുവൻ ശരിവെയ്ക്കുമ്പോൾ........രാഘവൻ........?........ഒരുപക്ഷെ അയാളിലെ മൃദുലഭാവനകളൊക്കെ അടിഞ്ഞു ചാമ്പലായിപ്പോയിരിക്കാം. അല്ലെങ്കിൽ തിക്താനുഭവങ്ങൾ അവയെ മരവിപ്പിച്ചിരിക്കാം.

അന്നുരാത്രി ആ അമ്മമരിച്ചു........!! രാഘവന്റെ കണ്ണിൽ വെള്ളം നിറഞ്ഞില്ല. ആ ചുണ്ടുകൾ വിറച്ചില്ല. അയാളുടെ തലച്ചോറിൽ ആ പഴയ ചോദ്യചിഹ്നം തളിരിട്ടുവന്നു........'തന്തയില്ലാത്ത മകൻ........' അല്ലെങ്കിൽ—ചത്തുമരവിച്ചു, വിളറിവെറുങ്ങലിച്ച ആ ശവശരീരത്തിന്നടുത്തു് വിദൂരതയിലേക്കു് കണ്ണും നട്ടുകൊണ്ടുള്ള ആ ഇരുപ്പിന്നെന്താണർത്ഥം?.

രാഘവൻ പിന്നേയും ജീവിച്ചു. എങ്ങിനെയാണെന്നു് ഒരു പിടുത്തവുമില്ല. ജോലിക്കാണെങ്കിൽ അയാൾ പോവാറില്ല. പിന്നെ—സദാസമയവും കുടി........ബാക്കിസമയം ചീട്ടുകളി........പോരേ? മൊട്ടിട്ടു വിടരേണ്ട അയാളുടെ യുവത്വം ഞെട്ടററു നിലംപതിക്കാൻപോവുന്നു.........അയാൾക്കതിൽ പശ്ചാത്താപത്തിന്നിടയില്ലെന്നുവരുമോ?........

രണ്ടുപ്രാവശ്യം പ്രകൃതി ചിരിച്ചു. രണ്ടുപ്രാവശ്യം കരഞ്ഞു. പ്രതീക്ഷകളും കിനാവുകളും നാമ്പെടുത്തു മൊട്ടിട്ടു വിടർന്നുവന്നു........ജീവിതം അവസാനിയ്ക്കാതെ നീണ്ടുപോവുകയാണു്........സുഖകരമായ ഒരാവർത്തനം........!

# അഭിനന്ദനം

കെ. ടി. ഭാസ്കരൻ

## I

കുപ്പയിൽ ജനിച്ചു, സംഫുല്ലമാം സുമങ്ങളാൽ
സുസ്മിതം പൊഴിച്ചു നിന്നീടുന്ന ദ്രുമംപോലെ
കൈകളിൽ പലവർണ്ണക്കടലാസിനാൽ തീർത്ത
കൈവിരുതെഴും പൂക്കൾ നിറയെ വാരിക്കെട്ടി,
വിദ്യാലയത്തിൻ മുന്നിൽ വിദ്യാർത്ഥി വൃന്ദങ്ങൾ വ-
ന്നെത്തുന്ന നേരംനോക്കി നില്ക്കയാണൊരു ബാലൻ!
കണ്ണിനും, കരളിനുമാഹ്ളാദ മരുളുന്ന
നിർമ്മലക്കലാശില്പരംഗമേ, ജയിപ്പു നീ!
ബാലനെപ്പഠിപ്പിച്ചതല്ല,യീനിർമ്മാണത്തി-
ലാരുമക്കുഞ്ഞിന്നേകിയില്ലല്ലോ പ്രോത്സാഹനം.
കിട്ടിയാൽപോരും കടലാസുമുണ്ടെന്നാലവൻ
പെട്ടെന്നു കലാഭംഗി കവിയും പൂവുണ്ടാക്കും!
വളമില്ലെന്നാകിലും, വെള്ളമില്ലെന്നാകിലും
വളരേണ്ടവയെന്നും വളന്നേ മതിയാകൂ!
ജന്മവാസനേ, നിന്നെ മായ്ക്കുവാൻ കഴിയില്ല
മിന്നിതിൽ മനുജൻെറ ദുർന്നീതിക്കരങ്ങളാൽ!

## II

പട്ടണപ്പരിഷ്കാരപ്പാഴ്പ്പുളി പുരളാത്ത,
പട്ടിണി,യടിച്ചാലും പോകുവാൻ തുനിയാത്ത
ഗ്രാമത്തി,ലൊരുകൊച്ചു മാടത്തിൽ നാം കാണുന്ന
ബാലനും, മാതാവുമായ് ജീവിതം നയിക്കുന്നു.
പട്ടിണികരണ്ടതാമക്കൊച്ചു ശരീരമീ-
വിശ്വത്തിന്നേതോ ശാസ്ത്രം പഠിയ്ക്കാനസ്ഥികൂടം!
കൂരതൻ കോലായിയിൽ ശൂന്യമാമൊരു ചാക്കു
ചേലിലിട്ടതു പോലാ മാതാവു കിടക്കുന്നു.
ചളിയിൽ വിലയുള്ള രത്നങ്ങൾ കിടക്കുന്നു
ഇരുളിൽ പ്രഭയെഴും നക്ഷത്രം മിനുങ്ങുന്നു!

## III

അന്നാദ്യമായിട്ടവൻ തൻകരം നിർമ്മിച്ചതാം
കുഞ്ഞുപ്പൂക്കളുമായിയെത്തിയീ നഗരത്തിൽ.
"പൂ വേണോ, പലവർണ്ണക്കടലാസിനാൽ തീർത്ത
പൂവേണോ?" വിശക്കുന്ന ബാലൻെറചോദ്യം പൊങ്ങി!
കരളിന്നടിയിൽ നിന്നുയരുമച്ചോദ്യത്തി-
ന്നൊരു മർത്ത്യരുമില്ലേയുത്തരം കൊടുക്കുവാൻ?
അട്ടിക്കി,ലവന്നടുത്തെത്തിന,ളരിച്ചരി-
ച്ചപഹാസത്തിൻ പാത്രമായൊരു പിച്ചക്കാരി
അവൾതൻ തോളൊത്തൊരു കുഞ്ഞുണ്ടു, ദൂരത്തുനി-
ന്നതുനോക്കിയാൽ നാറികീറിയ തുണിത്തുണ്ടം!
പൂക്കളിലക്കുഞ്ഞിൻെറ കണ്ണുകൾ പതിഞ്ഞപ്പോ-
ളാക്കരം പിടയുന്നു, രോദന മുയരുന്നു.
കിട്ടിയേ മതിയാകൂ കുട്ടിക്കു പുഷ്പം മാതൃ-
ചിത്തമൊന്നിടറിപ്പോയ് തുട്ടില്ല വാങ്ങിക്കുവാൻ.
അവനാക്കുഞ്ഞിൻെറ നേർക്കൊന്നു നോക്കിനാൻ,പിഞ്ചു
ഹൃദയം കരച്ചിലിന്നലയിലാടിപ്പോയി!

ബാലനക്കുഞ്ഞിന്നായി പ്പൂവൊന്നു സമ്മാനിച്ചു
ലോലമക്കിടാവിൻെറ ഹൃദയം കുളിരാർന്നു.
പൂനിലാവൊളിതോല്ക്കും പുഞ്ചിരിയക്കുഞ്ഞിൻെറ
മോഹനത്തളിർച്ചുണ്ടിൽ വന്നൊരു നൃത്തംവെച്ചു!
കാശെന്തിനവനുള്ള പൈദാഹ മടങ്ങിപ്പോയ്
പേശലമാസുസ്മിതം നല്കിയ വിഭവത്താൽ!
മാനിച്ചിടട്ടെ കലാഭംഗിയിൽ ലോകം, പോരും
മാനിച്ചിതല്ലോ ദൈവദൂതൻെറ തളിർച്ചിത്തം!!

---

പ്രഭാതപ്രഭയിൽ കുളിച്ചുനില്ക്കുന്ന പ്രകൃതി. ചുംബിച്ചുവിടർത്തിയ മന്ദഹാസംപോലെ പൂക്കൾ വിരിഞ്ഞുനിന്നു. മധുരിക്കുന്ന വേദനയുളവാക്കുന്ന നിശ്വാസംപോലെ ഇളംകാററുവീശുന്നു. ആ പ്രഭാതത്തിനുമുണ്ട് ഭയാനകമായ ഒരു സംഭവം വിവരിക്കാൻ........

രാഘവൻ തൂങ്ങിമരിച്ചു!!!

[പകർപ്പവകാശം കാഥികന്]

# നൈവേദ്യം

ചാത്തനാത്ത് അച്യുതനുണ്ണി.

സുന്ദരമായ ഭാവന, സുന്ദരമായ ദർശനം, സുന്ദരമായ രചന—ഇവമൂന്നും സുന്ദരമായി സമ്മേളിക്കുന്നതാണ് കവിത. സ്വപ്നപ്രായമായ ഹൃദയവികാരങ്ങളെ ഇളക്കിവിട്ടു് ഒരുവനെ ഇരുത്തിച്ചിന്തിപ്പിക്കയും, ആത്മാർത്ഥ ചിന്തനങ്ങളുടെ ഫലമായി നൂതനമായ ഒരാവേശവും ഒരാനന്ദാനുഭൂതിയും ജനിപ്പിക്കയുമാണ് ആ കവിതയുടെ ധർമ്മം. പുതിയപുതിയ പ്രവണതകൾക്കും ആശയങ്ങൾക്കും സ്ഥാനംകൊടുത്തു്, മനുഷ്യനെ മനുഷ്യനാക്കി ഉയർത്തുവാൻ സഹായിക്കുകയത്രെ ആ കവിതയുടെ മിഴിവെന്നും പറയണം.

കവിതാസമാഹാരങ്ങളുടെ കാലമാണിതു്. എന്നാൽ, മേൽകാണിച്ച കവിതാസ്വഭാവത്തിനെ പശ്ചാത്തലമാക്കി നാം നോക്കുന്നപക്ഷം ആസ്വാദ്യമായി കണ്ടെത്താവുന്നവ ചുരുക്കമായിരിക്കും. അവയിൽ പ്രമുഖമായ ഒരു സ്ഥാനം 'നൈവേദ്യ'ത്തിനുണ്ടെന്നുപറവാൻ എനിക്കു ധൈര്യം തോന്നുന്നു. ഇതിന്റെ കർത്താവ് ഡാക്ടർ കുന്നത്തേരി രാമൻമേനവനാണ്. മുൻകാലങ്ങളിൽ ധാരാളം എഴുതിക്കൊണ്ടിരുന്ന വാസനാസമ്പന്നനായ ഒരു കവിയാണ് മേനവൻ. ഭാവനാമാധുര്യവും ആദർശശുദ്ധിയും കോമളമായ ഒരു ശൈലിയിൽ പ്രകാശിക്കുക എന്നതു് മേനവന്റെ കവിതയുടെ പണ്ടേനാലെയുള്ള ഗുണമാണ്. അദ്ദേഹം തുടർന്നെഴുതിക്കൊണ്ടിരുന്നെങ്കിൽ, അഭിമാനകാരിയായ ഒരു മഹാകവിയെക്കൂടി കൈരളിക്കു ലഭിച്ചിരുന്നേനെ. ഇന്നു് ഈ പുരോഗമനത്തിന്റെ കാലഘട്ടത്തിലും മേനവന്റെ കവിതകൾക്കെല്ലാം ഒരു പുതുമ, ഒരോർജവകമ്പം കാണുന്നുണ്ടു്.

മാസികകളിലും മററുമായി പ്രസിദ്ധപ്പെടുത്തിയ 26 കവിതകളുടെ സമാഹാരമാണ് നൈവേദ്യം. ദേശഭക്തി, ധാർമ്മികാസക്തി, ആസ്തിക്യമതി, പ്രേമശുദ്ധി, സമുദായപുരോഗതി എന്നുതുടങ്ങിയ ലൌകികമൂല്യങ്ങളുടെ നർമ്മഭാഷണങ്ങളാണ് ഡാക്ടർ മേനവൻ നൈവേദ്യത്തിൽ നമ്മെ കേൾപ്പിക്കുന്നതു്.

## ദേശഭക്തി

'നൈവേദ്യം', 'മണ്ണിന്റെചുവ', 'തിരുവോണം' ഇവ മികച്ച ദേശീയ കവിതകളാണ്. കവിയുടെ അനന്യസാധാരണമായ സ്വദേശസ്നേഹം ഇവയിൽ ഓരോന്നിലും പ്രതിഫലിച്ചുകാണുന്നു. കേരളത്തിന്റെ മാദകമായ സൌന്ദര്യത്തെ പ്രതിഫലിപ്പിച്ചു കാണിക്കുന്നതാണ് നൈവേദ്യം എന്ന കവിത. നമ്മുടെ പൂർവ്വികന്മാർ നമുക്കായി സമ്പാദിച്ചുവച്ചിട്ടുള്ള ഭാർഗ്ഗവോർവ്വീതലത്തെ ഒരു സ്വർഗ്ഗമാക്കി രൂപപ്പെടുത്തിയിരിക്കയാണ്.

'മഹിയിലിവനിനിയും ജന്മമാർന്നീടുകിൽ
മതിയിവനു കേരളംതന്നെയാമങ്ങുളം'

എന്നു മേനവൻ ആഗ്രഹിച്ചിട്ടുണ്ടെങ്കിൽ, വായനക്കാരനും താനറിയാതെ അതേററുപാടുവാൻ പുറപ്പെടുന്നതായിക്കാണാം.

കേരളത്തിന്നു്, 'അമ്പികേ, നിൻഭാവി ഭാവുകമവിഭാജ്യമാമൈക്യത്തിലാണെന്നു്' ക്രാന്തദർശിയായ കവി, ഇരുപതോളം വത്സരത്തിനു മുമ്പെഴുതിയ ഈ കവിതയിൽ പരിച്ഛേദിച്ചുവെച്ചിരിക്കുന്നു.

വെറും പൊള്ളയായ, വാങ്മാത്രനിഷ്ഠമായ ദേശപ്രേമമല്ല മേനവന്റേതു. ജന്മഭൂമിയുടെ വിഭവസമ്പത്തും വിവിധ മഹിമകളും എടുത്തുകാണിച്ചു്, മററുള്ളവരിലും ദേശപ്രേമത്തിന്റെ തിരമാലകൾ തള്ളിയലക്കുവാൻ പ്രേരിപ്പിക്കുന്ന ഒരു രീതിയാണ് മേനവൻ കൈക്കൊണ്ടിട്ടുള്ളതു്.

'മുകിലസാമ്രാട്ടുകൾ പോലുമേ സമ്മാനിച്ച
പുകളുംപേരുംപെററ പണ്ഡിതൻ 'ജഗന്നാഥൻ''

അഞ്ചിതയശോരാശിയാ വീരപ്പടയാളി
രഞ്ജിതസിംഹൻ ബഹുമാനിച്ച കവിവര്യൻ
ത്യാഗരാജനെപ്പോലും വിസ്മയിപ്പിച്ചുള്ളോരാ–
രാഗമർമ്മജ്ഞൻ സാക്ഷാൽ 'ഗോവിന്ദമാരാരു'മേ
സ്വാതിയും, മഹാകവി ഭട്ടപാദരും, താണ–
ജാതിയെസ്സമുദ്ധരിച്ചുള്ള നാണുവുമെല്ലാം
നമ്മുടെ മലനാടിൻ മക്കളാണെന്നോക്കുമ്പോൾ
തന്മനം തുടിക്കാത്ത കേരളീയനെക്കാണാ''.

എന്നിങ്ങനെ ''നമ്മുടെ തിരുവോണ''ത്തിൽ സമർത്ഥിക്കുന്ന കവി,

പറയുക പരമേതുനാകലോകം
പകരമെടുത്തു കൊടുക്കുമെൻെറരാജ്യം
പതിരവനു പരന്നുതോന്നിടും വൻ–
പദവികിളിപ്പുരി പൂതഭൂമിവിട്ടാൽ'

എന്നു ''മണ്ണിൻെറ ചുവ''യിൽ ചോദിച്ചുപോവുന്നു.

കവിക്ക് നഗരവാസത്തിനേക്കാളുമധികം ഗ്രാമീണജീവിതത്തിനോടാണിഷ്ടം. ഗ്രാമത്തിൽ ജനിച്ചവനാണെങ്കിലും, അദ്ദേഹം ഒരു പട്ടണത്തിലാണ് വസിക്കുന്നതു്. അതും മികച്ച ബോംബെ നഗരത്തിൽ. സ്വാനുഭവത്തിൽനിന്നുറവെടുത്തതാവണം മേനോൻെറ ഗ്രാമജീവിതാസക്തി. 'വിചാരവീചി', 'തിരിച്ചുവിളി' എന്നീ കവിതകൾ മുഗ്ദ്ധമായ ഗ്രാമജീവിത സൗന്ദര്യത്തെ ചിത്രീകരിക്കുന്നവയാണ്.

''നഗരം, ഹാഹാ വെറുമർത്ഥശൂന്യമാം ശബ്ദം
ഇവിടെ 'ഗര' മല്ലാതന്യമില്ലൊന്നുംതന്നെ.
കൈകൊട്ടി വിളിക്കയാണെന്നെയെൻനാടിപ്പോഴും
വൈകാതെ വന്നിടുന്നുണ്ടെൻതായേ പൊറുത്താലും–
അവിടെ ചെന്നാമാറിൽ പററാതെ കിട്ടാസ്വൈര–
മിവനീവെറും പൊള്ളപട്ടണവാസംപററാ—''

എന്നു് 'തിരിച്ചുവിളി'യിൽ കവി നഗരവാസത്തെ വെറുക്കുകയും,

'കൃത്രിമപരിധികളൊന്നുമില്ലവിടത്തിൽ
എത്രയും ശാന്തം, സ്വച്ഛം, സ്വതന്ത്രം, സുകുമാരം'

എന്നു് 'വിചാരവീചിയിൽ' ഗ്രാമപരിസരത്തെ പ്രേമപ്പെടുത്തുകയും ചെയ്യുന്നു. ഗ്രാമസൌന്ദര്യം പകർന്നുകൊടുത്തു വായനക്കാരെ സ്വാനുഭൂതിക്ക് പങ്കാളിയാക്കിക്കൊണ്ടു്. മേനവൻെറ ദേശീയഗാനങ്ങളാണ് ഈരണ്ടു മധുരകവനങ്ങളും.

''ഓണവും റിഷുവുമാവേലയും പൂരങ്ങളും
ചേണെഴുമൂഴിഞ്ഞാലുമാതിരക്കളികളും'' ചുരത്തുന്ന ഗ്രാമാന്തരീക്ഷമേ കവിക്ക് സ്വൈരം കൊടുക്കുകയുള്ളുവത്രെ

## ധാർമ്മികസക്തി.

ആദർശമധുരമായ ഒരു മനോഹരകവിതയാണ് ശാന്തിഗീതം. ഇതിൽ,

''ചോരയിൽ കുഴച്ചുള്ള ഭൂതിയും, സഹജൻെറ
വാരിയെല്ലുകളിന്മേൽ പടുത്തസാമ്രാജ്യവും''

വെറുത്ത, സ്നേഹാർദ്രയായ ആർഷഭൂമിയുടെ പാരമ്പര്യത്തിനെ പൊക്കിക്കാണിച്ചു് ശാന്തിയുടെ സന്ദേശം നമ്മെ പാടിക്കേൾപ്പിക്കുന്നു. ഇതുപോലെ മേനവൻെറ ധാർമ്മികമൂല്യത്തിന്നു നിദർശനങ്ങളാണ് വിമാനയാത്ര, പിന്തിരിയുക, മാനസാന്തരം ഇത്യാദിയും. കടലോരത്തു് 'സങ്കല്പവിൺകപ്പലിൽ' കയറിയ ഒരുവൻ പണ്ടത്തേയും ഇന്നത്തേയും ലോകസ്ഥിതികളെ താരതമ്യപ്പെടുത്തി.

'ഹാ! ധിക്കെത്ര യധഃപതിച്ചു ഭുവനം' എന്നു അല്പൽ പെടുകയാണ് വിമാനയാത്രയിൽ. പ്രശാന്തമായ ധാർമ്മികജീവിതത്തിൻെറവിളി. ഇതിലെ സുന്ദരപദ്യങ്ങളിൽ നമുക്കുണ്ടു കേൾക്കാകുന്നു കെട്ടുപോയ ഭാരതത്തിൻെറ, ആത്മീയ സംസ്കാരമാകുന്ന 'ഈട്ടുവെപ്പിലേക്കു' നമ്മെ വിളിച്ചുട്ടപ്പിക്കുന്നതാണ് 'പിന്തിരിയുക'. യാന്ത്രികപരിഷ്കാരത്തിൻെറ സംഹാരശക്തി ഇന്നത്തെ ലോകത്തിനെ വ്രണപ്പെടുത്തിയിരിക്കുന്നു. വിശ്വപ്രേമത്തിൻെറ മഹിമ നാം മനസ്സിലാക്കി. 'ദ്വേഷത്തെ രാഗംകൊണ്ടേ തടുക്കാൻ പററുവെന്ന നിത്യസത്യ'ത്തിലേക്ക് ത്യാഗസുന്ദരമായി കാൽവെക്കണമെന്നപ്രബോധനമാണ് മാനസാന്തരത്തിൽ. ഹൃദയാവഗാഹിയായ പ്രതിപാദനമാണ് ഇവരണ്ടിലും.

## ആസ്തിക്യമതി.

മേനവൻെറ ആസ്തിക്യബോധത്തിൻെറ പ്രതിദ്ധ്വനികളത്രെ 'എന്നെക്കാണാൻ', 'ദർശനം' എന്നിവ.

'കണ്ടതില്ലേ്ലന്നോ കുഞ്ഞേ, യെന്നെനാഥിയിങ്ങളാണ്ട
കൊണ്ടലിൽ കൂടകൂടെ കൊള്ളിമീൻ മിന്നിച്ച .
പ്പോൾ'

ഈ മട്ടിൽ പ്രകൃതിയുടെ വിലാസങ്ങളിലൊക്കെ പ്രത്യക്ഷപ്പെടുന്ന ഈശ്വരസത്തയെ സാധാരണക്കാരൻ കണ്ടറിയാത്തതു് സംസാരത്തിന്റെ 'തിമിരതിരസ്സീല'യാലാണെന്നു് 'എന്നെക്കാണാൻ' എന്ന കവിതയിൽ വളരെ ഭംഗിയായി പ്രതിപാദിച്ചിരിക്കുന്നു. കവി ചോദിക്കുകയാണൊടുവിൽ

'വിഷയക്കൊട്ടംനഞ്ഞു മഞ്ഞളിപ്പിച്ചാലുണ്ടോ
വിഷയീഭവിക്കുന്നു കണ്ണിനെൻകാമ്യാകാരം'

എന്നിങ്ങനെ ഈശ്വരചൈതന്യത്തിന്റെ സാർവ്വലൌകികസൗന്ദര്യത്തെ ഇത്രമേൽ ഹൃദയംഗമമായി പ്രകാശിപ്പിക്കുന്ന ഒരു കവിത ഞാൻ വേറെ വായിച്ചിട്ടുള്ളതായി ഓർക്കുന്നില്ല!

## പ്രേമശുദ്ധി.

മേനവന്റെ കവിത, പ്രേമത്തിന്റെ വിശുദ്ധാന്തരീക്ഷത്തിലും അതിന്റെ പൊൻചിറകുകൾവീശി പാറിപ്പറന്നിട്ടുണ്ടു്. പക്ഷെ, മാംസളമായ ശൃംഗാരത്തിന്നല്ല, പരിശുദ്ധമായ പ്രണയത്തിന്നാണു് അദ്ദേഹത്തിന്റെ കവിതയിൽ സ്ഥാനം കൊടുത്തിട്ടുള്ളതു്. 'വിനോദിനി' 'ഉതിർമണികൾ' 'സിദ്ധാന്തം' എന്നീ കവിതകൾ ലൌകികപ്രേമത്തിന്റെ വിശുദ്ധാകാരത്തെ എടുത്തുകാണിക്കുന്നു. നഗരത്തിലെ ആഡംബരങ്ങളിലും വിനോദങ്ങളിലും മുഴുകിയ ഒരു യുവാവു് ദൂരവത്തിനിയായ ബാല്യസഹചാരിണി വളർന്നു യൗവനത്തിലെത്തിയതായി ഭാവനംചെയ്തു. ശുദ്ധപ്രേമത്തിന്റെ ഉറവിടമായി പ്രകാശിപ്പിക്കുകയാണു് 'വിനോദിനി'യിൽ.

'മൊട്ടുപോയവളിപ്പോൾ പുഷ്പമായ് കാണും മമ
ചുറ്റുപാടിലും കെട്ടുപിണഞ്ഞോരയൽക്കാരി'

അങ്ങിനെയുള്ള വിനോദിനി തന്റെ തൽക്കാലസ്ഥിതിയറിഞ്ഞു പ്രതീക്ഷാനുകൂലയല്ലാതെ മാറിയാൽതന്നെ

'കടമപ്പെട്ടും ഞാനാപീടമാൻ മിഴിക്കെന്നും'

എന്നു് പ്രണയസ്ഥൈര്യം കാണിക്കുന്നതു് ആരേയും രോമാഞ്ചം കൊള്ളിക്കും.

യൗവനയുക്തകളുടെ ദാമ്പത്യ ചിന്തകൾക്കേൽക്കുന്നനൈപുണിത്യമാണു് ഉതിർമണികളിലെ ഉള്ളടക്കം എങ്ങു വായിച്ചതീന്നാലും അതിന്റെ അന്തരങ്ങനമെന്നോണം, പെൺകുട്ടികളുടെ മുശ്ശമായ ഭാവനാഗതികളെപറ്റി വായനക്കാരനോർക്കാനോൻമിക്കാനുണ്ടാകും. വിവാഹപ്രായമെത്തിയ ഒരു യുവാവിന്റെദാമ്പത്യാദർശമാണു് 'സിദ്ധാന്ത'ത്തിൽ വെളിവാക്കിയിരിക്കുന്നതു്. ആലോചനകൾ പലതുമുണ്ടായി; തനിക്കു പാണിഗ്രഹണത്തിനു താല്പര്യക്കുറവുമില്ല; ആ ഭാരം ചുമക്കുവാൻ പാറാത്ത പരിതഃസ്ഥിതികളുമല്ല. പക്ഷെ,

മാംസളഭോഗത്തിലല്ല കാംക്ഷിപ്പൂഞാൻ
മത്സഖിതന്നുടെ സാഹചര്യത്തിലാം.
ആത്മസമ്പൂർണ്ണിമയാണു ദർശിപ്പൂഞാൻ
അപ്പാണി പീഡന കർമ്മത്തിൽ—

എന്നു് പിന്നെയും അയാൾ സഹധർമ്മിണിക്കുവേണ്ടി കാത്തിരിക്കുവാനാണു് ഭാവം. പ്രണയാദർശത്തിന്റെ മട്ടും മഹിമയും കവി ഇതിൽ പ്രകാശിപ്പിച്ചിരിക്കുന്നു.

## മേനവൻ—ഒരൊന്നാംകിട ജീവൽ സാഹിത്യകാരൻ

ജീവൽ സാഹിത്യ പ്രസ്ഥാനത്തിലും മേനവൻ ഒരൊന്നാംകിട കവിതന്നെയാണു്. 'ശോകാന്തനാടകം' 'വഴിചിന്ത', 'പിഴച്ച ചീട്ടു്', 'കമല'—ഇവ ഈ സമാഹാരത്തിലെ പുരോഗമന കവിതകളാണു്. ഇവയിൽ പിഴച്ച ചീട്ടിനു് ജീവൽസാഹിത്യത്തിനുള്ള ഒന്നാം സമ്മാനം 'രാജർഷി' മാസിക ഒരിക്കൽ നൽകിയതായി കേട്ടിട്ടുണ്ടു്. പിച്ചതെണ്ടി കിട്ടിയ തുട്ടുകൾ 'വരുത്തുകുത്തുവാൻ' വേണ്ടി കടിലിലെത്തുവാൻബദ്ധപ്പെട്ടു, ഒരു പാവം തീവണ്ടിയിൽ കയറി വാതുക്കൽ പറ്റിക്കൂടുകയുണ്ടായി. ക്ഷണത്തിൽ വലഞ്ഞിരുന്ന അവന്റെ കണ്ണുകൾ മയങ്ങിപ്പോയി. അവൻ വണ്ടിയിൽനിന്നുവീണു. ശീട്ടുവാങ്ങാതിരുന്ന അവനു് ഈശ്വരൻ മടങ്ങിവരാത്ത യാത്രക്കാണു് ശീട്ടുകൊടുത്തതു്. മേലാളരുടെ നിഷ്ഠുരണ്ടത്തിൽ വണ്ടിയവനു് വിമുക്തി നൽകി. ഇതാണു് പിഴച്ച ചീട്ടിലെ കഥ.

"അധഃ പതിതൻ കക്കിയ ചോരത്തുപ്പി
ആവണ്ടികാനൂ കരിയാണ്ടധൂമം

നിശ്ചേതനങ്ങൾക്ക മനുഷ്യരേക്കാൾ
കുട്ടംജഗത്തിൽ കനിവെന്നുതോന്നും''

എന്നു് ആ ദീനതയിൽ ആക്രോശിച്ച കവി,

''ദുരന്തദുഃഖത്തിനു പാത്രമായി
നരൻനശിക്കുന്നു ദിനങ്ങൾതോറും,
പരൻ പണക്കുന്നു പടുത്തിടുന്നു!—''

ഇങ്ങനെ അവസാനം ലോകസ്ഥിതിയുടെ പേരിൽ നമ്മുടെ ശ്രദ്ധയെ നയിക്കുകയാണു്.

ലോകത്തിലെ ഉച്ചനീചത്വങ്ങളെനോക്കി നെടുവീർപ്പിടുന്നതാണു് ശോകാന്തനാടകം.

''മർത്ത്യനും മർത്ത്യനും മദ്ധ്യേകിടക്കമീ
ഗർത്തമൊന്നെന്നു നീകക്കുന്നുദൈവമെ!''

എന്നു് കവി നെടുവീർപ്പിടുമ്പോൾ ''കഷ്ടം! എന്തൊരാഴ മാണിതു്!'' എന്നു നാം തനിയെ ചോദിച്ചുപോകും. ചുരുക്കം വരികളിൽ അസമത്വത്തെ ഹൃദയസ്പൃക്കായി കാണിച്ചിട്ടുണ്ടു്. വർഷാ സൌന്ദര്യത്തിനെ ഭാവനാസുരഭിലമായ ഏതാനും പദ്യങ്ങളെക്കൊണ്ടു് മനോഹരമായി വർണ്ണിച്ചുകാട്ടി കാർമേഘത്തിന്റെ കുന്നും കുഴിയും ഭേദമില്ലാത്ത ഔദാര്യത്തിനെ ശ്ലാഘിക്കുകയാണു് 'വർഷചിന്ത'യിൽ.

''സമത്വമാണീ യുലകിൻ തലക്ക
കേറാത്ത ലോകോത്തരതത്വമിന്നും''

എന്നു് കവി ഇതിൽ അനുസ്മരിപ്പിക്കുന്നു. ദരിദ്രായ ഒരച്ഛനും മകളും; രോഗപീഡയും നിസ്സഹായതയും രണ്ടു ജീവിതങ്ങളെ ഭൂമുഖത്തുനിന്നു മാച്ചുകളയുന്നു—ഇതാണു് ''കമല''. ചിത്രീകരണം അത്യന്തം തന്മയത്വത്തോടെയാണു്.

'കമലയുടെ ജീവനെ ക്കെട്ടിയെടുക്കുവാൻ
യമപടകളെന്നപോൽ ഞാന്നുമേഘങ്ങളും

അതെ—ആ ജീവൻ, കൊടുങ്കാററുചുററി നടന്ന ഒരു രാത്രിയിൽ അങ്ങനെ മായുകയാണു്. ദീനാനുകമ്പ വളത്തുന്ന കവി,

'ഹഹ! ദുരിതജീവിതാധ്വാവിലനാരതം
ബഹുശതമടിഞ്ഞുവീഴുന്നു പൂമൊട്ടുകൾ'

ഒടുവിലങ്ങനെ സമുദായസ്ഥിതി കാണിച്ചുതരുന്നു.

## മേനവൻ—ഒരു സിംബോളിക്

കവികൾക്കു് ഇന്നുപിടിച്ച ഒരു പ്രസ്ഥാനമാണു് സിംബോളിസം. ഇതിലും നമ്മുടെ കവി വിജയിച്ചിരിക്കുന്നു. 'ഉത്തരം' 'തൊട്ടാവാടി' 'ഉപാലംഭം' ഇവ മൂന്നെണ്ണമാണു് നൈവേദ്യത്തിലെ സിംബോളിക്കവിതകൾ.

പതിവ്രതാധർമ്മത്തിന്റെ മഹിമയെ പ്രകീർത്തിക്കുന്നതാകുന്നു 'ഉത്തരം'. അതിൽ ഒരു ധൂർത്തയും ഒരു പതിവ്രതയും, രണ്ടാൾക്കും പ്രതീകമായി രണ്ടു പുഷ്പങ്ങളെ കല്പിച്ചിരിക്കുന്നു.

'പ്രേമസാമ്രാജ്യത്തിന്നുസീമകൾ കുറിക്കുന്നോ–
രാമഹായതം നിറവേററട്ടെ നിരാലസ്യം
മമ വല്ലഭൻതന്റെ വിരിമാറിടംതന്നിൽ
മമതാബന്ധത്തിന്റെ മാണിക്യമഞ്ചംതന്നിൽ
അതിമാത്രമാംസ്വൈരം, മല്ലെങ്കിൽ സ്വാതന്ത്ര്യം
മതിയാകുമാറുണ്ടു പതിവായ്കണ്ടീടുന്നു' [ഞാൻ

പിച്ചകപ്പൂവിന്റെ ഉത്തരമാണിതു്. പതിവ്രതയുടെ ആത്മസംതൃപ്തി ഇതിലധികം എങ്ങിനെവേണം പ്രകാശിക്കുവാൻ?

സ്ത്രീക്കു ലജ്ജ ഭൂഷണമാണു്. പക്ഷെ, അതിരു കവിഞ്ഞാൽ അതും ദോഷമായിതീരുമെന്നാണു് 'തൊട്ടാവാടി'യിലൂടെ കവി കാണിച്ചിരിക്കുന്നതു്.

'ഭംഗിയിൽ തത്തപ്പച്ചസ്സാരിയിൽ സുമംഗള–
പിംഗളർക്ഷേത്രാന്തികൽ പൂ ച്ചൂടിനില്ക്കു'

ന്ന തൊട്ടാവാടിയെ ചമഞ്ഞൊരുങ്ങിയ ഒരു രാഗിണിയായി കല്പിച്ചു്, ലജ്ജാഭാരത്താൽ അതിന്നു നേരിടുന്ന ദോഷത്തെ ചിത്രീകരിച്ചിട്ടുള്ളതു് അത്യന്തം ഹൃദയാവജ്ജകമായിട്ടുണ്ടു്.

ബാഹ്യസൌന്ദര്യത്തേക്കാൾ ആന്തരസൌന്ദര്യത്തിന്നു വിലകല്പിക്കണമെന്നാണു് 'ഉപാലംഭ'ത്തിലൂടെ കവി നമ്മെ പഠിപ്പിക്കുന്നതു്. വികൃതരൂപിയായ ഒരൊട്ടകത്തെയാണു് കവി യിതിൽ പ്രതീകമായി സ്വീകരിച്ചിട്ടുള്ളതു്. ആ ഒട്ടകം പറയുകയാണു്,

''മുഗ്ദ്ധമാം കൊച്ചാടുങ്ങൾക്കായിഞാൻ സഹിച്ചീടും
മുൾക്കിരിടത്തെപ്പോലും മുഷ്ക്കരക്കയ്യേററവും

സ്വാത്മരക്ഷക്കായ് പൂഴ്ത്തിവെയ്ക്കാറില്ലിവനൊന്നു-
മാത്തരക്ഷണമാണെന്നാന്നവും ഉദ്ദേശ്യവും''

സ്വാത്മം വെടിഞ്ഞ്, പരകാര്യനിരതനായ ഒരു മനുഷ്യന്റെ ജീവിതം ഈ വരികളിലൂടെ പ്രകാശിക്കുന്നുണ്ടല്ലൊ.

'കവി', 'ആയുധപൂജ' എന്ന രണ്ടുകവിതകൾ ഇന്നത്തെ പുരോഗമനക്കാരെ ലക്ഷ്യമാക്കി എഴുതിയിട്ടുള്ളവയാകുന്നു. കാലിക ഗതിപാട്ടുകൊണ്ടുമാത്രം ഒരുവനും കവിയാകുകയില്ലെന്നും, കാലാവിരുതിന്റെ കഥ വേറെ ആണെന്നും 'കവി' കാണിച്ചുതരുന്നു.

നരമാനസവൈകാരിക തിരതല്ലലിലത്രെ
വരസാഹിതിനിലകൊൾവതു പരമോന്നതിയോടും
കഴിവുള്ളവനെഴുതീടുകിലതുനിന്നിടുമെന്നും
കവിയാകുകകളിയല്ലതു കരംവേണ്ടൊരുപണിയാം

ശരിയായ ഒരു കവിയുടെ നില മേനാവൻ നിർണ്ണയിച്ചിരിക്കുന്നത് ഈ മട്ടിലാണ്.

വളരെ ആകർഷകവും ഭാവോജ്ജ്വലവുമാണ് 'ആയുധപൂജ'. അരിവാളിന്റേയും ചുററികയുടേയുമൊക്കെ കലമാണിതെന്നല്ലേ വച്ചിരിക്കുന്നത്? നവയുഗവാദികളോട് കവി പറയുകയാണ്,

''പുതുമ നമുക്കെന്തിതി, ലീമലനാ-
ടിതുവരെ യെത്രപഠിച്ചുവളർന്നു
ആയുധപൂജയുമമിതാഘോഷവു-
മായിരമായിരമാണ്ടുകൾമുതലേ
കേരളമറിയും.....''

എന്നു്. ഉള്ളിൽ പാതകമറിയാത്ത പ്രാചീന കേരളീയർ ആയുധമേന്തിയെങ്കിൽ,

''ചോരചൊരിഞ്ഞവർ കുരുതികലക്കീ-
ല്ലാരൊടുമാരൊടു മടർപൊരുതീല'

പിന്നെ അവരെന്താണ് ചെയ്തതെന്നല്ലേ?

'പാതിരയുച്ചകൾ ഭേദമെഴാതവർ
പാരിനുപലപല ഭൂതികളേകി'

ആ ഭൂതികളെ രചനാഭംഗിയോടെ കവി വർണ്ണിച്ചുകാണിച്ചിട്ടുണ്ട്. അങ്ങനെ നവയുഗവാദികളെ കൺമിഴിപ്പിച്ചു'-

ആയുധധാരികളവരവരാണൊരു
ജീവിത സരണിക-' ളിലേക്ക് പ്രരോചനം ചെയ്യുന്ന ഒരഴകാണ് 'ആയുധപൂജ'യുടേതു്. വാസ്തവത്തിൽ, അവതാരികയിൽ ശ്രീ: കെ. വി. എം. പറയുന്നതുപോലെ സത്വവും മറന്നു പുതുമയിലേക്കു കുതിക്കുന്ന നവീനലോകത്തെ 'പിടിച്ചുനിർത്തി' മേലും കീഴും ആലോചിപ്പിക്കുവാൻ ഈ കവിതകൾക്ക് കഴിവുണ്ട്

## രചന.

മേനാവന്റെ പ്രതിപാദന രീതി അക്ലിഷ്ടവും, രചന സുകുമാരവും ആണെന്ന് ഈ സമാഹാരത്തിലെ വിടെ നോക്കിയാലും അറിയാം. കോമളമായ പദങ്ങളെ കോമളമായ രീതിയിൽ കോർത്തിണക്കി, ചമൽക്കാരത്തിന്റെ അത്യാവശ്യത്തെ പുരസ്കരിച്ചുമാത്രം അലങ്കാരങ്ങളണിയിച്ച് അകൃത്രിമ മധുരമാക്കിയ ഒരു കവിതാരീതിയാണ് മേനാവന്റേതു്. മുകളിൽ ഉദ്ധരിച്ചിട്ടുള്ള പദ്യങ്ങളിൽതന്നെ മേനാവന്റെ ശാബ്ദിക സൗന്ദര്യം വെളിപ്പെട്ടിട്ടുണ്ടെങ്കിലും, 'കവി' തുടങ്ങിയ കവനങ്ങളിൽ അതിനു മിഴിവേറുമെന്നു പറയാം. അദ്ദേഹത്തിന്റെ അനാഡംബരവും അകൃത്രിമ മധുരവുമായ അലങ്കാരങ്ങൾക്കു ഒന്നുരണ്ടു ദൃഷ്ടാന്തങ്ങൾ ഇവിടെ കാണിക്കാം.

''പാടങ്ങളിൽ കട്ടയുടച്ചിടുന്ന
പാവങ്ങൾ പെണ്ണുങ്ങൾ വിടർന്ന കണ്ണാൽ
പാടീരസാരം പകരും പയോദ-
പാളിക്കു നീലോല്പല മാല ചേർപ്പു''

(വർഷചിന്ത).

പാടത്തെ കൃഷീവല കന്യമാർ കർപ്പൂരം പകരുന്ന മേഘപംക്തിക്കു നറുമിഴികളാൽ 'നീലോല്പലമാല ചാർത്തുകയാണെന്ന് അപഹ്നുതി.

''ചിലതരളതാരകൾ മാത്രം പൊതിഞ്ഞതാ-
മുലകൊരു ശവപ്പെട്ടിയെന്നപോൽ ഭീകരം''

(കമല)

ഇരുൾ മൂടിയ രാത്രിയിൽ ചില നക്ഷത്രങ്ങൾ മാത്രം അങ്ങിങ്ങു തെളിഞ്ഞു കാണുന്ന ഉലകം ശവപ്പെട്ടി പോലെ ഭയാനകമാണെന്നു് ഉൽപ്രേക്ഷ.

സന്ദർഭത്തോടിണങ്ങുമ്പോഴേ മേനാവന്റെ അല

# വളരുന്ന  തലമുറ.

ചെറുകഥ.

## മുത്തശ്ശിക്കഥ.

(കുഞ്ഞന്ത്ര്യേൻ)

പണ്ട് പണ്ട് കുഞ്ചുവെന്നു പേരായ ഒരാൾ ഉണ്ടായിരുന്നു. അവൻ ഒരു സമർത്ഥനാണ്; വലിയ കുസൃതിക്കുടുക്കയാണ്; അതിവിരുതനാണ്; ഗംഭീര യുക്തിവാദിയാണ്. ചുരുക്കിപ്പറഞ്ഞാൽ ആയിരം നാവുള്ള അനന്തൻ ആയിരം ദിവസം ഇരുന്ന ഇരുപ്പിൽ ഇരുന്നു കുഞ്ചുവിനോട് വാദിച്ചാലും ശരി, അവൻെറ ഒരൊററ നാവിൽ അടങ്ങി ഓട്ടം വിട്ടോടും.

ഒരു ദിവസം അയാൾക്ക് ഒരു തലവേദന പിടിപെട്ടു. കട്ടകട്ടത്ത തലവേദന. ഉള്ളുകുടഞ്ഞൊരു പനി. കുരുമുളകു വെള്ളവും കുടിച്ചു, ചുക്കരച്ചു നെററിയിലിട്ടു. കുഞ്ചു അങ്ങിനെ മൂടിപ്പുതച്ചു കിടക്കുകയായിരുന്നു. അപ്പോൾ കണ്ടു രണ്ടു നാലു ഭീകര സത്വങ്ങൾ തണ്ടും കയറുമായി അയാളുടെ അടുത്തു വന്നുനില്ക്കുന്നതു്. എന്നാൽ അയാൾ തീരെ ഭയപ്പെട്ടില്ല. ഒട്ടും വകവച്ചതുമില്ല. കുഞ്ചു സഗൌരവം ചോദിച്ചു.

"നിങ്ങളാർ?"

"ഞങ്ങൾ യമകിങ്കരന്മാർ"

"എന്തിനു വന്നു?"

"നിന്നെ കൊണ്ടുപോകാൻ"

"എവിടേയ്ക്കു്?"

"യമലോകത്തേയ്ക്കു."

"ആർ പറഞ്ഞിട്ടു്?"

"യമധർമ്മ മഹാരാജാവു പറഞ്ഞിട്ടു്."

"ശരി ഇപ്പോൾ എനിക്കു സുഖമില്ല. രണ്ടു് ദിവസം കഴിഞ്ഞുവാ."

"വേണ്ട രണ്ടു ദിവസം കഴിയുവാൻ ഇടയില്ല. ഇപ്പോൾതന്നെ നിന്നെ കൊണ്ടുപോകണം"

"കാരണം?"

"നിനക്കു് അറുപതു വയസ്സുവരെയാണു് ആയുസ്സ്. അതു ഇന്നു തികഞ്ഞു. ഇനി നിനക്കു ഭൂമിയിൽ

---

ങ്കാരങ്ങൾക്കുള്ള ആഹ്ളാദത്വം വിശദമാകു.

ഇനി വൃത്തശില്പത്തെപ്പററി രണ്ടുവാക്കു്. വിഷയാൽ ഗുണമായി ദ്രാവിഡസംസ്കൃത വൃത്തങ്ങൾ രണ്ടും സമാഹാരത്തിൽ സ്വീകരിച്ചുകാണുന്നു. എന്നാൽ ചില ദിക്കുകളിൽ, മാമൂലിനെ മുറുകെ പിന്താങ്ങാതെ ചില സ്വാതന്ത്ര്യങ്ങൾ കവി സ്വീകരിച്ചിട്ടുണ്ടു്. ഉദാഹരണങ്ങൾ,

"മായാറായ മരീചിയേററ മണലിൽ.  
വീണു മലർന്നങ്ങനെ—" (വിമാനയാത്ര)

ശാർദ്ദൂല വിക്രീഡിതത്തിൻെറ നാലാംഗണം (മണലിൽ) 'സ'ഗണമാണ്. 'ലിൽ' ഗുരുവാകണം. മാമൂലനുസരിച്ചു് 'ലി'യുടെ പരമായിരിക്കുന്ന ചില്ല് തീവ്രോച്ചാരമല്ലാത്തതിനാൽ ലഘുവായേവരൂ. ഗുരുവമാകാത്തിടത്ത്, കവികൾ സ്വാതന്ത്ര്യം സ്വീകരിക്കണമെന്ന പുതുമ സൃഷ്ടിച്ചിരിക്കയാകണം.

'ഭുവനോത്തരകൃതികൾ പലതലസും കലവിലസും'  
(കവി)

ഇതിൽ 'കൃതികളി'ലെ 'ക' ഗുരുവായിരിക്കേണമെന്നാണു നിയമം. പക്ഷെ, പിമ്പിലെ നിലകൊണ്ടു അതു ഗുരുവാകുന്നുമില്ല. 'അ' നീട്ടിയുച്ചരിച്ചു് 'ക'ഗുരുവാകുന്നതിൽ അഭംഗിതോന്നാത്തതുകൊണ്ടു്, കവി സ്വാതന്ത്ര്യം സ്വീകരിച്ചിരിക്കുന്നു. കവികൾ 'ശീതകർക്കശ നിയമത്തിനു തല താഴ്ത്തിയതറിവില്ല' എന്നു് അദ്ദേഹം പിന്നൊരിടത്തു തൻെറ നിലപാടു് വ്യക്തമാക്കിയിട്ടുമുണ്ടു്—'കവി'യിൽത്തന്നെ.

....**....

സ്ഥാനമില്ല.''

കുഞ്ചു പൊട്ടിച്ചിരിച്ചു. അവൻ ചോദിച്ചു. ഇതാരു പറഞ്ഞു?

''യമധർമ്മമഹാരാജാവു പറഞ്ഞു.''

''ലക്ഷ്യമുണ്ടോ?''

''ഉണ്ട്''

''എവിടെ.''

''ഞങ്ങൾ കൊണ്ടുവന്നിട്ടില്ല.''

കുഞ്ചുവിന്നരിശം വന്നു. അവൻ ഗർജ്ജിച്ചു. ഫോ കഴുതകളെ കള്ളം പറഞ്ഞു വന്നിരിക്കുകയാണൊ? ലക്ഷ്യം കൊണ്ടുവാ.

യമകിങ്കരന്മാർ ആകെ വട്ടത്തിലായി. അവർ തിരിച്ചുപോയി യമധർമ്മന്റെ അടുത്തുചെന്നു പഞ്ചപുഞ്ഛമടക്കിനിന്നു വിവരമെല്ലാം അയാളോടുണർത്തിച്ചു. യമധർമ്മന്നു ദ്വേഷ്യംവന്നു. അടക്കവാൻ വയ്യാത്തകോപം. ''ഛീ തടിമാടന്മാരെ!'' അവനെ പിടിച്ചുകെട്ടി കൊണ്ടുവരാതെ നിങ്ങൾ തിരിച്ചുവന്നിരിക്കുന്നു അല്ലെ? എന്നലറി അയാൾ യമകിങ്കരന്മാർക്ക കണക്കിന്നോരോന്നുകൊടുത്തു്, ബ്രഹ്മാവിന്റെ വിധിപത്രവും എടുത്തു്, ഒരു കുററൻ പോത്തിന്റെ പുറത്തുകയറി രോഷാകുലനായി ശരേയെന്നു കുഞ്ചുവിന്റെ അടുത്തു വന്നുനിന്നു. യമധർമ്മനെ കണ്ട കുഞ്ചു എഴുന്നേററിരുന്നു ചോദിച്ചു.

''നിങ്ങളാരാണ്?''
''ഞാൻ'' യമധർമ്മൻ
ഇവിടെവരേണ്ട ആവശ്യം?''
''നിന്നെ കൊണ്ടുപോകുവാൻ''
''എങ്ങോട്ടു്''
''കൊടും നരകത്തിലേക്കു്''
''ഇപ്പോൾ തരമില്ല''

ഹാ! ഹാ! തരമില്ല അല്ലെ. കൊള്ളാം. എടാ ഇതാ നോക്കു്. നീ എന്റെ കിങ്കരന്മാരോടു ചോദിച്ച ലക്ഷ്യം എന്നുപറഞ്ഞു ഒരു ഓലയെടുത്തു് യമധർമ്മൻ കുഞ്ചുവിന്നുനീട്ടി. കുഞ്ചു അതുവാങ്ങി അവന്റെ പായച്ചുവട്ടിൽനിന്നും ഒരു എഴുത്താണിയെടുത്തുഅറുപതു് എന്നു ഓലയിൽ എഴുതിയിരുന്നതിന്റെ വലത്തുഭാഗത്തു് ഒരു പൂജ്യംഇട്ടു്, ''അറുന്നൂറ,'' എന്നു അയാൾ വായിച്ചു. യമധർമ്മനോടു ചോദിക്കുകയാണ്, 'എന്താഹെ! ഇതിൽ അറുപതു് എന്നാണ് എഴുതിയിരിക്കുന്നതു് അല്ലെ? കഷ്ടം! നോക്കിവായിക്കാൻ പഠിച്ചിട്ടില്ലെ? ആളെക്കണ്ടാൽ പോലീസ് കമ്മീഷ്ണരെപ്പോലെ ഇരിക്കുന്നുണ്ടല്ലൊ?' എന്നു്.

ഇതുകേട്ടു് യമധർമ്മന്നു വല്ലാത്ത കോപംവന്നു. നിന്റെ വിളയാട്ടം ഇവിടെ ഒട്ടും നടക്കുകയില്ല. ബ്രഹ്മലിഖിതത്തിന്നു അപ്പുറം നീ എന്തുതന്നെ ചെയ്താലും അതു വിലപ്പോവുകയില്ല എന്നുപറഞ്ഞു യമധർമ്മൻ കുഞ്ചുവിന്റെ കയ്യിൽനിന്നു ഓല തട്ടിപ്പറിച്ചു.

കുഞ്ചു — എന്തു് ബ്രഹ്മലിഖിതമൊ?. അതു് എന്തു ലിഖിതമാണ്.

യമധർമ്മൻ:— അതാ ബ്രഹ്മാവിന്റെഎഴുത്തു്. അതായതു തലേലെഴുത്തു എന്നു നീ കേട്ടിട്ടില്ലെ?

ഉവ്വെന്നു കുഞ്ചു സമ്മതിച്ചു. എന്നാൽ അറുന്നൂറിനെ കുഞ്ചു മുറുക്കിപ്പിടിച്ചു. യമധർമ്മനും കുഞ്ചുവും തമ്മിൽ കശപിശയായി. ഒടുവിൽ ബ്രഹ്മാവിന്റെ അടുത്തു മദ്ധ്യസ്ഥതക്കു തീർച്ചയാക്കി. എന്നാൽ തനിക്കു ബ്രഹ്മാവിന്റെ അടുത്തുപോകേണ്ട ആവശ്യമില്ലെന്നും അഥവാ അങ്ങോട്ടു പോകേണമെങ്കിൽ യമധർമ്മൻ,തന്നെ ചുമലിൽ എടുക്കണമെന്നും കുഞ്ചു പറഞ്ഞു. കുഞ്ചുവിനെ ബ്രഹ്മാവിന്റെ അടുത്തു കൊണ്ടുചെന്നാൽ മദ്ധ്യസ്ഥതയിൽ കുഞ്ചു പരാജയപ്പെടുമെന്നും, അപ്പോൾ അവനെ നരകത്തിൽ ഇട്ടു വട്ടം കറക്കാമെന്നും വിചാരിച്ചു യമധർമ്മൻ അപ്രകാരം സമ്മതിച്ചു.

കുഞ്ചുവിനെ ചുമലിൽ എടുത്തു, പോത്തിന്റെ കയറും പിടിച്ചു യമധർമ്മൻ ബ്രഹ്മലോകത്തേക്കുതിരിച്ചു. ബ്രഹ്മസന്നിധിയിൽ എത്തി കുഞ്ചുവിനെ ബ്രഹ്മാവിന്റെ മുന്നിൽ നിറുത്തി ഇതാ ബ്രഹ്മാവു എന്നു്കുഞ്ചുവിനോടു അയാൾ പറഞ്ഞു. കുഞ്ചു ബ്രഹ്മാവിനെ നല്ലവണ്ണം ഒന്നു ഉററുനോക്കിക്കൊണ്ടു, 'ഛീ ഈയാളെയാണൊ മദ്ധ്യസ്ഥതയ്ക്കു തീരുമാനിച്ചതു്. വെറും അംഗഹീനൻ (ബ്രഹ്മാവിന്നു ഒരു തലയില്ല, അതു ശിവൻ നുള്ളിയെടുത്തു എന്നൊരു പുരാണമുണ്ടു്) ആളിൽകുറിയവനേയും അംഗഹീനനേയും വിശ്വസിക്കരുതെന്നു

പഴഞ്ചൊല്ലില്ലെ? പോരെങ്കിൽ ഇയാളുടെ പ്രവൃത്തി തന്നെഒന്നാലോചിച്ചുനോക്കു. കുബേരൻ, ദരിദ്രൻ, സുന്ദരൻ, വിരൂപൻഎന്നുവേണ്ട നാനാപ്രകാരത്തിലാണ് ഇയാളുടെ സൃഷ്ടിതന്നെ. ഇത്തരത്തിൽ വക്ഷഭേദം കണക്കാക്കുന്ന ഇവിൻെറ വാക്കിനെ എങ്ങിനെവിശ്വസിക്കും. ഇവനെ ഒഴിച്ചു വിശ്വാസയോഗ്യനായ വേറെ ആളുണ്ടെങ്കിൽ പറയൂ. ആവിടേയ്ക്കു പോകാം. പക്ഷെ ഒരു കാര്യം വേണം; എന്നെ അങ്ങോട്ടേയ്ക്കെടുക്കണം അല്ലാതെ ഞാൻ വരികയില്ല.''

യമധർമ്മൻെറ കണ്ണുചുമന്നു. സഹിക്കവയ്യാത്ത ദ്വേഷ്യം അടക്കിക്കൊണ്ടു ''ഉണ്ടടാ, ഉണ്ട് ശിവൻ.'' എന്നും പറഞ്ഞു പല്ലുഞെരിച്ചു നാവുകടിച്ചു കുഞ്ചുവിനെ എടുത്തു ശിവൻെറ മുമ്പിൽ കൊണ്ടുവച്ചു.കുഞ്ചു ശിവനെ ആപാദചൂഡം ഒന്നു നോക്കി. മെല്ലെ ഒന്നു ചിരിച്ചു. എന്നിട്ടു അയാൾ പറഞ്ഞു. ''അയ്യേ വഷളു് സ്വന്തം ഭാര്യയെ അറിയാതെ വേറൊരു പെണ്ണിനെ പ്രേമിച്ചു അവളെ തലമുടിക്കെട്ടിനുള്ളിൽ ഒളിപ്പിച്ചുവച്ചു,പതിവ്രതനാണെന്ന ഭാവംനടിച്ചു ഭാര്യയെമടിയിൽഇരുത്തി സന്തോഷിപ്പിച്ചുകൊണ്ടിരിക്കുന്ന കാട്ടുകള്ളൻ ഇവൻെറ മദ്ധ്യസ്ഥത വേണ്ടേ വേണ്ട. നിങ്ങൾ എന്താണ് മിസ്റ്റർ യമധർമ്മൻ! ആളെകളിപ്പിക്കുന്നതു്? എനിയ്ക്കു എൻെറ വീട്ടിൽ നേരത്തെ ചെല്ലണം ഞാൻ അടുത്തില്ലെങ്കിൽ എൻെറഭാര്യപച്ചവെള്ളംപോലും കുടിക്കുകയില്ല. എന്തിനവളെ കഷ്ടപ്പെടുത്തുന്നു? എന്നെകാണാതെ എൻെറ മൂത്തമകൻെറ കുട്ടി നിലവിളി കൊണ്ടുപിടിച്ചിരിക്കുകയായിരിക്കും. എനിക്കു ഈകളിയാട്ടം ഒന്നും മുതലാകുന്ന സംഗതിയല്ല. ഒന്നുകിൽ എന്നെഎടുത്തു വീട്ടിൽ കൊണ്ടുചെന്നാക്കുക. അല്ലെങ്കിൽ സകലസമ്മതനായ ഒരാളുടെഅടുത്തുപോവുക. എന്നെ എടുക്കാതെ പറവുകയില്ല'' എന്നു്.

യമധർമ്മൻെറ ശരീരം ആപാദചൂഡം ഒന്നു വിറച്ചു, കൈ ഞെരിച്ചുകൊണ്ടു അയാൾ ''വൈകുണ്ഠത്തിൽ മഹാവിഷ്ണുഇരുപ്പുണ്ടു. അവിടെ നിൻെറ ഇത്തരത്തിലുള്ള പിച്ചുളാട്ടം സാധിപ്പില്ല. പോക അവിടേക്കു്; അവിടെ ചെന്നു അദ്ദേഹത്തിൻെറ മദ്ധ്യസ്ഥതയ്ക്കു ശേഷം നിന്നെ ഞാൻ കുംഭീപാതനരകത്തിൽ ഇട്ടു പൊടിപൊടിച്ചില്ലങ്കിൽ മേലിൽ ഞാൻ യമധർമ്മൻെറ ഉദ്യോഗം കൊണ്ടുനടക്കുകയില്ല'' എന്നും പറഞ്ഞു കുഞ്ചുവിനെ എടുത്തു തോളിലേററി വൈകുണ്ഠത്തിൽ ചെന്നു് വിഷ്ണുഭഗവാൻെറ മുമ്പിൽ അവനെ പെട്ടെന്നങ്ങിട്ടു.

കുഞ്ചു വീണശബ്ദംകേട്ടു വിഷ്ണു ഉറക്കത്തിൽനിന്നും ഉണർന്നു കണ്ണുതുറന്നു നോക്കി. ഉടനേ കുഞ്ചു തട്ടിപ്പിടഞ്ഞെഴുന്നേററു നീട്ടിപ്പിടിച്ചു ഒരു ദണ്ഡനമസ്കാരംചെയ്തു് പിന്നോക്കം സ്വല്പമൊന്നെഴുന്നേററു മാറി പഞ്ചപുഞ്ചരമടക്കിനിന്നു. വിഷ്ണു എഴുന്നേററിരുന്നുകൊണ്ടു്

എന്താണിതു്

കുഞ്ചു:—അടിയനൊരു സങ്കടമുണർത്തുവാനുണ്ടു

വിഷ്ണു നീ ആരാണ്

കുഞ്ചു അടിയൻ കുഞ്ചു

വിഷ്ണു എന്താണ് സങ്കടം

കുഞ്ചു:—എത്രയോകാലം നിരന്തരമായി ശീതാതപങ്ങൾ സഹിച്ചു തപസ്സുചെയ്താൽപോലും തിരുമേനിയെ ഒരു അരക്കണ്ണുകാണുവാൻ പ്രയാസമാണ്. സിദ്ധന്മാരായ ഋഷിപുംഗവന്മാർകൂടി എത്രയോനേരം തിരുനാമങ്ങളും സ്തോത്രങ്ങളും ഉച്ചരിച്ചിട്ടുവേണം തമ്പുരാനെ ഒന്നു കാണാൻ. അങ്ങനെ ഇരിക്കുന്ന ഭഗവാൻസന്നിധിയിൽ ഈയുള്ളവൻ യാതൊരു വിഷമവുംകൂടാതെ എത്തിച്ചേർന്നു. അത്രയ്ക്കു പുണ്യവാനായ അടിയനെ ഈ യമധർമ്മൻ കുംഭീപാതനരകത്തിൽഇട്ടു വട്ടംകറക്കുവാൻ പോകയാണത്രെ. ഇതുകേട്ടു ഭഗവാൻ ഒന്നു പുഞ്ചിരിച്ചുകൊണ്ടു കുഞ്ചുവിനോടു് പറഞ്ഞു.

''കുഞ്ചു! നീ ഇവിടെ താമസിച്ചോളൂ'' എന്നു്.

* * * * *

സാമർത്ഥ്യമാണ് വിജയത്തിൻെറ വിളനിലം.

# സഹപാഠികൾ

സഹദേവൻ കോമത്തുകാട്ട്

മമഹൃദയസഖാക്കളേ, നിങ്ങൾതൻ
മടിയിൽവന്നൊന്നണയാൻ കൊതിപ്പൂ ഞാൻ
അനുദിനം നമ്മെ സ്വാഗതം ചെയ്യുവാൻ
കുതുകമാർന്നതാനില്ലം വിദ്യാലയം!
മധുരമോഹനസൌന്ദര്യദീപ്തിതൻ
മഹിമപൂകുന്നതാണാപരിസരം!
ദുരിതമെല്ലാം മറന്നുകല്യുന്നൊരാ-
നിരഘനിർവ്വാണകേന്ദ്രമാണാസ്ഥലം!
അവിടെ, നമ്മളിടയ്ക്കിടെ സസ്പൃഹം
കവിതപാടിനടന്ന ദിനങ്ങളെ,
വിവിധകാര്യങ്ങൾ നമ്മൾപരസ്പരം
അകമഴിഞ്ഞുപറഞ്ഞകാലങ്ങളെ,
പരിചിലന്യോന്യമൊന്നുപോലങ്ങനെ
സൊരുമയാർന്നുകഴിഞ്ഞകാലങ്ങളെ,
നിരുപമോജ്ജ്വലമാവസന്തങ്ങളെ
നിനവിൽനിന്നുനാമെന്നുമറന്നിടും!
സുരഭിലാനന്ദരംഗമേ, നിങ്ങളെ
സ്മരണ ചുംബിച്ചൊഴുകിവന്നീടവെ,
മമഹൃദയസഖാക്കളെ, നിങ്ങൾതൻ
മടിയിൽവന്നൊന്നണയാൻ കൊതിപ്പൂ ഞാൻ
പരിഭവങ്ങൾപറയാറുണ്ടെങ്കിലും
കരുണയാർന്നൊരാണെൻസഹപാഠികൾ
പലവഴിയായ്പ്പിരിഞ്ഞുപോയെന്നിനി
പരിചയക്കാരവരെ,ഞാൻ കണ്ടിടും!
മലർവനികയിൽ മാമരച്ചില്ലയിൽ
അലയടിക്കുന്നപാതിരാത്തെന്നലിൽ
ഒഴുകിവന്നെ,ൻക്കവിതകൾ നിങ്ങളെ-
ത്തഴുകിസാന്ത്വനിപ്പിക്കാൻകഴിയുകിൽ!

* * * * *

വഴിയരികിൽവെച്ചെന്നെങ്കിലും, നമ്മൾ
വരികെതമ്മിലായ് കണ്ടുമുട്ടീടുകിൽ
പരമസായൂജ്യസംതൃപ്തിയിൽ, കുറെ
പറയണേ, ബാല്യകാലസ്മരണകൾ!
അവികലാനന്ദമാവസന്തോത്സവ-
മവിടെവെച്ചൊന്നയവിറക്കീടണേ!

* * * *

അതുലസ്നേഹമാർന്നസഹപാഠികൾ
അകലെയെങ്കിലുമെന്നുമോർമ്മിപ്പൂ ഞാൻ!

# കലാകേന്ദ്രത്തിൻെറ വർഷാന്തറിപ്പോർട്ട്

മാന്യരെ,

കലകളെ സംബന്ധിച്ച പരിജ്ഞാനം ഇന്നു പരിമിതമാണ്. പ്രാചീനപണ്ഡിതന്മാർ ഇതരങ്ങളായ ശാസ്ത്രീയസിദ്ധാന്തങ്ങളെപ്പോലെ കലകളേയും വിശകലനംചെയ്തു കൂലങ്കഷമായി പര്യാലോചിച്ചിട്ടുണ്ടെങ്കിലും അഖണ്ഡനീയമായ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ അന്നത്തെ കലാപ്രണയികളായ ആ ആചാര്യന്മാർക്കുപോലും സാദ്ധ്യമായിട്ടില്ല. അത്ര വിപുലമായ ഒരു വിഷയമാണ് 'കല'. ഇന്നു കലകളെ സാമാന്യം 64 ആയിട്ടാണല്ലൊ വിവക്ഷിക്കുന്നതു്. എന്നാൽ അവക്കു 64 ഉപകലകൾ കൂടിയുണ്ടെന്നു ഒരുവിഭാഗം വിശ്വസിക്കുന്നു. ചിലർ 518 ആന്തരകലകളുണ്ടെന്നു വാദിക്കുന്നു. അവ 64 കലകളിൽ ചേർന്നവയാണെന്നു വേറെ ഒരു വിഭാഗം സയുക്തികം തെളിയിക്കുന്നു. 400 കലകളുണ്ടെന്നു വേറെയും ഒരുപക്ഷം. ബൌദ്ധന്മാരും, ജൈനന്മാരും 72 കലകളെയുള്ളുവെന്നും പറയുന്നു. ഈവിധം കലകളെ സംബന്ധിച്ച ആചാര്യസിദ്ധാന്തങ്ങൾ ഉന്നയിക്കുകയാണെങ്കിൽ അതുതന്നെ വലിയൊരു ഗ്രന്ഥത്തിന്നു വകയുണ്ടാകും.

.... .... .... .... ....

മനുഷ്യൻെറ മാനസീക വ്യാപാരങ്ങൾക്കു അഭികാമ്യങ്ങളായ കർമ്മങ്ങൾ എല്ലാം കലകളാണെന്ന സിദ്ധാന്തത്തെ ആധാരമാക്കി ഇന്നത്തെ ലോകം മനസിൻെറ ദുർബല വശങ്ങൾക്കു പ്രാധാന്യം കൊടുത്തുംകൊണ്ടു ആശ്ലീലവും, ആഭാസവുമായ കർമ്മങ്ങളെപ്പോലും കലകളായി വിവക്ഷിക്കുന്നു.

"വേദാ: സർവ്വേ സ വേദാംഗാ
ഇതിഹാസ സ്ഥഥാഗമഃ॥"

എന്നു് ശ്രീതത്ത്വനിധികാരൻ വേദാന്തേതിഹാസങ്ങൾപോലും കലകളായി കണ്ട ആ കാലഘട്ടത്തിൽനിന്നും, കലകളെ ഉൽകൃഷ്ടങ്ങളായ കർമ്മവിശേഷങ്ങളായി വ്യാഖ്യാനിച്ചിട്ടുള്ള ഭാഗവതത്തിൻെറയും വാത്മീകീരാമായണത്തിൻെറയും കാലഘട്ടത്തിൽനിന്നും അവ ഇത്രയേറെ അധഃപതിക്കുവാനുള്ള കാരണമെന്തു്! വാത്സ്യായന കാമസൂത്രത്തിൽപോലും കലകളെ തരംതാഴ്ത്തിയിട്ടില്ല. ശൃംഗാരചേഷ്ടാവിശേഷങ്ങളിൽ കലകളെ ദർശിച്ച വാത്സ്യായനൻ കലകളിൽ ശൃംഗാരചേഷ്ടകളെ കാണുകയല്ല ശൃംഗാരചേഷ്ടകളെ കലകകളായിക്കാണുകയാണ് ചെയ്തതു്. കലകളെപററി അവഗാഢമായി ചിന്തിക്കുകയും അവയുടെ രൂപഭേദങ്ങളെ അതിസൂക്ഷ്മം ദർശിക്കുകയും ചെയ്തിട്ടുള്ള ഈ ഭാരതത്തിൽ—വിശേഷിച്ചു കേരളത്തിൽ അധഃപ്പതിക്കുക—അല്ലങ്കിൽ അലങ്കോലപ്പെടുകയെന്നതു തീകച്ചും വേദനാജനകമാണ്. അതുകൊണ്ടു് കലകളെ സംബന്ധിച്ചേടത്തോളം വളർന്നുവരുന്ന തലമുറക്കു ഒരു പ്രായോഗിക പരിജ്ഞാനം നൽകുകയെന്നതു അത്യാവശ്യമായിത്തീർന്നിരിക്കുന്നു.

ഈദൃശങ്ങളായ വിഷയങ്ങളെ സംബന്ധിച്ചു് ഞാനും, ശ്രീ: എ. വി. എസ്സ്. പണിക്കരും. (എ. വി. സുബ്രഹ്മണ്യപണിക്കർ) പലപ്പൊഴും ചിന്തിക്കാറുണ്ടു്. പേരു് എടുത്ത കലോത്സവങ്ങളിൽ പലതും ഞങ്ങൾ സന്ദർശിച്ചു പങ്കുകൊണ്ടിട്ടുണ്ടു്. പ്രായേണ ആ വക രംഗങ്ങളിൽനിന്നു ഞങ്ങൾക്കു നിരാശയാണു അനുഭവപ്പെട്ടിട്ടുള്ളതു്. കലാപരമായ കഴിവു് ഞങ്ങൾക്കു പരിമിതമാണ്. പക്ഷെ ആർഷസംസ്കാരത്തിൻെറ അജയ്യമായ ആദ്ധ്യാത്മീക പ്രകാശത്തിൽ ഓരൊ കാര്യങ്ങളും സ്വന്തമായി പരിശോധിച്ചു തന്റേതായ ഒരു അഭിപ്രായം രൂപവൽകരിക്കുകയെന്നതു് ഞങ്ങളെ സംബന്ധിച്ചേടത്തോളം ഒരു വിനോദമാകുന്നു. ആ നിലയിൽ കലകളെ സംബന്ധിച്ചും ചില അഭിപ്രായങ്ങൾ ഞങ്ങൾക്കുണ്ടായി. അതിൻെറ പരിണതഫലമായി ഏറെക്കുറെ പണ്ഡിതന്മാരെ കാണുകയും ഞങ്ങളുടെ അഭിപ്രായങ്ങളെ ഉന്നയിക്കുകയും ചെയ്തു. അവരിൽനിന്നു കിട്ടിയ നിരന്തരമായ പ്രചോദനം ഞങ്ങളുടെ ഈ പ്രസ്ഥാനത്തിനു് ബീജാവാപം ചെയ്തു. അതായതു കലകളെ അർഹിക്കുന്ന വിധത്തിൽ പ്രോ

ത്സാഹിപ്പിക്കുവാനും, അതാതു കലകളിൽ വിശേഷജ്ഞരായവരേയും ചിന്തകന്മാരായ ശാസ്ത്രജ്ഞന്മാരേയും സംയോജിപ്പിച്ചു ഇന്നത്തെലോകത്തിനു ആവശ്യവും പ്രായോഗികവുമായ പരിജ്ഞാനം നൽകുവാൻ തക്ക കഴിവുള്ള ഒരു സംഘടന കെട്ടിപ്പടുക്കുവാൻതന്നെ തീരുമാനിച്ചു. അതനുസരിച്ചു കലാകുതുകികളായ പലരേയും ക്ഷണിച്ചുകൊണ്ടു 1954 മേയ് 3-ാംനു മുററിച്ചൂർ ആനന്ദയോഗാശ്രമത്തിൽവെച്ചു് Dr. K. K. R. Dass Ph. Dc. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം വിളിച്ചുകൂട്ടി. അന്നത്തെ ആ യോഗത്തിന്റെ തീരുമാനമനുസരിച്ചു "കലാകേന്ദ്രം അസോസിയേഷൻ" എന്ന പേരിൽ ഒരു സംഘടന രൂപവൽക്കരിച്ചു. അതിനു ശ്രീ: എ. വി. എസ്സ്. പണിക്കരെ അദ്ധ്യക്ഷനായും ശ്രീ: യം. ഡി. കുരുപ്പിനെ കാര്യദർശിയായും, വിദ്വാൻ കെ. വി. ശങ്കരക്കുറുപ്പ്, വിദ്വാൻ കെ. പ്രകാശം എന്നിവരെ വർക്കിംങ്ങ്കമ്മിററി അംഗങ്ങളായും തിരഞ്ഞെടുത്തു

25-6-'54ൽ തൃശ്ശൂർവെച്ചു്കൂടിയ കലാകേന്ദ്രം അസോസിയേഷന്റെ കമ്മററിയോഗം ഭാവി പരിപാടികളെ സംബന്ധിച്ചു ചർച്ചചെയ്യുകയും "കലാകേന്ദ്ര"ത്തിനു ഒരു ഓഫീസ് ഉണ്ടാകണമെന്നു തീരുമാനിക്കുകയും ചെയ്തു. തുടൻ വിദ്വാന്മാരായ പലരേയും ക്ഷണിച്ചുംകൊണ്ടു് 1-7-'54ൽ ഒരു യോഗം കൂടണമെന്നും ആ യോഗത്തിൽവെച്ചു് ഭാവി പരിപാടികളെപററി ശരിയായ ഒരു തീരുമാനം എടുക്കുകയാണെ യുക്തമെന്നും അഭിപ്രായപ്പെട്ടു.

1-7-'54ൽ കലാകേന്ദ്രം ഓഫീസിൽവെച്ചു് ശ്രീ: എ. വി. എസ്സ്. പണിക്കരുടെ അദ്ധ്യക്ഷതയിൽ ഒരു കാര്യാലോചനായോഗം കൂടി താഴെ കാണിക്കുന്ന തീരുമാനങ്ങൾ എടുത്തു.

### തീരുമാനങ്ങൾ.

1. ഇന്നു കേരളത്തിൽ ജീവിച്ചിരുപ്പുള്ള പ്രസിദ്ധന്മാരായ പണ്ഡിതന്മാരെ നേരിൽകണ്ടു് കലാകേന്ദ്രത്തിന്റെ ആദർശങ്ങളെ ധരിപ്പിക്കുകയും, അവരുൾപ്പെട്ടുന്ന ഒരു ഉപദേശകസമിതി രൂപവൽക്കരിക്കുകയും ചെയ്യുക.

2. കലാകേന്ദ്രം അസോസിയേഷന്റെ അഭിപ്രായങ്ങൾ ഉപദേശസമിതിയെ അറിയിക്കുക. അവരുടെ ഭൂരിപക്ഷാഭിമതമറിഞ്ഞു പ്രവർത്തിക്കുക.

3. ഉപദേശസമിതിയുടേയും കലാകേന്ദ്രത്തിന്റേയും സംയുക്താഭിപ്രായങ്ങൾ പ്രായോഗികമാക്കിത്തീർക്കുവാൻ "ക്ലിപ്ത"ബാദ്ധ്യതയോടുകൂടി "കലാകേന്ദ്രം കമ്പനി" എന്ന പേരിൽ ഇന്ത്യൻ കമ്പനി ആക്ട് അനുസരിച്ചു് ലിമിററഡ് ചെയ്ത ഒരു സ്ഥാപനം ഉണ്ടാക്കുക.

4. ക്ലിപ്തബാദ്ധ്യതയോടുകൂടിയ പ്രസ്തുത കമ്പനിക്കു വരാവുന്ന ലാഭനഷ്ടങ്ങളെ സംബന്ധിച്ചേടത്തോളം കലാകേന്ദ്രം അസോസിയേഷന്നൊ, കലാകേന്ദ്രം ഉപദേശകസമിതിക്കൊ ബാധകമാകാത്തവിധം തിരിച്ചുനിർത്തുകയും എന്നാൽ കലാകേന്ദ്രം കമ്പനിയുടെ പ്രവർത്തനത്തിൽ കലാകേന്ദ്രം അസോസിയേഷനു പരിപൂർണ്ണമായ ഉത്തരവാദിത്വം ഉണ്ടായിരിക്കുകയും ചെയ്യുക.

5. കേരളത്തിൽ പുരാതന കാലംമുതൽ വേദവിദ്യയാലും വേദാംഗങ്ങളായ ഇതരശാഖകളിലും വൈദുഷ്യം സമ്പാദിച്ചിട്ടുള്ള നമ്മുടെ പൂർവ്വികന്മാർ നിർവ്വഹിച്ചുകൊണ്ടിരുന്ന ഗുരുകല വിദ്യാഭ്യാസ സമ്പ്രദായങ്ങളെ പ്രചരിപ്പിക്കുക. ഉണർവ്വും, ഉത്സാഹവും നൽകുന്ന കായികാഭ്യാസാധിഷ്ഠിതമായ കളരിയഭ്യാസമുറകളെ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

6. പാണ്ഡിത്യത്തിന്റേയും പ്രായോഗികപരിജ്ഞാനത്തിന്റേയും അഭാവംമൂലം ആയുർവേദം ജ്യോതിഷം എന്നീ ശാസ്ത്രങ്ങളിൽ പൊതുജനങ്ങൾക്കു നേരിട്ടിട്ടുള്ള അവജ്ഞയെ ആവതും പരിഹരിക്കുവാൻ അതാതു വിഷയങ്ങൾക്കു വിദഗ്ദ്ധരായവരെ വരുത്തി അവർക്കു അവശ്യവും വിചക്ഷണവുമായ നിർദ്ദേശോപദേശങ്ങൾ കൊടുക്കുക.

7. സംഗീതം, സാഹിത്യം, ചിത്രമെഴുത്തു, എന്നിവയെ അവയർഹിക്കുന്നവിധം പ്രോത്സാഹിപ്പിക്കുകയും അവകളിൽ അലഭ്യങ്ങളായ ഗ്രന്ഥങ്ങളെ സംഭരിച്ചു ഒരു ഗ്രന്ഥാലയം ഉണ്ടാക്കുകയും ലുപ്തപ്രചാരങ്ങളായ ഗ്രന്ഥങ്ങളെ കഴിയുന്നതും മുദ്രണംചെയ്തു പ്രചരിപ്പിക്കുകയും ചെയ്യുക.

8. ഓട്ടംതുള്ളൽ; കഥകളി, മുതലായ പ്രസ്ഥാനങ്ങൾക്ക അവശ്യമായ സഹായം നൽകുക. നാട്യാനൃത്ത്യാദികളിലുള്ള കൈമുദ്രകളുടേയും മററു സംവിധാനങ്ങളുടേയും സൂക്ഷ്മതരമായ പരിജ്ഞാനം ഉണ്ടാക്കുവാനുള്ള പദ്ധതികൾ സൃഷ്ടിക്കുക.

9. കലാകേന്ദ്രം കമ്പനിയുടെ വ്യാപാരത്തിൽ നിന്നും ലഭ്യമാകുന്ന ആദായം ഈ വക പ്രസ്ഥാനങ്ങളുടെ പ്രചരണത്തിന്നും പ്രവൎത്തനത്തിന്നും വിനിയോഗിക്കാവുന്ന വിധം വ്യവസ്ഥചെയ്യുക.

10. അധഃപ്പതിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ആൎഷസംസ്കാരത്തെ സമുദ്ധരിതമാംവിധം സമുദ്ധരിക്കുവാൻ ആവശ്യമായ എല്ലാ നടപടികളും എടുക്കുക.

5–7–54ൽ കലാകേന്ദ്രത്തിന്നു ഒരു ഉപദേശകസമിതി രൂപവൽക്കരിക്കുവാൻവേണ്ടി ഞാനും ശ്രീ: എ. വി. എസ്സ്. പണിക്കരും കേരളമൊട്ടുക്ക് ഒരു പൎയ്യടനം നടത്തി.

20—7—'54ൽ

ശാസ്ത്രവിഭാഗത്തിന്നു്;

ശ്രീ: ആററൂർ കൃഷ്ണപിഷാരോടി.
,, കെ. വാസുദേവൻമൂസ്സ്.
,, ശൂരനാട്ടു കുഞ്ഞൻപിള്ള.
,, എൻ. ഗോപാലപിള്ള.
,, കടത്തനാട്ടു ശങ്കരവൎമ്മത്തമ്പുരാൻ.
,, വി. കെ. നാരായണഭട്ടതിരി.

സാഹിത്യം കല, എന്നിവക്കു;

ശ്രീ: പി. വി. കൃഷ്ണവാരിയർ.
,, എ. ഡി. ഹരിശൎമ്മ.
,, കെ. കെ. രാജ.
,, ഇ. കെ. നാരായണൻപോററി
,, കെ. പി. നാരായണൻ പിഷാരോടി.
,, സി. കെ. വാരിയർ.
,, അകവൂർ നാരായണൻ നമ്പൂതിരി.
,, വെള്ളായ്ക്കൽ ഗോവിന്ദമേനോൻ.
,, എ. പി. രാമൻ.
,, എ. സി. ശങ്കരനാരായണൻ.

നിയമ വിഭാഗം;

ശ്രീ: കോമാട്ടിൽ അച്യുതമേനോൻ.
,, പുത്തേഴത്തു രാമമേനോൻ.
,, വി. നാഗപ്പൻ നായർ.

മെഡിക്കൽ വിഭാഗം;

Dr: വി. എൻ. കൃഷ്ണയ്യർ.
Dr: വി. കെ. ജി. മേനോൻ.
ശ്രീ: കുട്ടഞ്ചേരിമനമൂസ്സ്.
,, തൈക്കാട്ടുശ്ശേരി രവിമൂസ്സ്.
,, പി. വാസുനമ്പീശൻ.
,, കെ. പി. നാരായണൻ നമ്പൂതിരി.
Dr: കെ. കൊച്ചുണ്ണിമേനോൻ.
Dr: പി. ഗൌരിഅമ്മ;

എന്നിവരെയെല്ലാം സംയോജിപ്പിച്ചു ഒരു വിദഗ്ദ്ധമായ ഉപദേശസമിതി രൂപവൽക്കരിച്ചു.

ഷേയർ ഒന്നുക്കു 100ക. പ്രകാരം 500ഷേയർ വില്ക്കാവുന്ന വ്യവസ്ഥയോടുകൂടി 50000രൂപ മൂലധനം കാണിച്ചുകൊണ്ടു ഇന്ത്യൻ കമ്പനി ആക്ടനുസരിച്ചു് 1954നവമ്പർ22നു- കലാകേന്ദ്രം കമ്പനി ലിമിററഡ്. എന്ന പേരിൽ ക്ലിപ്തബാദ്ധ്യതയോടുകൂടി ഒരു കമ്പനി ലിമിററഡ് ചെയ്തു.

ശ്രീ: എ. വി. എസ്സ്. പണിക്കർ. ഈ സ്ഥാപനത്തിന്റെ നടത്തിപ്പു ഭദ്രമായിത്തീരുന്നതുവരെ അഞ്ചുവൎഷം മേനേജിംങ്ങ് ഡയറക്ടറായി നിശ്ചയിച്ചിരിക്കുന്നു.

27—7—54ൽ ഞങ്ങൾ ശ്രീ ആസ്ഥാനകവി വള്ളത്തോൾ നാരായണമേനോനെ കാണുകയും വിവരം ധരിപ്പിക്കുകയും ചെയ്തു. അദ്ദേഹം കലാകേന്ദ്രത്തെ അനുഗ്രഹിച്ചിട്ടുണ്ടു്.

തിരു: കൊച്ചി രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു തൃശ്ശൂരിന്നെഴുന്നള്ളിയ അവസരത്തിൽ ഞങ്ങൾ മുഖം കാണിക്കുകയും കലാകേന്ദ്രത്തിന്റെ ഉദ്ദേശങ്ങളെ വിവരിച്ചു ധരിപ്പിക്കുകയും ചെയ്തു. തിരുമനസ്സുകൊണ്ടു വളരെ താല്പൎയ്യം പ്രകടിപ്പിക്കുകയും "കലാകേന്ദ്രം ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുകാണുവാൻ ആഗ്രഹമു

ണ്ടെന്നും ഇനിയെങ്കിലും കാണാറാവാൻ ഇടവരുമ്പോൾ പൂർവ്വാധികം വിജയിച്ചിട്ടുണ്ടെന്ന് അറിയണമെന്നു അരുളിച്ചെയ്യുകയും ചെയ്തു. സത്യസന്ധനും ദൈവികാനുഗ്രഹംകൊണ്ടു നിത്യനിർമ്മലനും ശാന്തനുമായ തിരുമനസ്സിലെ പ്രോത്സാഹനം കൂടുതൽ പ്രവൃത്തിക്കുവാൻ ഞങ്ങളെ ശക്തരാക്കി.

കലാകേന്ദ്രത്തിന്റെ സാമ്പത്തികനില ഭദ്രമാക്കുന്നതിനു വ്യവസായപരമായ ഒരു മാർഗ്ഗം അവലംബിക്കേണ്ടതാണെന്നും ആയുർവേദ വിഷയങ്ങളെ സംബന്ധിച്ച് പര്യാലോചിക്കാൻ 1954 ഡിസംബർ 11-ാം ഉപദേശകസമിതിയെ വിളിച്ചുകൂട്ടി. ആ യോഗത്തിൽ സന്നിഹിതരായവർ

1 Dr: വി. എൻ. കൃഷ്ണയ്യർ.
2 കെ. കെ. രാജാ.
3 പി. വാസുനമ്പീശൻ.
4 Dr. കെ. കൊച്ചുണ്ണിമേനോൻ.
5 കോമാട്ടിൽ അച്യുതമേനോൻ.
6 പുത്തേഴത്ത് രാമമേനോൻ.
7 ആറ്റൂർ കൃഷ്ണപ്പിഷാരോടി.
8 വെള്ളായ്ക്കൽ ഗോവിന്ദമേനോൻ.
9 കെ. വാസുദേവൻമൂസ്സ്(KVM)
10 എ. കെ. കുമാരനുണ്ണിക്കർ.
11 എം. ഡി. കുറുപ്പ്
12 എ. വി. എസ്സ്. പണിക്കർ.
13 കെ. പി. നാരായണപിഷാരോടി.
14 Dr. കെ. കെ. രാമദാസ്സ്.

എന്നിവരാകുന്നു.

ആ യോഗത്തിന്റെ തീരുമാനമനുസരിച്ച് കലാകേന്ദ്രം കമ്പനി ലിമിറ്റഡിന്റെ ഉത്തരവാദിത്വത്തിൽ "കലാകേന്ദ്രം ആയുർവേദ റിസർച്ച് ലാബ്രട്ടറീസ്സ് & നേഴ്സിങ്ങ് ഹോം." എന്ന ഒരു സ്ഥാപനം ജനുവരി 30-ാംനു ഉൽഘാടനം ചെയ്തു.

ആയുർവേദഔഷധങ്ങളെ വിശകലനം ചെയ്തു ഗുണദോഷങ്ങളെ അറിയുന്നതിനും ഏറ്റവും യോഗ്യമായവിധം ഔഷധങ്ങൾ തയ്യാർ ചെയ്തു മിതമായ വിലക്കു വിതരണം ചെയ്യുവാനും, രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്നതിനും, മററും അവശ്യമായ ഉപകരണങ്ങളോടുകൂടി ഈ സ്ഥാപനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

നേഴ്സിങ്ങ് ഹോമിൽ വരുന്ന രോഗികളെ പരിശോധിച്ചു ചികിത്സിക്കുന്നതിനുവേണ്ടി ആയുർവൈദ്യൻ എ. കെ. ചന്ദ്രശേഖരൻ പണിക്കരേയും, വൈദ്യപാദൻ കെ. എസ്സ്. സോമശേഖരനേയും തല്ക്കാലം നിയമിച്ചിട്ടുണ്ട്. അവർക്കു അസാദ്ധ്യങ്ങളായി തോന്നുന്ന രോഗികളെ സംബന്ധിച്ചേടത്തോളം വിദഗ്ദ്ധമായ തീരുമാനത്തിനും വേണ്ടതായ നിർദ്ദേശങ്ങൾ കിട്ടുവാനും ശ്രീ കുട്ടഞ്ചേരി മൂസ്സ്, തൈക്കാട്ടുശ്ശേരി രവിമൂസ്സ്, പി. വാസുനമ്പീശൻ, കുന്നത്തുമനക്കൽ നാരായണൻ നമ്പൂതിരി, എന്നിവർ യഥാകാലം വേണ്ടതു ചെയ്തുകൊള്ളാമെന്നു വാഗ്ദത്തം ചെയ്യുകയും ചെയ്തിട്ടുണ്ട്.

അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളെയും കേവലം അഗതികളേയും സൌജന്യമായി ചികിത്സിക്കുവാൻ വേണ്ടതായ ഏർപ്പാടുകൾ അസോസിയേഷന്റെ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കുവാൻ തീരുമാനിക്കുകയും ആ വക ഒരു "ധർമ്മഫണ്ട്" ഉണ്ടാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്നേവരെ ചെയ്തുപോന്നിട്ടുള്ള ധാർമ്മികചികിത്സകൊണ്ട് പൊതുവെ പൊതുജനങ്ങൾക്കു വിശ്വാസവും ആശ്വാസവും വളർത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

എന്നാൽ റിസേർച്ചിനു വേണ്ടതായ ഉപകരണങ്ങൾ സംഭരിക്കുവാൻ ഞങ്ങൾ ശ്രമിച്ചു. 2 വർഷംകൊണ്ട് അതിനും ഒരു രൂപഭദ്രതയുണ്ടാക്കാമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഒരു ഭീമമായ തുക ആവശ്യമായതുകൊണ്ടു ഗവർമ്മെന്റിന്റെ സഹായം ഞങ്ങൾ അഭ്യർത്ഥിക്കുന്നുണ്ട്.


1954 ഡിസമ്പർ 23-ാംനു കലാകേന്ദ്രം കമ്പനി ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് മീററിങ്ങ് കൂടുകയും ആ യോഗത്തിന്റെ തീരുമാനമനുസരിച്ച് ശാസ്ത്രം, സാഹിത്യം, കല, എന്നീ വിഷയങ്ങൾക്കു മാത്രം പ്രാധാന്യം കൊടുത്തുകൊണ്ട് ശ്രീ: എ. വി. എസ്സ്. പണിക്കരുടെ പത്രാധിപത്യത്തിൽ നടത്തി വരുന്ന "കളരി" പ്രതിമാസപത്രിക ഏറ്റെടുക്കുകയും കലാകേന്ദ്രത്തിന്റെ മുഖപത്രമെന്നനിലയിൽ അതു പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. വിദ്വേഷത്തിനു വളംവെച്ചു തമ്മിൽതല്ലി കലാപങ്ങളുണ്ടാക്കി അസമത്വവും അന്യായവും വളർത്തി ശാന്തിയും സമാധാനവും കണികാണുവാൻപോലും കഴിവില്ലാത്തവിധം ഇടപ്പള്ളിയിലെ അന്ധമായ ഒരു അന്തരീക്ഷത്തിനു കളമൊരുക്കുന്ന ഒരുതരം സാഹിത്യപ്രസ്ഥാനങ്ങളോടും പത്രങ്ങളോടും "കളരി" അകന്നുനിന്നു പ്രവർത്തിച്ചിട്ടുണ്ട്. അതുകൊണ്ടു ഒരുവിഭാഗം ജനങ്ങളെ പ്രീതിപ്പെടുത്തുവാൻ കളരിക്കു കഴിഞ്ഞിട്ടില്ല. അവരോടു മാപ്പുചോദിക്കുവാൻ ഈ സന്ദർഭം ഞങ്ങൾ വിനിയോഗിക്കട്ടെ!

27-ഡിസമ്പറിൽ വീണ്ടും ഞങ്ങൾ തിരുവനന്തപുരത്തുപോയി കവടിയാർ പേലസ്സിൽവെച്ചു രാജപ്രമുഖൻ തിരുമനസ്സിനെ മുഖംകാണിച്ച് കലാകേന്ദ്രത്തിന്റെ പ്രവർത്തനപരിപാടികളിൽ കൈക്കൊണ്ടിട്ടുള്ള കാര്യങ്ങളെ ഗ്രഹിപ്പിച്ചു. ആ യാത്രയിൽ തിരുവനന്തപുരത്തുള്ള പല പണ്ഡിതന്മാരേയും കാണുകയും ഈ പ്രസ്ഥാനത്തിന്റെ അഭ്യുന്നതിക്കു ആവശ്യങ്ങളായ നിർദ്ദേശങ്ങൾ ലഭിക്കുകയും ചെയ്തു. ആ യാത്ര കലാകേന്ദ്രത്തെ സംബന്ധിച്ചിടത്തോളം പ്രധാനമായ ഒരു പ്രചരണത്തിന്ന് നിദാനമായിട്ടുണ്ടെന്നു പറയാവുന്നതാണ്.

ഡിസമ്പർ ആദ്യവാരത്തിൽ തിരൂർവെച്ചുകൂടിയ തുഞ്ചത്തെഴുച്ഛന്റെ ജന്മദിനോത്സവത്തിന്നു ഞങ്ങൾ സംബന്ധിക്കുകയും യു. ഗോവിന്ദൻകുട്ടിനായർ പി. കുഞ്ഞിരാമൻനായർ തുടങ്ങിയ അനേകം സാഹിത്യകാർന്മാരെകണ്ട് കലാകേന്ദ്രത്തിന്റെ പ്രവർത്തനപരിപാടികളെ ധരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ യാത്രയിൽ കോഴിക്കോട്ടുപോയി മാതൃഭൂമി പത്രാധിപർ കെ. പി. കേശവമേനോനേയും, പഴയന്നൂർ രാമപിഷാരോടിയേയും കണ്ടു. അവരും തങ്ങളാൽ കഴിയുന്ന എല്ലാ സഹായസഹകരണങ്ങളും വാഗ്ദത്തം ചെയ്തിട്ടുണ്ട്. തുടർന്നു അന്നുതന്നെ സാമൂതിരി രാജാവിനെ മുഖംകാണിക്കുകയും തിരുമനസ്സുകൊണ്ട് കലാകേന്ദ്രത്തിന്റെ വിജയത്തിന്നുവേണ്ടി സഹായവും ചെയ്യുവാൻ സന്നദ്ധനാണെന്നു അരുളിച്ചെയ്യുകയും ചെയ്തു.

30-1-55ൽ തൃശ്ശൂർ ടൌൺഹാളിൽവെച്ച് തലശ്ശേരി സി. വി. എൻ. കളരിസംഘത്തെ വരുത്തി ഒരു കളരിപ്പയററ് പ്രദർശനം നടത്തുകയും, കലാകേന്ദ്രത്തിന്റെ കീഴിൽ ഒരു 'കളരിപ്പയററ് പരിശീലനക്ലാസ്സ്' കടത്തനാട്ട് ശങ്കരവർമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ട് ഉൽഘാടനം ചെയ്യുകയും ചെയ്തു. പക്ഷെ കലാകേന്ദ്രത്തിന്റെ പരിപാടിഅനുസരിച്ചു പൊട്ടുന്നനവെ ചെയ്തുതീർക്കേണ്ടതായ പല കാര്യങ്ങളും ബാക്കിനിൽക്കുന്നതുകൊണ്ടു വരുന്ന വർഷാരംഭത്തോടുകൂടി "കളരികോഴ്സ്" ആരംഭിക്കാമെന്നു വെക്കേണ്ടിവന്നു.

1954 ഡിസമ്പർ 31-ാംനു- തൃപ്പൂണിത്തുറ സം



തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ വെച്ചുകൂടിയ ശാസ്ത്രസദസ്സ്, എ. വി. എസ്സ്., ആറാവർ, കെ. പി. നാരായണപ്പിഷാരോടി എന്നിവരെ ഇതിൽ കണാം.
അദ്ധ്യക്ഷൻ: പരീക്ഷിത്ത് തമ്പുരാൻ തിരുമനസ്സുകൊണ്ട്.

സ്കൃത കോളേജിൽ വെച്ച് കൊച്ചി പരീക്ഷിത്തു് തമ്പുരാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽകൂടിയ ശാസ്ത്രസദസ്സിൽ ഞങ്ങൾ സംബന്ധിക്കുകയും അവിടെ സന്നിഹിതരായ പണ്ഡിതന്മാരായ പലരേയും പരിചയപ്പെടുകയും കലാകേന്ദ്രത്തിനു ആവശ്യമായ സാഹായ്യങ്ങൾ പലരും ചെയ്തുതരാമെന്നു വാഗ്ദത്തം ചെയ്യുകയും ചെയ്തിട്ടുണ്ട്.

1955 ഫെബ്രുവരിയിൽ കനകക്കുന്നുകൊട്ടാരത്തിൽപോയി പരീക്ഷിത്തു് തമ്പുരാൻ തിരുമനസ്സിനെ മുഖംകാണിക്കുകയും കലാകേന്ദ്രത്തിന്റെ ആദർശങ്ങളേയും ഭാവി പരിപാടികളിൽ കൈക്കൊള്ളുവാൻ ഉദ്ദേശിച്ചിട്ടുള്ള കാര്യങ്ങളേയും സവിസ്തരം ധരിപ്പിക്കുകയും ചെയ്തു. തിരുമനസ്സുകൊണ്ടു കലാകേന്ദ്രത്തിന്നു സാമ്പത്തികമായ സഹായങ്ങൾ കഴിയുന്നതും ചെയ്തുതരാമെന്നും, എന്റെ ചിരകാലാഭിലാഷമാണ് ഇത്തരം പ്രസ്ഥാനങ്ങളുടെ വിജയമെന്നു അഭിപ്രായപ്പെട്ടു.

1955 ജനവരി 26–ാംനു- തിരുവനന്തപുരത്തു



തിരു: കൊച്ചി രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു് എ. വി. എസ്സ്. പണിക്കർക്ക് കൈകൊടുക്കുന്നു.

കവിടിയാർ പേലസ്സിൽ വെച്ച് രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു നടത്തിയ ടീപാർട്ടിയിൽ ക്ഷണാനുസരിച്ചു ഞങ്ങളും സംബന്ധിച്ചു. കലാകേന്ദ്രത്തിൻെറ പ്രവൎത്തനങ്ങളേയും മററും തിരുമസ്സുകൊണ്ടു് അഭിനന്ദിക്കുകയും ഞങ്ങൾക്കു വിജയം ആശംസിക്കുകയുംചെയ്തു.

കലാകേന്ദ്രത്തെ കലവറയില്ലാതെ സ്നേഹിക്കുകയും യഥാകാലം വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകുകയും ചെയ്തുകൊണ്ടിരുന്ന വടക്കാഞ്ചേരി വി. കെ. നാരായണഭട്ടതിരിയുടേയും തിരുവനന്തപുരം ആയുർവേദകോളേജ് പ്രിൻസിപ്പാൾ Dr. വി. കെ. ജി. മേനോൻേറയും കടത്തനാട്ടു് ശങ്കരവൎമ്മതമ്പുരാൻേറയും നിൎയ്യാണംകൊണ്ടു ഈ കൊല്ലത്തിൽ കലാകേന്ദ്രത്തെ സംബന്ധിച്ചിടത്തോളം ഏററവും വേദനാജനകമായ വിപത്താണ് നേരിട്ടതു്. അവരുടെ അഭാവംകൊണ്ടു സംഭവിച്ച നഷ്ടം മററു തരത്തിലും നികത്താവതല്ല. അവരുടെ ആത്മാവിനു നിത്യശാന്തി നേരുന്നതോടൊപ്പം അവരുടെ ചരമദിവസം കലാകേന്ദ്രത്തിനു ഒരു ഒഴിവുദിവസമായി കരുതുവാനും തീരുമാനിച്ചിട്ടുണ്ടു്. 1955 ഫെബ്രുവരി ആദ്യവാരത്തിൽ കൊടുങ്ങല്ലൂർ കോവിലകത്തുപോയി ഗോദവൎമ്മൻതമ്പുരാൻ തിരുമനസ്സിനെ കാണുകയും അദ്ദേഹം എല്ലാവിധത്തിലും കഴിയുന്ന സഹായംചെയ്യുതരാമെന്നു അരുളിചെയ്യുകയുംചെയ്തു.

പുരാതനവും എന്നാൽ നവീനവുമായ ഈ പ്രസ്ഥാനത്തിനു എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുതന്നിട്ടുള്ള മാന്യ സുഹൃത്തുക്കളോടും ഞങ്ങൾക്കുള്ള അകൈതവമായ നന്ദിയെ രേഖപ്പെടുത്തുവാൻ ഈ സന്ദർഭം വിനിയോഗിക്കട്ടെ.

ഡോക്ടർ വി. എൻ. കൃഷ്ണയ്യർ
കെ. വി. നാരായണപ്പിഷാരോടി
ശൂരനാട്ടു് കുഞ്ഞൻപിള്ള
വെള്ളായ്ക്കൽ ഗോവിന്ദമേനോൻ
പ്രൊഫസർ വേലായുധൻനായർ
ഡോക്ടർ കെ. ജി. സാണ്ടം
കടത്തനാട്ടു് ശങ്കരവൎമ്മതമ്പുരാൻ

എന്നിവരുടെ പേരുകൾ എടുത്തുപറയേണ്ടതായി ഇരിക്കുന്നു.

കായികവും ആത്മീയവുമായ താത്വികമൂല്യങ്ങളെ വിസ്മരിക്കയാലോ അഥവാ അവഗണിക്കയാലോ പുരോഗമനമെന്നപേരിൽ അധഃപ്പതിച്ചുകൊണ്ടിരിക്കുന്ന ഭാരതീയ സംസ്കാരത്തെ—ആൎഷ സിദ്ധാന്തത്തിൻെറ വെളിച്ചത്തിൽ കാലാനുകൂലം സമുദ്ധരിക്കുവാനും വ്യക്തിവിശേഷമൊ ഉച്ചനിച മനോഭാവമൊ രാഷ്ട്രീയമായൊ മതപരമായൊ യാതൊരുവക പ്രചാരണോദ്ദേശമോ കൂടാതെ ഓരോ പൌരനും അവരഹിക്കുന്നവിധം ശാസ്ത്രം, സാഹിത്യം, കല എന്നിവയിൽ അറിവും അഭിരുചിയും ഉണ്ടാക്കുവാൻ ഉപകരിക്കണമെന്നു സദുദ്ദേശത്തോടുകൂടി സമാരംഭിച്ചിട്ടുള്ളതാണു ഈ കലാകേന്ദ്രം. അതുകൊണ്ടു ആൎഷസംസ്കാരത്തെ മാനിക്കുന്ന ഓരോരുത്തരുടേയും സഹായ ഹസ്തങ്ങൾ ഈ കലാകേന്ദ്രത്തിനു ചുമതലപ്പെട്ടവരാണെന്നു ഞങ്ങൾ ദൃഢമായും വിശ്വസിക്കുകയും അതിനു എല്ലാവരും ആത്മാൎത്ഥതയോടുകൂടി മുന്നിട്ടു വരുമെന്നും, വരണമെന്നും, ആശിക്കുകയും, അഭ്യൎത്ഥിക്കുകയുംചെയ്യുന്നു.

വിശിഷ്യ,

ആററൂർ കൃഷ്ണപ്പിഷാരോടി

കാൎയ്യദർശി

എം. ഡി. കറപ്പു്.

# ATOMIZATION OF ELEMENTS.

DR K K RAMDAS. PH. D SC.

Ayurveda Shastry

The universe is created with five elements known as earth, water, fire, air ether. All bodies are existing with the fixed combination of five elemets. If any of the elements is absent the person cease to live. The grass; plants' trees, insects, birds, animals, human beings, etc are all living by the fixed and proportionate union of these elements.

Each of these elements has its own effects of understanding power. The skin for the earth by touch, the tongue for the water by taste, the eyes for the fire by sight, the nose for the air by smell and the ears for the ether by sound Also each of them has its own alphabetcal code euphemized in vedanta philosophy i.e. na, ma, si, va, ya with the colours of gold silver, copper, iron and zinc respectively.

The fixed proportions of these elements in the creantion of the bodies are: earth 1, water $1\frac{1}{4}$, fire 1, air $\frac{3}{4}$ and ether $\frac{1}{2}$ The increase or decrease of any of these elements in the proportion of the structure of the body is the cause of the disease. Each element contains the proportionate minormost parts of all other elements. But the predomination to the effect is only the principal one.

The Sidhas who were accustomed to live without any solid food for several years in deep breathing with concentration in shadadharas converted their bodies lighter than air were in phenomena of visiting various places of the univeorse instantaniously floating through the air waves in thought fasts. Their mysterious powers of contracting the bodies to the form of the smallest particles (Animav) were in vogue in them for such wonderful actions

Metempsychosis was only a hobby to them. The great Rishis who were exalted in foresights have recorded each and every secrets from begining to end, which the present generation do not take any risk to research and realise. These sidhas were able to metamorphose themselves also into atoms, and tresspass out of any and all sorts of strongest obstructive seclusions. If such saints were kept in the iron barred prisons, iron boxes, pits or caves,—say any sort of thickest and hardest vessels tightly and closely covered and locked, they go out a once atomizing themselves to any distance of thoughts and then reform the former state of bodies.

The sheer materialists sunk in fashion and rationalism will not reach to the enlightment of self, nor realise the spiritual secrets which are beyond the region of reasons of ordinary educationalists. Their thoughts and searches in rational views reach only to a certain sphere of knowedge of the nature, and the knowledge so gained is expressed by them thinking to the beneficial understanding of the philosophic students causes to widen their knowedge only in materialism.

The great philosophers dive into the ocean of knowledge to find out the depth and width of it, where they end themselves without any returns. Similarly the yogis sunk in the ocean of light looking the debth

and width of ihe same never return nor send any returns, but unite with the infinite soul as pieces of ice unite with the ocean.

The atomic energy invented by the great scientists of the world is intended mainly with a view for the destruction of the enemy countries in war. The yogis of yore were themself atomists copable of destructing and reconstructing all that are destructed in a glauce of thought or a word. They were not in need of the assistance of any of the instruments for the performance of such phenomena. Those supernatural men have never used such energies for the purpose of destruction.

The occidental educaticnalists, greater and greatest degree holders, novelists and novel readers generally all rich and poor are in toxin to the nocturne, being proud of themselves diminish ignoring the glory of power latent in them. They are only intrested in the external light and decorated idols and speak high of them. A yogi sidha or sadhw sometimes appears to be a vagaboud before the luxurious millionaires or rulers begging for some alms may be an atomist. Great men are always back in pomposity. They always conceal their greatness in self and roam about as beggers behavidg as childrn.

About three hundred years ago when a saint (sidha) called "Gunamkuti Mastan" was roaming about in South India with other sanyasins, they all were caught by the police suspecting them to be thieves and kept in prisons. Soon after the prison was locked the saint "Gunamkuti Mastan" came out of it singing a few stanzas in tamil calling his comrades inside the prison bars to come out if possible. They were not sidhas, hence could not come out. The police authorities immediatelyr released others and prostrated at the feet of that Great Guru and prayed to parden them for their ignorance done. That Great Guru was all in all.

It was with the atomization of elements the saint came out of the locked prison. There are several records of sidhas whe have shown great wonders. Any body who is pure in his actions, thoughts and words, and concentrate in self-controlling the desires wll reach to the cap of purity, becomes fit to the pratice of the atomism. Gradual breathing exercise also must be in regular practice with concentration to attain the sidhies.

The Sidhas called Anubhogar, Agastiar Pulastiar, Karuvarar, Chattamuni, Kuthambai, Pampatti, Ramadevar, Korakkar, Konkanar, Sundarmandar, Brahmamunivar, Sankamunivar, Matsia Munivar, Kamalamunivar Nandisar, Romarishi, Pinnakkisar, Azhukanni Sidhar, Tirumular, Itakkattu Sidhar and Tiruvalluvar were the few saints among such Great atomists.